www.malankaralibrary.com

SINCE 1976

# ഐക്യദീപം

വില 10

2021 സെപ്റ്റംബർ-ഒക്ടോബർ



## ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്ത

## കാരുണ്യത്തിന്റെ ഹൃദയമുള്ള നല്ല സമരിയാക്കാരൻ

www.malankaralibrary.com

# അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ കബറടക്ക ദൃശ്യങ്ങൾ













www.malankaralibrary.com



2021 സെപ്റ്റംബർ – ഒക്ടോബർ
പുസ്തകം 52 ലക്കം 18

# ഐക്യദീപം

## ഉള്ളടക്കം

ബർണബാസ് തിരുമേനിയെക്കുറിച്ച് ബാവാതിരുമേനി നടത്തിയ അനുസ്മരണം ...... 04

ഇടയശബ്ദം ...... 07
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

കാരുണ്യത്തിന്റെ ഹൃദയമുള്ള നല്ല സമറിയാക്കാരൻ ...... 11
ഫാ. ഡോ. ഐസക് പറപ്പള്ളിൽ

എക്യുമെനിസവും പുനരൈക്യവും ...... 16
ഫാ. രഞ്ജിത്ത് ആലുങ്കൽ

സഭൈക്യവും പ്രോത്സാഹിപ്പിക്കപ്പെടേണ്ട എക്യുമെനിക്കൽ കൂട്ടായ്മകളും ...... 19
ഫാ. ജോർജ്ജ് തേക്കടയിൽ

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ പുനരൈക്യ മഹാരഥന്മാർ ...... 23
ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ

കത്തോലിക്കാസഭയിലെ വികസന ഇടപെടലുകളിലെ പ്രേഷിതത്വം ...... 28
ഫാ. ജോർജ് വെട്ടിക്കാട്ടിൽ

ആതുരശുശ്രൂഷ മലങ്കര കത്തോലിക്കാസഭയിൽ ...... 33
സി. ഡോ. ആൻസലെറ്റ് ഡി. എം

കത്തോലിക്കാസഭയും വിദ്യാഭ്യാസ മേഖലയും ...... 37
ശ്രീ. ഷാജി തേലപ്പുറത്ത്

സഭയുടെ മാധ്യമ ശുശ്രൂഷയും ഡിജിറ്റൽ ലോകവും ...... 41
ഫാ. ഡോ. എബ്രഹാം ഇരിമ്പനയ്ക്കൽ

മലങ്കര ആരാധനക്രമവും ആരാധനക്രമ സംഗീതവും ...... 43
ഫാ. ഡോ. ഐസക് പറപ്പള്ളിൽ

എന്റെ സഭ എന്റെ അഭിമാനം — ഫാ. സ്റ്റീഫൻ തടത്തിൽ ...... 51
എന്റെ സഭ എന്റെ അഭിമാനം — സി. ക്ലെയർ എസ്.ഐ.സി ...... 52
എന്റെ സഭ എന്റെ അഭിമാനം — അന്ന സി ബിജു, ചക്രശ്ശേരിൽ ...... 53
എന്റെ സഭ എന്റെ അഭിമാനം — ജിനു തോമ്പുംകുഴി ...... 54
എന്റെ സഭ എന്റെ അഭിമാനം — മറിയം റ്റി തോമസ് ...... 55

മദർ തെരേസ – ദൈവസ്നേഹത്തിന്റെ സന്ദേശവാഹക ...... 56
സി. മരിയ ഫ്രീഡ

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

സർക്കുലേഷൻ മാനേജർ & കോ-ഓർഡിനേറ്റർ
**ഫാ.ജെറോം പുളിക്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. UBIN0811017
SWIFT CODE : ANDBINBB

Printed at :
Mangalam Webmedia, Kottayam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com


www.malankaralibrary.com

**കാലം ചെയ്ത അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയെക്കുറിച്ച്, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ നടത്തിയ അനുസ്മരണം**

ദൈവത്തിന്റെ തിരുനാമത്തിന് സ്തുതിയുണ്ടായിരിക്കട്ടെ മലങ്കര സുറിയാനി കത്തോലിക്കാകുടുംബത്തിലെ ഏറ്റം പ്രിയമുള്ളവരെ, സ്നേഹിതരേ,

നമുക്കെല്ലാവർക്കും ഏറെ ദുഃഖവും വേദനയും ഉളവാക്കിക്കൊണ്ട് നമ്മുടെ സഭയുടെ സെന്റ് ജോൺ ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജേക്കബ് മാർ ബർണബാസ് തിരുമേനി നമ്മിൽനിന്ന് വേർപെട്ട് സ്വർഗ്ഗത്തോട് ചേർന്നുവല്ലോ. വന്ദ്യ പിതാവിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. സ്വർഗ്ഗത്തിന്റെ വലിയ അനുഗ്രഹം, ദൈവതിരുസാന്നിധ്യത്തിന്റെ ഏറ്റം സ്ഥിരീകരിക്കപ്പെട്ട അനുഭവം വന്ദ്യപിതാവിന് ദൈവം നല്കി മഹത്വീകരിക്കുമാറാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ എളിയ ശുശ്രൂഷി എന്ന നിലയിൽ പിതാവിന്റെ ദേഹവിയോഗത്തിൽ മനസ്സാ വേദനിക്കുന്ന സഭയിലെ എല്ലാവരോടുമുള്ള ബന്ധവും പ്രാർത്ഥനയും ഹൃദയപൂർവ്വം അറിയിക്കുന്നു. വന്ദ്യ പിതാവ് ശുശ്രൂഷിച്ച ഡൽഹി-ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റം ഭദ്രാസനത്തിലെ എല്ലാ പ്രിയപ്പെട്ട വൈദികസഹോദരങ്ങളോടും സമർപ്പിതരോടും പ്രിയപ്പെട്ട കുടുംബങ്ങളോടും സഭയുടെ ബന്ധവും സ്നേഹവും കൂട്ടായ്മയും അനുശോചനവും ഞാൻ അറിയിക്കുന്നു. വന്ദ്യ ബർണബാസ് തിരുമേനിയുടെ വത്സല മാതാവിനോടും സഹോദരന്മാരോടും സഹോദരിമാരോടും കുടുംബാംഗങ്ങളോടും സഭയുടെ ബന്ധവും പ്രാർത്ഥനയും അറിയിക്കുന്നു. നിങ്ങൾ നല്കിയ ഈ വലിയ സമർപ്പണം സഭയുടെ ശ്ലൈഹിക ശുശ്രൂഷയായി വളരുന്നതിന് ദൈവംതമ്പുരാൻ തിരുമനസ്സായി. അവിടുത്തെ തീരുമാനത്തിൽ അത് വർത്തമാനമായി, നിലത്തുവീണ് അഴിഞ്ഞ ഗോതമ്പുമണിപോലെയും, ഉരുകിയെരിഞ്ഞ് പ്രകാശം നല്കിയ മെഴുകുതിരിപോലെയും അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ സുവിശേഷത്തിന്റെ സാക്ഷ്യം നല്കിയെന്നതിൽ കുടുംബാംഗങ്ങളോടും സഭാമക്കളോടും ചേർന്ന് ഞാൻ ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.



എല്ലാ മനുഷ്യർക്കും സുവിശേഷത്തിന്റെ പരിമളം സമർത്ഥമായി എത്തിക്കുന്നതിൽ അഭിവന്ദ്യ പിതാവ് ഏറെ ശ്രദ്ധവച്ചു. തനിക്ക് പരിചയമില്ലാതിരുന്ന ഒരു സ്ഥലത്തേക്ക് നിയോഗിക്കപ്പെട്ടപ്പോഴും, അത് വലിയ ചുമതലാബോധത്തോടുകൂടിയും ദൈവിക വിചാരത്തോടുകൂടിയും അദ്ദേഹം നിർവ്വഹിച്ചു. സകല മനുഷ്യരോടും അടുപ്പം കാണിച്ച ഈ അമരക്കാരൻ, ഈ ശ്ലൈഹിക ശുശ്രൂഷി, ദൈവരാജ്യത്തിന്റെ പ്രചാരകൻ, സുവിശേഷത്തിന്റെ കാവലാൾ – എന്ത് പ്രത്യേകതയാണ് നമുക്ക് നല്കിയത് എന്നതാണ് നമ്മെ അദ്ദേഹത്തോട് കൂടുതൽ ചേർത്ത് നിർത്തുന്നത്. ഹൃദയങ്ങളുടെ അടുപ്പം സൂക്ഷിച്ച ഈ ശ്ലൈഹിക നേതൃത്വം, ഈ അമരക്കാരൻ നമുക്ക് നല്കുന്ന പാഠം സുവിശേഷം ജീവിക്കുന്നതിന്റെ ആനന്ദമാണ്. പിതാവ് ഏറ്റം സജീവമായി രംഗത്ത് വരുന്നത്, ഏറ്റം ഒടുവിലായി നാം പിതാവിനെ കാണുന്നത്, നെബ്സരായ് സെന്റ് മേരീസ് കത്തീഡ്രലിന്റെ മുമ്പിൽ ആയിരക്കണക്കിന് ആളുകൾ ക്യൂ നിൽക്കുന്നതിന്റെയിടയിൽ വിശക്കുന്നവന് അപ്പം വിതരണം ചെയ്യുന്ന ഇടയശ്രേഷ്ഠനായിട്ടാണ്. 'എന്റെ അയൽക്കാരും സഹോദരങ്ങളും വിശന്നിരിക്കുമ്പോൾ എനിക്ക് ഭക്ഷണം ഇറങ്ങില്ല' എന്ന് പിതാവ് പങ്കുവച്ചത് സുവിശേഷത്തിന്റെ വലിയ ആത്മബന്ധമാണ്. അക്ഷരാർത്ഥത്തിൽ ആയിരക്കണക്കിന് ആളുകൾ പിതാവിന്റെ കരങ്ങ

ളിൽനിന്ന് നേരിട്ട് ഉച്ചഭക്ഷണപ്പൊതി വാങ്ങിച്ചു കൊണ്ടുപോകുമ്പോൾ ജയ് യേശു, യേശുക്രിസ്തുവിന് സ്തുതി എന്ന് ഹൃദയത്തിൽനിന്നും അധരത്തിൽനിന്നും വരുന്ന വാക്കുകൾ അദ്ദേഹത്തെ സന്തോഷഭരിതനാക്കിയിട്ടുണ്ട്. അത് ഒരു കീഴടക്കലിന്റെ സന്തോഷമല്ല, സുവിശേഷത്തിന്റെ പരിമളം പരത്തുന്നതിന്റെ ആത്മസംതൃപ്തിയായിരുന്നു. അഭിവന്ദ്യ ബർണബാസ് തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വടക്കൻ പ്രദേശങ്ങളിലെ, ഡൽഹി കേന്ദ്രമാക്കിയുള്ള 22 ഓളം സംസ്ഥാനങ്ങളിലെ പ്രേഷിത ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ട ഇടയശ്രേഷ്ഠനാണ്. പിതാവ് ഉത്തരേന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും തന്റെ സുവിശേഷസമർപ്പണം നടത്തി, മലങ്കരസഭയുടെ സാന്നിധ്യം, സുവിശേഷത്തിന്റെ സാന്നിധ്യമായി ആ പ്രദേശങ്ങളിലെല്ലാം അറിയിച്ചു. മലങ്കരസഭയെ അറിയാതെയിരുന്ന മണ്ണിലും മനസ്സിലും ഈ അമരക്കാരൻ അടുപ്പം സൃഷ്ടിച്ചു. പുതിയൊരു ഭാഷാരീതിയും പുതിയൊരു ആരാധനാസമീപനവും ശൈലിയുമെങ്കിലും, പിതാവിനോടുള്ള അടുപ്പം ഈ ആരാധനയോട് അവിടെയുള്ളവരെ കൂടുതൽ വേഗത്തിൽ ചേർത്തുനിർത്തി എന്നത് സത്യമാണ്. ഉത്തരേന്ത്യയിലെ വിവിധ ഭാഷകളിൽ മലങ്കരസഭയുടെ ആരാധനക്രമം വിവർത്തനം ചെയ്ത്, അവിടെ പ്രാർത്ഥനകൾ ഉയരുന്നത് ഈ അമരക്കാരന്റെ അടുപ്പം എന്ന സുവിശേഷതത്വം കൊണ്ടാണ്.

പിതാവ് കൊളുത്തിവച്ച ചിരാതിലെ വെളിച്ചം ഇന്ന് ചന്ദ്രനിലേക്കും, ചന്ദ്രനിലൂടെ സൂര്യനിലേക്കും, തിരികെ സൂര്യൻ ചന്ദ്രനിലേക്കും, ചന്ദ്രൻ നമ്മിലേക്കും തിരിയുന്നതുപോലെ ഒരു ചക്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ദൈവത്തിന് സ്തുതിയും നന്ദിയും കരേറ്റുന്നു. ഈ നാളുകളിൽ മലങ്കരസഭയുടെ കെടാവിളക്കായി, ചിരാതായി, പ്രകാശഗോപുരമായി, അറിയപ്പെടാത്ത മണ്ണിലേക്കും മനസ്സിലേക്കും സുവിശേഷത്തിന്റെ സന്ദേശവുമായി പിതാവ് കടന്നു ചെന്നപ്പോൾ മാർ ഈവാനിയോസ് തിരുമേനിയുടെ, 'ഭാരതം മുഴുവൻ സുവിശേഷം എത്തിക്കുക'യെന്ന കല്പനയ്ക്ക് സജീവമായ പ്രത്യുത്തരമായി അത് മാറുകയായിരുന്നു. സുവിശേഷത്തിന്റെ ഊർജ്ജസ്വലനായ ഒരു കാവൽക്കാരനും പ്രചാരകനുമായി പിതാവ് വ്യാപരിച്ചതിനോട് ഏറ്റം അടുത്തു നില്ക്കുവാൻ എളിയവനായ എനിക്ക് കഴിഞ്ഞിട്ടുണ്ട്. പിതാവിന്റെ ആവേശവും, പിതാവിന്റെ പ്രചോദനവും, ഈ വിഷയത്തിലുള്ള പിതാവിന്റെ ആത്മസമർപ്പണവും സഭയുടെ നാമത്തിൽ ഹൃദയപൂർവ്വം നന്ദിയോടെ ഞാൻ ഓർക്കുന്നു. തുറന്ന മനസ്സോടുകൂടി പിതാവിനെ ഈ മേഖലയിൽ സാധിക്കുന്ന വിധത്തിൽ എല്ലാ പ്രോത്സാഹനവും നല്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. 'മിഷനറി ബിഷപ്പ്' എന്ന് ഈ കാഷായ വസ്ത്രധാരിയെ, നമ്മുടെ പിതാവിനെ, മറ്റുള്ളവർ വിളിക്കുമ്പോൾ, ആ വിളിരൂപം കേൾക്കുമ്പോൾ അതിലൂടെ ലഭിച്ചിട്ടുള്ള ഒരു ആത്മസംതൃപ്തിയുണ്ട്. ദൈവം നടത്തി, ദൈവം എടുത്ത് ഉപയോഗിച്ചു, ദൈവം കെടാവിളക്കായി ഇന്നും സൂക്ഷിക്കുന്നു. ഡൽഹിയിലും പരിസര പ്രദേശങ്ങളിലും 'പ്രചോദന' എന്ന പേരിൽ ഭദ്രാസനത്തിന്റെ ജീവകാരുണ്യ സംരംഭത്തിലൂടെ ഭദ്രാസനത്തിന്റെ സാമൂഹിക പ്രതിബദ്ധത പ്രകടമാക്കി. ജാതി-മത-രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി എല്ലാവരും ദൈവമക്കൾ (God's own people) എന്ന അർത്ഥത്തിൽ പിതാവ് ഒരു വലിയ മുന്നേറ്റം നടത്തി.

'ഞങ്ങൾക്ക് വിശക്കുന്നു പിതാവേ, വഴിയിലേക്കിറങ്ങിയാൽ പോലീസ് ലാത്തിവച്ചു തല്ലും, കോവിഡിന്റെ നിയന്ത്രണമുണ്ട്' എന്ന ആളുകളുടെ നിലവിളി കേട്ട മാത്രയിൽ പ്രചോദനയുടെ വാഹനം ഭക്ഷണപ്പൊതികളുമായി ആ പ്രദേശത്തേക്ക് വേഗത്തിൽ നീങ്ങി. അമരക്കാരന്റെ മനുഷ്യരോടുള്ള അടുപ്പം, ദാരിദ്ര്യമനുഭവിക്കുന്നവരോടുള്ള ഹൃദയത്തിന്റെ അടുപ്പം, വാഹനത്തിനും വേഗത നല്കി. പിതാവിനോടൊപ്പം ഒറീസ്സായിലെ പല മിഷൻ കേന്ദ്രങ്ങളിലും, ആസാമിലെ മിഷൻ കേന്ദ്രങ്ങളിലും സന്ദർശിക്കുന്നതിന് എനിക്ക് ഇടയായിട്ടുണ്ട്. ഒരു ഭാഷയും സംസാരിക്കാതിരുന്ന ഒരു സ്ഥലത്തെ അനുഭവം ഞാൻ ഓർക്കുന്നു. അവരുടെ ഭാഷ ഞങ്ങൾക്ക് ആർക്കും പിടികിട്ടിയില്ല. നമ്മൾ പറയുന്ന ഭാഷയും അവർക്ക് മനസ്സിലാകുന്നില്ല. എന്നാൽ ഒരു ഹല്ലേലുയ്യായും ഒരു Praise the Lord ഉം പറഞ്ഞപ്പോൾ വനത്തിനടുത്തും വനത്തിലും താമസിക്കുന്ന ആ ജനം ഒരു അന്തർദേശീയ ഭാഷപോലെ Praise the Lord ഉം ഹല്ലേലുയ്യായും പറഞ്ഞ് ചാടി എഴുന്നേറ്റ അനുഭവം ഞാൻ ഓർക്കുന്നു. അതേ, സുവിശേഷത്തിന് ഭാഷയുടെ തടസ്സമില്ലല്ലോ, ശ്ലൈഹിക ശുശ്രൂഷയ്ക്ക് തടസ്സമാകാനും പാടില്ലല്ലോ. പിതാവ് ഈ അടുപ്പം കാണിച്ചു. തടസ്സങ്ങളെയെല്ലാം മാറ്റി, സുവിശേഷം വ്യാപിപ്പിക്കുന്നതിന് അനുകൂലമായ കാര്യങ്ങളിലേക്ക് പിതാവ് ശ്രദ്ധ തിരിച്ചു. പരിമിതമായി ഉണ്ടായിരുന്ന സഹപ്രവർത്തകരും സംവിധാനങ്ങളുമെല്ലാം സുവിശേഷത്തിന്റെ വളർച്ചയ്ക്ക് പൗലോസ് അപ്പസ്തോലനോട് ചേർന്ന് പിതാവ് ഉപയോഗിച്ചു. എനിക്ക് സംഭവിച്ചതെല്ലാം സുവിശേഷത്തിന്റെ വളർച്ചയ്ക്കെന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ പിതാവിന് വലിയ ശക്തി പകർന്നിട്ടുണ്ട്.

പ്രിയ സഭാമക്കളെ, പ്രിയ സ്നേഹിതരേ, ഈ വത്സല പിതാവ് നമ്മിൽനിന്ന് വേർപെട്ട് ദൈവഭവനത്തിലേക്ക് യാത്ര ചെയ്ത് നിത്യവാസത്തിനായി വിളിക്കപ്പെട്ടിരിക്കുമ്പോൾ ദൈവം തന്റെ ഭക്തർക്കായി, തന്റെ മനസ്സറിഞ്ഞ്

www.malankaralibrary.com

പ്രവർത്തിക്കുന്നവർക്കായി, ജീവന്റെ വഴിയെ നടക്കുന്നവർക്കായി, സുവിശേഷത്തെ ഗൗരവമായി എടുക്കുന്നവർക്കായി നല്കിയിട്ടുള്ള വാഗ്ദാനം 'എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ഞാനായിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനുമായിരിക്കും' എന്നതാണ്. ബാക്കിയെല്ലാം അർത്ഥവത്തായി നടപ്പിലാക്കുകയും, കർത്താവ് പറഞ്ഞ ഈ വാക്യങ്ങളും വാഗ്ദാനങ്ങളും നടപ്പിലാകാതെയിരിക്കുകയും ചെയ്യും എന്ന ഒരു അബദ്ധ ധാരണ നമുക്ക് ആവശ്യമില്ലല്ലോ. വെള്ളത്തെ വീഞ്ഞാക്കിയവൻ മാത്രമല്ല, സത്യമായ വാഗ്ദാനം നല്കിയവനും നമ്മുടെ കർത്താവുതന്നെയാണ്. കർത്താവു പറയുന്നു; ജീവന്റെ വഴിയെ സഞ്ചരിച്ചവർക്ക്, എന്റെ ശരീരം ഭക്ഷിച്ചവർക്ക്, എന്റെ രക്തം പാനം ചെയ്തവർക്ക്, സുവിശേഷത്തിന്റെ അർത്ഥം ഗ്രഹിച്ചവർക്ക്, പിതാവിന്റെ ഇഷ്ടം നിറവേറ്റിയവർക്ക്, എന്നിൽ വിശ്വസിച്ചവർക്ക് നിത്യജീവനുണ്ട്. മരിച്ചാലും അവർ ജീവിക്കും. ഞാൻ എവിടെയാണോ അവിടെ എന്റെ ശുശ്രൂഷകനുമായിരിക്കും. സംശയിക്കുവാൻ ഇടം കൊടുക്കാത്ത കർത്താവിന്റെ വാഗ്ദാനം ബർണബാസ് പിതാവിൽ നിറവേറുകയാണ്.

കർത്താവ് വിളിച്ചിരിക്കുന്നത് കർത്താവ് ഇരിക്കുന്നിടത്തേക്ക്, ആ ഇരിപ്പിടത്തോട് ചേർന്നിരിക്കാനാണ്. ആ ഭാഗ്യം സ്വർഗ്ഗം നല്കി അനുഗ്രഹിക്കട്ടെ. വന്ദ്യ പിതാവിനോടൊപ്പം പഠിക്കുന്നതിന് എനിക്ക് ഭാഗ്യം ഉണ്ടായി. അഭിവന്ദ്യരായ യൗസേബിയോസ് തിരുമേനിയും, മക്കാറിയോസ് തിരുമേനിയും, ബർണബാസ് തിരുമേനിയും ഞാനും പൂനെ പേപ്പൽ സെമിനാരിയിൽ ദൈവശാസ്ത്രം പഠിച്ചവരാണ്. പിന്നീട് ഞങ്ങൾ റോമിലും ഒരുമിച്ച് പഠിച്ചു. ഇവരെല്ലാവരും ചേർന്ന് ഒരുമിച്ചുള്ള നല്ല കാലത്തെ ഓർക്കുന്നു. 2007 ൽ അദ്ദേഹത്തെ ശ്ലൈഹിക ശുശ്രൂഷയിലേക്കു മെത്രാനായി അഭിഷേകം ചെയ്യുന്നതിനുള്ള വലിയ അനുഗ്രഹവും ഭാഗ്യവും സഭാദ്ധ്യക്ഷനെന്ന നിലയിൽ എനിക്ക് കൈവന്നത് ഏറെ ഹൃദയവായ്പോടുകൂടി ഞാൻ ഓർക്കുന്നു. ഇടയശുശ്രൂഷയിലേക്ക് ആദ്യമായി അഭിഷേകം ചെയ്തത് ഈ പിതാവിനെയാണ് എന്നത് അദ്ദേഹത്തോട് എന്നെ ഏറെ അടുത്തു നിർത്തുന്നു. ഭദ്രാസനാധിപനായി നിയമിക്കുമ്പോഴും രൂപതയുടെ ശുശ്രൂഷകളെക്കുറിച്ച് വിശദമായി സംസാരിക്കുമ്പോഴുമെല്ലാം ഈ മിഷനറി ബിഷപ്പ് വലിയ അടുപ്പം സൂക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും വത്സല മാതാവും പരേതനായ പിതാവും നല്കിയിട്ടുള്ള, നല്കുന്ന വലിയ സ്നേഹം ഞാൻ പ്രത്യേകം ഈ സമയം ഓർക്കുന്നു.

ബഥനി ആശ്രമാംഗമായി വളർന്ന്, സന്യാസത്തിന്റെ വലിയ നിഷ്ഠാജീവിതത്തിലൂടെ ക്രിസ്തീയ ജീവിതത്തിന്റെ അനുഭവത്തിലേക്ക് പടിപടിയായി അദ്ദേഹം പ്രവേശിച്ചു. ബഥനി ആശ്രമത്തോട് സഭയ്ക്കുള്ള വലിയ സ്നേഹവും കൃതജ്ഞതയും ഞാൻ ഈ സമയം അറിയിക്കട്ടെ. ഡൽഹിയിൽ പിതാവിന്റെ ശുശ്രൂഷയിൽ സഹായിച്ചിട്ടുള്ള അനേകരുണ്ട്. അവരെയെല്ലാവരെയും ഞാൻ ഓർക്കുന്നു. പിതാവിന്റെ ശുശ്രൂഷകരായി, സഹകാരികളായി കൂടെനിന്ന ബഹുമാനപ്പെട്ട വൈദികർ - വലിയ ഉത്തരവാദിത്വമാണ് പിതാവിനോടൊപ്പം അവർ ഏറ്റെടുത്തത്. അവരുടെ ആത്മസമർപ്പണത്തിന്, സന്യാസി-സന്യാസിനികളുടെ ആത്മസമർപ്പണത്തിന്, കൂടെനിന്ന് പ്രാർത്ഥിച്ചതിന് ഏറെ നന്ദി. ഡൽഹി ഭദ്രാസനത്തിലെ നമ്മുടെ പ്രിയപ്പെട്ട അല്മായർ, കുടുംബാംഗങ്ങൾ എന്നിവരോടും, സഭയുടെ സ്നേഹവും ബന്ധവും നന്ദിയും ഞാൻ അറിയിക്കുന്നു. ഏറെ ക്ലേശകരമായ കാര്യങ്ങളിലൊക്കെ ഭദ്രാസനത്തിലെ അല്മായ സമൂഹം പിതാവിനോടൊപ്പം നിന്നത് ഞാൻ ഓർക്കുന്നു. സീറോ മലബാർ സഭയിലെയും ലത്തീൻസഭയിലെയും പ്രത്യേകിച്ച് ഡൽഹി അതിരൂപതാദ്ധ്യക്ഷനായ ആർച്ചുബിഷപ്പ് അനിൽ കൂട്ടോ തിരുമേനിയും, ഡൽഹി അതിഭദ്രാസനവും നല്കിയിട്ടുള്ള വലിയ സേവനങ്ങൾക്കും സാഹോദര്യത്തിനും നന്ദി പറയുന്നു. പ്രത്യേകിച്ച്, ബർണബാസ് പിതാവ് ഏകദേശം മൂന്ന് മാസത്തോളം ചികിത്സയിലായിരുന്ന ഹോളി ഫാമിലി ഹോസ്പിറ്റലിലെ ഡയറക്ടർ ബഹുമാനപ്പെട്ട ജോർജച്ചൻ, അവിടെയുള്ള ഡോക്ടേഴ്സ് എന്നിവർ നല്കിയിട്ടുള്ള വലിയ കരുതൽ, നിസ്വാർത്ഥമായ സേവനം നന്ദിയോടുകൂടി സഭയുടെ നാമത്തിൽ ഓർക്കുന്നു.


ഭാഗ്യവാനായ പിതാവേ, അങ്ങ് സമാധാനത്തോടുകൂടെ പോവുക. അങ്ങാകുന്ന കെടാവിളക്കിൽ പ്രകാശത്തിന്റെ ഉടയവൻ കൊളുത്തിവച്ച ദീപം ഡൽഹി ഭദ്രാസനത്തിന്റെയും സഭ മുഴുവന്റെയും എല്ലാ പ്രദേശങ്ങളിലേക്കും പരിശുദ്ധാത്മാവ് കെടാവിളക്കായിത്തന്നെ കൊണ്ടുപോകും. അങ്ങ് ഞങ്ങൾക്കുവേണ്ടി ദൈവപിതാവിനോട്, നമ്മുടെ കർത്താവിനോട്, ചേർന്നുനിന്ന് പ്രാർത്ഥിക്കണമേ. പരിശുദ്ധ ദൈവമാതാവും വിശുദ്ധരും അങ്ങയുടെ ഒപ്പമുണ്ടല്ലോ. മലങ്കര സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കണമേ എന്ന് ഞാൻ പ്രത്യേകമായി അപേക്ഷിക്കുന്നു. പിതാവിന്റെ ശുശ്രൂഷകളെയെല്ലാം മലങ്കര സുറിയാനി കത്തോലിക്കാസഭ കൃതജ്ഞതയോടെ ഓർക്കുന്നു. ദൈവം തന്നു, ദൈവം എടുത്തു. ദൈവത്തിന്റെ തിരുനാമത്തിന് എന്നും മഹത്വമുണ്ടായിരിക്കട്ടെ. ആമ്മേൻ

(കടപ്പാട് : മലങ്കര കാത്തലിക് ടിവി)

www.malankaralibrary.com



# ഇടയശബ്ദം



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

## കാലം ചെയ്ത ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലിത്ത

തിരുവല്ല അതിഭദ്രാസനത്തിൽ റാന്നി കരികുളം ഇടവകയിൽ ഏറത്ത് കുടുംബത്തിൽ ഗീവർഗീസ്-റേയ്ച്ചൽ ദമ്പതികളുടെ പ്രഥമ സന്താനമായി 1960 ഡിസംബർ മാസം 3-ാം തീയതി വന്ദ്യ പിതാവ് ജനിച്ചു. ചാക്കോ എന്ന മാമോദീസാ പേരിലും മോനച്ചൻ എന്ന വിളിപ്പേരിലും അറിയപ്പെട്ടു. ചെറുപ്പം മുതൽതന്നെ ദൈവിക കാര്യങ്ങളിലും വി. കുർബാനയിലും പ്രാർത്ഥനയിലും തല്പരനായിരുന്നു. ഒരു സന്യാസ വൈദികൻ ആകുവാൻ ആഗ്രഹിക്കുകയും അതിൻപ്രകാരം തന്റെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1975 ജൂൺ മാസം 16 ന് കോട്ടയം ബഥനി ആശ്രമത്തിൽ ചേരുകയും ചെയ്തു. തന്റെ രൂപീകരണകാലം പൂർത്തീകരിച്ച് 1986 ഒക്ടോബർ മാസം 2 ന് ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് സഭയുടെയും ആശ്രമത്തിന്റെയും വിവിധ മേഖലകളിൽ ശുശ്രൂഷ നിർവ്വഹിച്ച ചാക്കോ ഏറത്തച്ചൻ ഉപരിപഠനത്തിനായി റോമിലേക്ക് പോവുകയും ധാർമ്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കുകയും ചെയ്തു. പണ്ഡിതനായ അദ്ധ്യാപകനും, നലം തികഞ്ഞ ദൈവശാസ്ത്രജ്ഞനുമായി മാറിയ ചാക്കോ ഏറത്തച്ചൻ പൂനെ ബഥനി ആശ്രമത്തിന്റെ റെക്ടറായും, ജ്ഞാനദീപ വിദ്യാപീഠത്തിലെ ധാർമ്മിക ദൈവശാസ്ത്രവിഭാഗത്തിന്റെ തലവനായും, വിവിധ സെമിനാരികളിൽ അദ്ധ്യാപകനായും പ്രവർത്തിച്ചു. ചാക്കോ ഏറത്തച്ചന്റെ ഭരണനിപുണത തിരിച്ചറിഞ്ഞ ബഥനി സന്യാസ സമൂഹം ഇദ്ദേഹത്തെ ബഥനി നവജ്യോതി പ്രോവിൻസ് രൂപീകൃതമായപ്പോൾ അതിന്റെ ആദ്യ പ്രോവിൻഷ്യലായി നിയമിച്ചു. 2007 ഫെബ്രുവരി മാസം 7-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാസഭ ബാഹ്യകേരള മിഷനുകളുടെ അപ്പസ്തോലിക വിസിറ്റേറ്റർ ആയി പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ മാർപാപ്പ നിയമിച്ചു. 2007 മാർച്ച് മാസം 10-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ചാക്കോ ഏറത്തച്ചനെ ജേക്കബ് മാർ ബർണബാസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മിഷൻ ചൈതന്യം പൂർണ്ണമായി മനസ്സിലാക്കിയ വന്ദ്യ പിതാവ് ഇന്ത്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള ദൗത്യം ഏറ്റെടുത്തുകൊണ്ട് തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

നമ്മിൽനിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിന്റെ ഓർമ്മകൾക്കു മുമ്പിൽ എന്റെ ശിരസുകളെ ഞാൻ നമിക്കുന്നു. വന്ദ്യ പിതാവിനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്നത് വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ 2-ാം ലേഖനം 4-ാം അദ്ധ്യായം 6 മുതൽ 8 വരെയുള്ള തിരുവചനങ്ങളാണ്. ''ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി എന്റെ ഓട്ടം പൂർത്തിയാക്കി, വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ്, ആ ദിവസം അത് എനിക്കു സമ്മാനിക്കും. എനിക്കു മാത്രമല്ല, അവന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റു നോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും''. ഈ വചനം അന്വർത്ഥമാകുംവിധം ജീവിച്ച് നമ്മിൽനിന്നും കടന്നുപോയ ശ്രേഷ്ഠാചാര്യനാണ് വന്ദ്യ പിതാവ്. ബർണബാസ് എന്ന വാക്കിന്റെ അർത്ഥം 'ആശ്വാസത്തിന്റെ പുത്രൻ' എന്നാണ്. വന്ദ്യ പിതാവ് എവിടെയെല്ലാം പ്രവർത്തിച്ചോ അവിടെയെല്ലാം ആശ്വാസത്തിന്റെ ദൂതനായി, പ്രത്യേകിച്ച് കോവിഡിന്റെ കാലഘട്ടത്തിൽ തലസ്ഥാന നഗരിയിൽ ദുരിതമനുഭവിച്ചവരോടൊപ്പം ആയിരുന്ന് അവർക്ക് സ്വന്തം കൈകൾകൊണ്ട് ഭക്ഷണം പാചകം ചെയ്ത് അവരുടെ കണ്ണീരൊപ്പാൻ കഴിഞ്ഞു എന്നതിന് നമ്മൾ സാക്ഷികളാണ്. അപ്പൻ എന്നാൽ അപ്പമാകുന്നവൻ എന്നാണ്. വന്ദ്യ പിതാവിൽ നാം കാണുക അപ്പമായ അപ്പനെയാണ്. പിതാവിന്റെ ശരീരത്തിൽ ഇനി ഒന്നും അവശേഷിക്കുന്നില്ല. അത് പരിപൂർണ്ണമായി ഈ

www.malankaralibrary.com

മണ്ണിലേക്ക് ആഴത്തിൽ ഇറങ്ങി വന്നു; പിതാവ് എല്ലാം നൽകി. അപ്പമാകുന്നതിനുവേണ്ടി ഈ അപ്പൻ നടത്തിയ അദ്ധ്വാനം നമുക്കൊരിക്കലും മറക്കാൻ പറ്റില്ല. He made an option for the poor, but not only that he opted for the poor, he opted to be poor. ക്രിസ്തുവിന്റെ മുഖം നമുക്ക് കാട്ടിത്തന്ന ഒരു ഇടയ ശ്രേഷ്ഠൻ. മലങ്കരസഭ കണ്ട ഏറ്റം വലിയ മിഷനറിമാരിൽ ഒരാളായിരുന്നു വന്ദ്യ പിതാവ്. ക്രിസ്തുവിന്റെ മുഖം മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തുകൊണ്ട് തന്റെ വാക്കിലൂടെയും സാന്നിധ്യത്തിലൂടെയും പ്രവർത്തിയിലൂടെയും ഒരു യഥാർത്ഥ ക്രിസ്തുമിഷനറിയായി വന്ദ്യ പിതാവ് തന്റെ ജീവിതത്തിലുടനീളം ജീവിച്ചു. മലങ്കരസഭയിൽ വന്ദ്യ പിതാക്കന്മാരെ സ്വീകരിക്കുമ്പോൾ പാടുന്ന ഒരു ഗാനമുണ്ട്: ''ഏലിയാപോൽ ഉജ്വലനെ, യൂഹാനോൻപോൽ വ്രതവരനെ, നിന്നെ വരിച്ചൊരു സഭ ധന്യ, നിന്നെ വരിച്ചൊരു സഭ ധന്യ''. ആരുടെയെങ്കിലും മുമ്പിൽ ഈ വാക്കുകൾ പറയാൻ സാധിക്കുമെങ്കിൽ അത് വന്ദ്യ ബർണബാസ് പിതാവിന്റെ മുമ്പിലായിരിക്കും എന്നതിന് യാതൊരു തർക്കവും നമുക്കുണ്ടാവില്ല. വത്സല പിതാവിനെ സഭയ്ക്കും സമൂഹത്തിനുമായി നൽകിയ ബർണബാസ് പിതാവിന്റെ വത്സല മാതാവ്, ആ അമ്മയെ നോക്കി നമുക്കു പറയുവാൻ സാധിക്കും ''ഇത്രമേൽ അനുഗ്രഹീതനായ ഒരു മകനെ പ്രസവിച്ച മാതാവും, അവനെ പാലൂട്ടിയ മുലകളും എത്ര ഭാഗ്യമുള്ളവ. ഇത്രയും വലിയ വേദനയുടെയും സഹനത്തിന്റെയും നിമിഷത്തിൽ പാറപോലെ ഉറച്ചുനിന്ന് ഞങ്ങൾക്ക് വലിയ ആശ്വാസവും ധൈര്യവും ഈ പ്രിയപ്പെട്ട മാതാവ് നൽകി. വി. അൽഫോൻസാമ്മ പറയുന്നു, 'മണവാളന്റെ ഭാഗധേയത്വത്തേക്കാൾ മണവാട്ടിക്ക് ഒന്നും പ്രതീക്ഷിക്കുവാനില്ല. വന്ദ്യ പിതാവിന്റെ വത്സല മാതാവിനെയും കുടുംബാംഗങ്ങളെയും നാമേവരെയും ആശ്വാസപ്രദനായ റൂഹാ ആശ്വസിപ്പിക്കുമാറാകട്ടെ. വന്ദ്യ പിതാവിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. വന്ദ്യ പിതാവിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥം നമുക്ക് പ്രാർത്ഥിക്കാം.

### മലങ്കര നസ്രാണികളുടെ നൂറ്റാണ്ടുകളായുള്ള പ്രാർത്ഥന പൂവണിഞ്ഞ സെപ്റ്റംബർ

മലങ്കര നസ്രാണികളെ സംബന്ധിച്ച് സെപ്റ്റംബർ 20 ചരിത്രപരമായി ഏറെ പവിത്രമായ സുദിനമാണ്. യേശുക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയുടെ കേന്ദ്രബിന്ദു എന്നു വിശേഷിപ്പിക്കാവുന്ന 'ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ഐക്യം', നൂറ്റാണ്ടുകളായുള്ള പൂർവ്വസൂരികളുടെ ആഗ്രഹം, ഭാഗികമായിട്ടെങ്കിലും സാദ്ധ്യമാക്കിയ പുണ്യദിനം. 1653 – ൽ സംഭവിച്ച ഭിന്നിപ്പിന്റെ ദുരന്തങ്ങൾ അനുഭവിച്ച പുത്തൻകൂർ സമുദായം സാർവ്വത്രികസഭയിൽ ഒരു സ്വതന്ത്ര വ്യക്തിഗതസഭയായി തീരാൻ വഴിതെളിച്ച അനുഗ്രഹീതമായ പുനരൈക്യം. പണിക്കരുവീട്ടിലെ സമുദായസ്നേഹി വിദ്യാസമ്പന്നനും താപസവര്യനും സുവിശേഷ ചൈതന്യം നിറഞ്ഞവനുമായപ്പോൾ വിരിഞ്ഞ പുനരൈക്യം. സുവിശേഷ ശുശ്രൂഷയും മറ്റ് അജപാലന ശുശ്രൂഷകളും കോർത്തിണക്കി യേശുക്രിസ്തുവിന്റെ കരുതലിന്റെയും കരുണയുടെയും ദീപ്ത ഭാവമായി തീർന്ന മലങ്കര പുനരൈക്യം. ഇന്ന് ഈ സംജ്ഞ ഉപയോഗിക്കുന്നത് അഹിതമായി കരുതുന്നവരുണ്ട്. എന്നാൽ ചരിത്രം പരിശുദ്ധാത്മ പ്രവർത്തനങ്ങൾ കൊണ്ടുണ്ടാകുന്നതാണെന്ന തിരിച്ചറിവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ സർവ്വതിനെയും തങ്ങൾക്കിഷ്ടപ്പെട്ട രീതിയിൽ പൂശിയെടുക്കുന്ന കാലഘട്ടത്തിൽ ഇപ്രകാരമുള്ള തോന്നലുകൾക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. എല്ലാ വർഷവും നാം നടത്തിവരുന്ന പുനരൈക്യവാർഷികാഘോഷങ്ങളും സഭാസംഗമവും ഇത്തരുണത്തിൽ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

ദൈവശാസ്ത്രപരമായും ചരിത്രപരമായും സഭൈക്യപരമായും പുനരൈക്യ സംഭവത്തെ കൂടുതൽ ആഴത്തിൽ മനസിലാക്കണം. മാർത്തോമാശ്ലീഹായുടെ ശ്ലൈഹിക അടിസ്ഥാനത്തിൽ രൂപപ്പെട്ട മലങ്കരയുടെ ക്രിസ്തീയ വിശ്വാസസമൂഹം പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോലിക സഭാകൂട്ടായ്മയിൽ അഭംഗുരം തുടർന്നുവരവെ വിദേശശക്തികൾ മാർത്തോമ ക്രിസ്ത്യാനികളുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിനും ആരാധനാകാര്യങ്ങളിൽ ശക്തമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും പരിശ്രമിച്ചു. അതു കൂനൻകുരിശു സത്യത്തിലേക്കും പിളർപ്പിലേക്കും നയിച്ചു. എന്നാൽ അന്നുമുതൽ ഐക്യത്തിനു വേണ്ടിയുള്ള പരിശ്രമങ്ങളും നടന്നിരുന്നു. നിയമസാധുതയുള്ള പൗരോഹിത്യത്തിനു വേണ്ടിയുള്ള നെട്ടോട്ടം 1772 –ൽ ഒന്നാം ദിവന്നാസിയോസിന്റെ വാഴ്ചയോടെ ഫലമണിഞ്ഞു. പൗരസ്ത്യ സുറിയാനിയിൽനിന്നും അന്ത്യോക്യൻ ആരാധനാരീതികളിലേക്കുള്ള മാറ്റവും അതുവഴി സംഭവിച്ചു. എങ്കിലും സാർവ്വത്രിക സഭാസംസർഗ്ഗം നഷ്ടമായി. എന്നാൽ 1930 – ലെ പുനരൈക്യഫലമായി പരി. മാർപാപ്പ തലവനായുള്ള കത്തോലിക്കാകൂട്ടായ്മയിലെ സവിശേഷമായ വ്യക്തിഗതസഭയായി ആരാധനപാരമ്പര്യങ്ങളിലും സഭാത്മകമായ ആത്മികതയിലും തനിമയും കൂട്ടായ്മയും സംരക്ഷിച്ചുകൊണ്ട് മലങ്കര കത്തോലിക്കാസഭ മുന്നേറുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ കൂട്ടായ്മയുടെ ശക്തമായ സാന്നിദ്ധ്യവും വേരുകളും ഉണ്ടായിരിക്കുന്നു. ആരാധനക്രമ

www.malankaralibrary.com

പാരമ്പര്യങ്ങളിൽ ഏറെ സവിശേഷതകളും ആകർഷണീയതയും ഉള്ള ഈ സഭയ്ക്ക് സാധാരണ വിശ്വാസികളുടെ ഇടയിലെ സ്വീകാര്യത ഏറെയാണ്. മലങ്കരസഭയുടെ സവിശേഷതകളെ അടിസ്ഥാനമാക്കി സുവിശേഷ ശുശ്രൂഷകൾ കൂടുതൽ വിപുലപ്പെടുത്തുവാനും ഐക്യത്തിന്റെ കാഹളം മുഴക്കുവാനും മലങ്കര സഭാമക്കൾ തീക്ഷ്ണമതികളാകേണ്ടതുണ്ട്. ഈ വർഷത്തെ പുനരൈക്യവാർഷികാഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്നത് മാർത്താണ്ഡം ഭദ്രാസനമാണ്. എന്നാൽ കോവിഡിന്റെ വ്യാപനം നമ്മെ ഏറെ ഭാരപ്പെടുത്തുന്നു - യാത്രകൾ ഏറെ ദുർഘടമാകുന്നു. ഈ സാഹചര്യത്തിൽ online മാദ്ധ്യമങ്ങളിലൂടെയാണ് ആചരണങ്ങൾ നടക്കുക. സഭയുടെ ജീവസുറ്റ മക്കളായി നമ്മെത്തന്നെ സമർപ്പിക്കാം. നമ്മിലൂടെ സഭ ജീവിക്കട്ടെ - സഭയിലൂടെ നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവും.

പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പ് തീക്ഷ്ണതയോടെ ആചരിച്ച് അമ്മയുടെ മദ്ധ്യസ്ഥം തേടുന്ന ദിവസങ്ങൾ സമാഗതമായിരിക്കുന്നു. എട്ടുനോമ്പിന്റെ ദിനങ്ങളിൽ വ്യക്തിപരമായ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്നതിനു പുറമെ നമ്മുടെ നാടിന്റെയും, സഭയുടെയും, കോവിഡ്മൂലം ക്ലേശിക്കുന്ന സർവ്വരുടെയും നിയോഗങ്ങൾക്കായും പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം തേടാം. എല്ലാവർക്കും പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

സെപ്റ്റംബർ 14-ാം തീയതി സ്ലീബാപ്പെരുന്നാളോടുകൂടി സഭയായി നാം നമ്മുടെ ആരാധനക്രമവത്സരത്തിന്റെ അവസാനകാലമായ സ്ലീബാക്കാലത്തിലേക്ക് പ്രവേശിക്കുകയാണ്. മനുഷ്യന്റെ അന്ത്യത്തെക്കുറിച്ചും ലോകാവസാനത്തെക്കുറിച്ചുമുള്ള വചനവായനകളാണ് സഭ നമ്മുടെ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ഈ കാലത്ത് നല്കുന്നത്. ആരാധനക്രമവത്സര വായനക്രമമനുസരിച്ച് സഭാജീവിതക്രമീകരണത്തിനും ആത്മീക ശാക്തീകരണത്തിനും നമുക്ക് പരിശ്രമിക്കാം.

സെപ്റ്റംബർ 28-ാം തീയതി നമ്മുടെ അതിഭദ്രാസനത്തിന്റെ മൂന്നാമത്തെ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ 44-ാം ഓർമ്മത്തിരുന്നാളാണ്. അതിഭദ്രാസനത്തെ ആരാധനക്രമാധിഷ്ഠിതമായി വളർത്താനും സാമ്പത്തിക ബാദ്ധ്യതകളിൽനിന്ന് വിമുക്തമാക്കാനും ഏറെ അദ്ധ്വാനിച്ച വന്ദ്യ പിതാവിനു വേണ്ടി പ്രാർത്ഥിക്കുകയും പിതാവിന്റെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും ചെയ്യാം.

## വന്ദ്യ ജനറാളച്ചന് ഹൃദയം നിറഞ്ഞ നന്ദി

ഏറെ ആദരണീയനായ അതിഭദ്രാസനത്തിന്റെ മുഖ്യവികാരി ജനറാൾ ചെറിയാൻ താഴമൺ അച്ചൻ തന്റെ ശുശ്രൂഷയുടെ മറ്റൊരു തലത്തിലേക്ക് പടികയറുകയാണ്. മാർ ഈവാനിയോസ് പിതാവ് സന്ദർശിച്ച് ഭാരത ന്യൂമാൻ എന്ന അപരനാമത്തിന് ഇടയായ കത്തോലിക്കാ സഭയുടെ ഒരു കാലത്തെ ഈടുറ്റ ഒരു മിഷൻ പ്രദേശത്തേക്ക് അദ്ദേഹം പോകുന്നു. താൻ മാമോദീസ സ്വീകരിച്ച ഇടവക ദൈവാലയത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പാട്രിക്കിന്റെ മദ്ധ്യസ്ഥശക്തി സ്വീകരിച്ച് ആ വിശുദ്ധന്റെ നാട്ടിലുള്ള മിഷൻ പ്രവർത്തനത്തിനും, ഡബ്ലിൻ എന്ന പ്രദേശത്തെ മലങ്കര മക്കൾക്ക് ആവശ്യമായ ആത്മീയ ശുശ്രൂഷ നല്കുവാനുമാണ് ബഹുമാനപ്പെട്ട അച്ചൻ പോകുന്നത്. തിരുവല്ല അതിരൂപതയെ സംബന്ധിച്ച് കഴിഞ്ഞ 6 വർഷമായി മുഖ്യ വികാരിജനറാൾ എന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് അച്ചൻ കാഴ്ചവച്ചത്. വ്യക്തിപരമായി എന്നെ ഏറെ സഹായിച്ചത് നന്ദിയോടെ ഓർക്കുന്നു. അതിരൂപതയുടെ സന്തോഷത്തിന്റെയും ഭാരങ്ങളുടെയും വളർച്ചയുടെയും സമയങ്ങളിൽ മെത്രാന്റെ നിഴലായി മാത്രമല്ല തികച്ചും നെടുംതൂണായി നിന്ന് അതിരൂപതയെ നയിച്ചു. അച്ചന്റെ അറിവ്, ഭരണ നൈപുണ്യം, സഭാസ്നേഹം, പ്രായോഗിക ജ്ഞാനം, വൈദികരോടുള്ള പരിഗണന, ചരിത്രാവബോധം, സമയം പ്രയോജനപ്രദമായി വിനിയോഗിക്കുന്ന കഠിനാദ്ധ്വാനം, ജ്ഞാനപൂർവ്വമായ ഇടപെടലുകൾ, അല്മായ സഹോദരങ്ങൾക്ക് നല്കുന്ന ആദരവും പരിഗണനയും..... മുതലായ അച്ചന്റെ പ്രത്യേകതകൾ അതിരൂപതയെ ഏറെ ബലപ്പെടുത്തിയിട്ടുണ്ട്. അരമനകുടുംബത്തെ സ്നേഹത്തിലും കരുതലിലും പരസ്പര ധാരണയിലും സർവ്വോപരി ആത്മീകനിറവിലും വളർത്തിയെടുക്കുവാൻ അച്ചന് സഹായിച്ചു. വികാരിജനറാൾ എന്ന ഉത്തരവാദിത്വം ഏറെ ഭാരമേറിയതാണ്. എല്ലാവരെയും, പ്രത്യേകിച്ച് വൈദിക സഹോദരങ്ങളെ പ്രചോദിപ്പിച്ച് ദൈവം അവർക്ക് നല്കിയ അനുഗ്രഹങ്ങളെ സഭയുടെ കെട്ടുപണിയിൽ പ്രയോജനപ്പെടുത്തുവാൻ കൊടുത്ത നേതൃത്വവും വിസ്മരിക്കുവാൻ സാധിക്കുകയില്ല. ഏതൊരു വ്യക്തിയെയും സ്വാധീനിക്കുന്ന രണ്ട് ഘടകങ്ങളാണല്ലോ nature (ജന്മഗുണം) & nurture (പരിപോഷണം). കുടുംബത്തിൽനിന്ന് കിട്ടുന്ന പൊതുനന്മയും അവയെ പരിപോഷിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന വളർച്ചയും. പ്രിയ ജനറാളച്ചൻ എല്ലാ തരത്തിലും ഈ രണ്ട് മേഖലയിലും അനുഗ്രഹീതനാണ്. ഈ രണ്ട് ഗുണങ്ങളും അച്ചൻ അതിരൂപതയുടെ നന്മയ്ക്കായി പ്രയോജ

www.malankaralibrary.com

നപ്പെടുത്തി.

നമ്മുടെ പിതാക്കന്മാരെപ്പറ്റി ബഹു. താഴമൺ അച്ചൻ എഴുതിയ ഈടുറ്റ പുസ്തകങ്ങൾ സഭയ്ക്ക് വലിയ മുതൽക്കൂട്ടാണ്. ചരിത്രം പൊതുവേ വിസ്മരിക്കപ്പെടുന്ന കാലയളവിൽ, അതിരൂപതയുടെ ബാല്യം മുതൽ ഇന്നേവരെയുള്ള വളർച്ചയ്ക്ക് നേതൃത്വം നല്കിയ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായസഹോദരങ്ങൾ ഇവരുടെ ത്യാഗോജ്ജ്വലമായ സമർപ്പണം വരുംതലമുറയ്ക്ക് പ്രചോദനമാണ്. എന്നോട് അച്ചൻ കാട്ടിയ കരുതലും സ്നേഹവും, ഒരുമിച്ച് പ്രവർത്തിക്കാനുള്ള സന്മനസ്സും, ഏത് കാര്യവും ചോദിച്ച് ചെയ്യാനുള്ള മനസ്സും അദ്ദേഹത്തെ ഏറ്റം നല്ല Proto Syncellus ആക്കി. വ്യക്തിപരമായി അച്ചന്റെ അഭാവം ഒരു നഷ്ടമാണ്. എങ്കിലും സഭയുടെ പൊതുകാര്യങ്ങൾക്ക് നേതൃത്വം നല്കുവാൻ സാധിക്കത്തക്കവിധത്തിൽ വിവിധ ഇടങ്ങളിൽ സഭയെ വളർത്തിക്കൊണ്ടുവരുവാനും ഏകോപിപ്പിക്കുവാനും അത്യഭിവന്ദ്യ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി ശ്രമിക്കുമ്പോൾ അതിന് സഹായം ചെയ്യുകയെന്നത് പ്രാധാന്യമുള്ളതാണല്ലോ. ബഹു. ജനറാളച്ചന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഒന്നും യാദൃച്ഛികമല്ല, എല്ലാം നന്മയ്ക്കും അനുഗ്രഹത്തിനുമാണ്. ഈ പ്രായത്തിലും കാലാവസ്ഥയുടെ തീവ്രത നേരിടാൻ തയ്യാറായി മുമ്പോട്ട് കാൽ വയ്ക്കുന്ന അച്ചൻ നമുക്ക് അഭിമാനമാണ്. ദൈവം അച്ചനെ കാത്തുപരിപാലിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എട്ടു നോമ്പിന്റെ ഒന്നാം ദിനത്തിൽ അച്ചൻ തന്റെ ഔദ്യോഗിക ചുമതലയിൽനിന്ന് ഒഴിയുന്നതാണ്.

### പുതിയ ജനറാളച്ചന് സ്വാഗതം

നമ്മുടെ സഭയുടെ അനുഗ്രഹീത ആരാധനക്രമ പണ്ഡിതനും, ദൈവശാസ്ത്രജ്ഞനും, സെമിനാരി പ്രൊഫസറും, കടമാൻകുളം ഇടവകാംഗവും, ഇപ്പോൾ കത്തീഡ്രൽ ദൈവാലയത്തിന്റെ വികാരിയുമായിരിക്കുന്ന പറപ്പള്ളിൽ ബഹു. ഐസക് അച്ചനെ മുഖ്യ വികാരിജനറാളായി സെപ്റ്റംബർ ഒന്നാം തീയതി ചുമതലയേൽപ്പിക്കുകയാണ്. അതിഭദ്രാസനത്തിലെ എല്ലാ മക്കളുടെയും സന്യസ്തരുടെയും വൈദികരുടെയും പൂർണമായ സഹകരണവും സമർപ്പണവും വന്ദ്യ ജനറാളച്ചൻ ഐസക് പറപ്പള്ളിലച്ചന് നല്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. എല്ലാം ദൈവാനുഗ്രഹപ്രദമാകുവാൻ പരി. ദൈവമാതാവിന്റെയും നമ്മുടെ കാവൽ പിതാവായ മാർതോമാശ്ലീഹായുടെയും അതിഭദ്രാസനത്തിന്റെ മധ്യസ്ഥരായ വി. യോഹന്നാൻ ശ്ലീഹായുടെയും, വി. കൊച്ചുത്രേസ്യായുടെയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയിൽ ശരണപ്പെടുന്നു. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.



6 വർഷക്കാലം മുഖ്യ വികാരിജനറാൾ എന്ന നിലയിൽ അതിഭദ്രാസനത്തിന് സ്തുത്യർഹമായ നേതൃത്വം നല്കിയ **ബഹു. ചെറിയാൻ താഴമണ്ണച്ചന്** അതിഭദ്രാസനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ ഉത്തരവാദിത്വങ്ങൾക്ക് ആശംസകളും.




സെപ്റ്റംബർ ഒന്നാം തീയതി അതിഭദ്രാസനത്തിന്റെ മുഖ്യ വികാരിജനറാളായി ചുമതലയേൽക്കുന്ന **ഫാ. ഡോ. ഐസക് പറപ്പള്ളിലിന്** അതിഭദ്രാസനത്തിന്റെ ഭാവുകങ്ങളും ആശംസകളും.

www.malankaralibrary.com

# ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലിത്ത
## കാരുണ്യത്തിന്റെ ഹൃദയമുള്ള നല്ല സമരിയാക്കാരൻ

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനാധ്യക്ഷൻ ഡോ. ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലിത്താ (60) ഓഗസ്റ്റ് 26-ാം തീയതി കാലം ചെയ്തു. കോവിഡാനന്തര ചികിത്സയുമായി ബന്ധപ്പെട്ട് നാലു മാസത്തിലേറെ ഡൽഹി



ഹോളി ഫാമിലി ആശുപത്രിയിലും ഫോർട്ടിസ് ആശുപത്രിയിലുമായിരുന്നു അദ്ദേഹം. ഡൽഹി നെബ്സറായ് സെന്റ് മേരീസ് കത്തീഡ്രലിൽ ഭൗതീകശരീരം പൊതുദർശനത്തിനു വച്ചതിനുശേഷം 28-ാം തീയതി രാവിലെ നെബ്സറായ് സെന്റ് മേരീസ് കത്തീഡ്രലിൽ തിരുവല്ല ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്തായുടെ മുഖ്യകാർമികത്വത്തിലും സഭയിലെ മറ്റ് പിതാക്കന്മാരുടെ സഹകാർമികത്വത്തിലും കബറടക്കം നടത്തി. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ഓൺലൈനിലൂടെ വചനസന്ദേശം നല്കി. ഫ്രാൻസിസ് മാർപാപ്പയുടെയും, പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ ലിയനാർഡോ സാന്ദ്രിയുടെയും സന്ദേശങ്ങൾ വായിച്ചു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ഡോ. ലിയോപോൾദോ ജിറെല്ലി, ഡൽഹി ആർച്ചുബിഷപ് അനിൽ കൂട്ടോ, ഫരീദാബാദ് രൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, ജമ്മു-ശ്രീനഗർ രൂപതാദ്ധ്യക്ഷൻ മാർ ഐവാൻ പെരേര, സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജയിംസ് അത്തിക്കളം എന്നിവർ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തു. ബിഷപ് ജേക്കബ് മാർ ബർണബാസിന്റെ ഡൽഹിയിലെ പാവങ്ങൾക്കും നിർദ്ധനർക്കുംവേണ്ടിയുള്ള നിസ്വാർത്ഥ സേവനവും മഹത്തായ മാനുഷിക പ്രവർത്തനങ്ങളും എക്കാലവും അനുസ്മരിക്കപ്പെടുമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാൾ അനുശോചന സന്ദേശത്തിൽ അനുസ്മരിച്ചു.

പത്തനംതിട്ട ജില്ലയിൽ റാന്നി കരികുളം ഏറത്ത് പരേതനായ ഗീവർഗീസിന്റെയും റേച്ചലിന്റെയും എട്ടു മക്കളിൽ മൂത്ത മകനായി 1960 ഡിസംബർ 03 ന് ജനിച്ച അദ്ദേഹം, മോനച്ചൻ എന്ന ഓമനപ്പേരിലും, ചാക്കോ എന്ന മാമോദീസാപേരിലും അറിയപ്പെട്ടു. അദ്ദേഹത്തിന്റെ കുടുംബം ആദ്യം താമസിച്ചിരുന്നത് കരികുളത്തായിരുന്നു. അവിടെയുള്ള സെന്റ് ജോസഫ് ഇടവകാംഗമായിരുന്നു. പിന്നീട് കണ്ണമ്പള്ളിക്ക് താമസം മാറ്റിയപ്പോൾ നീരാട്ടുകാവ് സെന്റ് തോമസ് മലങ്കര കത്തോലിക്കാ ഇടവകാംഗമായി മാറി. എ.സി. ഗീവർഗീസിന്റെയും റേച്ചൽ വർഗീസിന്റെയും 8 മക്കളിൽ നാലു പേരും സന്യസ്ത ജീവിതമാണു തിരഞ്ഞെടുത്തത്. മൂത്ത സഹോദരനു പിന്നാലെ 3 സഹോദരിമാരും സന്യസ്ത ജീവിതത്തിലേക്ക് പ്രവേശിച്ചു. പി.എം.ഫിലിപ്പ്, എം.ജി. തോമസ്,

www.malankaralibrary.com

റോസമ്മ രാജു, സിസ്റ്റർ സംലഭ്യ, സിസ്റ്റർ ജീൻ മേരി, വത്സമ്മ ജയിംസ്, സിസ്റ്റർ ജൂഡി എന്നിവരാണ് സഹോദരങ്ങൾ. കരികുളം എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും, റാന്നി എസ്.സി.ഹൈസ്കൂളിൽ ഹൈസ്കൂൾ പഠനവും പൂർത്തിയാക്കിയ ചാക്കോ, 1975 ൽ വൈദികപരിശീലനത്തിനായി ബഥനി സന്യാസ സമൂഹത്തിൽ ചേർന്നു. തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിലെ പ്രീഡിഗ്രി പഠനത്തിനുശേഷം ആലുവ അശോകപുരത്ത് നോവിഷ്യേറ്റ് പൂർത്തിയാക്കി, 1979 ൽ പ്രഥമ വ്രതവാഗ്ദാനം നടത്തി. പൂന ജ്ഞാനദീപ വിദ്യാപീഠത്തിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി, 1985 മെയ് 15 ന് നിത്യവ്രതം സ്വീകരിച്ചു. 1986 ഒക്ടോബർ 2 ന് ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ തൃക്കയ്യാൽ പൗരോഹിത്യം സ്വീകരിച്ചു. പ്രീ നോവിസിന്റെ പരിശീലകനായി സേവനം



നിർവഹിച്ചശേഷം റോമിലെ അൽഫോൻസിയ അക്കാദമിയിൽനിന്നും 1994 ൽ ധാർമ്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. തുടർന്ന് പൂന ബഥനി ആശ്രമം സുപ്പീരിയർ, ബഥനി വിദ്യാപീഠം റെക്ടർ, പൂന സെമിനാരിയുടെ മോറൽ തിയോളജി പ്രൊഫസർ, മലങ്കര സെമിനാരി ഉൾപ്പെടെയുള്ള വിവിധ മേജർ സെമിനാരികളുടെ വിസിറ്റിംഗ് പ്രൊഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 2000 മേയ് മാസം ബഥനി നവജ്യോതി പ്രോവിൻസിന്റെ പ്രഥമ പ്രൊവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ടു. ബനഡിക്ട് പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ മെത്രാനായി നിയമിച്ചതിനെ തുടർന്ന് 2007 മാർച്ച് 10 ന് മെത്രാനായി അഭിഷിക്തനാവുകയും മാർച്ച് 22ന് ബാഹ്യകേരള മിഷനുകളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായി സ്ഥാനമേൽക്കുകയും ചെയ്തു. 2015 മാർച്ച് 26 ന് ഡൽഹി-ഗുഡ്ഗാവ് സെന്റ് ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ പ്രഥമ അധ്യക്ഷനായി അവരോധിക്കപ്പെട്ടു.

### ജീവകാരുണ്യപ്രവർത്തനങ്ങളിലൂന്നിയുള്ള അജപാലനശുശ്രൂഷ

വടക്കേ ഇന്ത്യയിലെ സഭയുടെ മിഷൻ പ്രദേശങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ഗുഡ്ഗാവ് രൂപതയെ കെട്ടിപ്പടുക്കുന്നതിന് ശക്തമായ നേതൃത്വം നൽകുകയും ചെയ്തു. വടക്കേ ഇന്ത്യയിലെ 22 സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തിന്റെ അജപാലന ശുശ്രൂഷ നിർവഹിച്ചു വരികയായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷ സംഘത്തിന്റെ സഭാതല ചെയർമാനും, സിബിസിഐ വനിത കമ്മീഷൻ ചെയർമാനുമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആരാധനക്രമം ഏഴിലധികം ഉത്തരേന്ത്യൻ ഭാഷകളിലേക്കു വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. ഭാരതത്തിലും വിദേശത്തും അദ്ദേഹം 'മിഷനറി ബിഷപ്' എന്നാണ് അറിയപ്പെട്ടിരുന്നത്.

സുവിശേഷത്തിന്റെ പ്രകാശം ഏവരിലേക്കും പകരുന്നതിനായി തന്റെ ജീവനും ജീവിതവും പൂർണമായും സമർപ്പിച്ച വ്യക്തിയായിരുന്നു ബർണബാസ് തിരുമേനി. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ വിവിധ സ്ഥലങ്ങളിൽ സ്കൂളുകളും നഴ്സിംഗ് കോളേജ് ഉൾപ്പെടെ മറ്റ് കോളേജുകളും ആരംഭിച്ചുകൊണ്ട് കുട്ടികൾക്കും മുതിർന്നവർക്കും അറിവു പകർന്നു നൽകാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ സഭയുടെ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കും വഴിതുറന്നു. തിന്മയുടെ വഴിയിൽനിന്നും നന്മയുടെ വഴിയിലെത്തിച്ചേരാൻ വിദ്യാഭ്യാസമാണ് നല്ല മാർഗമെന്ന് അദ്ദേഹം വിശ്വസിച്ചു. അതോടൊപ്പം തൊഴിൽ ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും കേന്ദ്രങ്ങളും ആരംഭിക്കുകയും ചെയ്തു. സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും തിരസ്കരിക്കപ്പെട്ടവരുടെയും പീഡനമനുഭവിക്കുന്നവരുടെയും ഇടയിലേക്ക് കടന്നുചെല്ലുവാനും അദ്ദേഹം മനസ്സ് കാണിച്ചു. ക്രിസ്തുവിനെപ്പോലെ, വേദനിക്കുന്നവരുടെ മുറിവുണക്കുന്ന നല്ല ഇടയനായി അദ്ദേഹം ജീവിച്ചു. 'Be a witness to the Word' എന്ന ആപ്തവാക്യം തന്റെ ജീവിത നിയോഗമായി സ്വീകരിച്ച് സുവിശേഷത്തിനും ക്രിസ്തുവിനും സഭയ്ക്കും തന്റെ ജീവിതം പൂർണ്ണമായും സമർപ്പിച്ചു. 2010 ൽ ആരംഭിച്ച 'വിശക്കുന്നവർക്ക് ആഹാരം' എന്ന അദ്ദേഹത്തിന്റെ പദ്ധതി ഏറെ പ്രശംസിക്കപ്പെട്ടു. Food for hungry എന്ന ആ ദൗത്യം ഏറ്റെടുത്തു

www.malankaralibrary.com

കൊണ്ട് അനേകരുടെ വിശപ്പ് ശമിപ്പിക്കുവാൻ ഭക്ഷണമുണ്ടാക്കി, അതുമായി തലസ്ഥാന നഗരിയിലെ തെരുവുകളിലൂടെ നടന്നു. ജാതി-മത ചിന്തകൾക്ക് അതീതമായി എല്ലാ വിഭാഗം ജനങ്ങളും അതിൽ പങ്കുചേർന്നു. വീടുകളിൽനിന്നും രൂപതയിലെ സ്ഥാപനങ്ങളിൽനിന്നും ഭക്ഷണപ്പൊതികൾ സമാഹരിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. ക്രിസ്തുവിന്റെ പ്രതിപുരുഷൻ വാക്കിൽ മാത്രമല്ല പ്രവർത്തിയിലും ജീവിതത്തിലും ആയിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ക്രിസ്തുദർശനം തന്റെ ചുറ്റുപാടുകളുമായും ചുറ്റിലുള്ളവരുമായും ഇഴചേർന്നതായിരുന്നു. പാർശ്വവത്ക്കരിക്കപ്പെട്ടവരിലും അഗതികളിലും അദ്ദേഹം ദൈവത്തിന്റെ മുഖം നന്നായി കണ്ട് അവരെ തന്റെ ജീവിതത്തോട് ചേർത്ത് നിർത്തി.



സ്നേഹത്തിന്റെ ഭാഷയായിരുന്നു അദ്ദേഹത്തിനേറെ വശം. ആ ഭാഷ സംസാരിക്കുന്നതായിരുന്നു ഏറെ ഇഷ്ടവും. ഈ ദർശനം മുൻനിർത്തി രൂപതയുടെ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ 'പ്രചോദന' സോഷ്യൽ സർവീസ് സൊസൈറ്റി എന്ന പേരിൽ വിപുലപ്പെടുത്തി. അഗതികൾക്കു മുന്നിൽ തുറന്നുകിടന്ന സ്നേഹവീടായിരുന്നു 'പ്രചോദന'. അതിന്റെ വിളക്കായിരുന്നു ബർണബാസ് തിരുമേനി. പ്രചോദനയ്ക്കു രൂപവും ഭാവവും പകർന്നതും അദ്ദേഹമായിരുന്നു. കരുതലിന്റെയും സാഹോദര്യത്തിന്റെയും നന്മ അതിലൂടെ അദ്ദേഹം വെളിപ്പെടുത്തി കാരുണ്യത്തിന്റെ കൂട്ടുകാരനായി. വിശക്കുന്നവർക്കു ഭക്ഷണമായും, കുട്ടികൾക്ക് അക്ഷരമായും, രോഗികൾക്കു മരുന്നായും, അഗതികൾക്കു തലചായ്ക്കാൻ ഇടമായും അദ്ദേഹം ജീവിച്ചു. അഗതികൾക്കുവേണ്ടിയുള്ള ജസോലയിലെ ശാന്തി ആശ്രമം, മാനസസരോവർ പാർക്ക്-നേബ്സരായ് എന്നിവിടങ്ങളിലെ തെരുവുകുട്ടികൾക്കുള്ള സാക്ഷരതാ പദ്ധതി എന്നിവ ഡൽഹി സർക്കാരിന്റെപോലും ശ്രദ്ധ നേടി. ആദിവാസികൾ, ഭിന്നശേഷിക്കാർ, ചേരികളിൽ കഴിയുന്നവർ, സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവരെ സാമൂഹികമായി ഉയർത്താനുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. മാനസ സരോവർ പാർക്കിലെ ചേരിയിലെ കുട്ടികൾക്ക് വാരാന്ത്യങ്ങളിൽ കൈ നിറയെ മധുരവും പുഞ്ചിരിയുമായി അദ്ദേഹം എത്തുമായിരുന്നു. പ്രചോദനയുടെ 'സെൻഡ് എ ചൈൽഡ് ടു സ്കൂൾ' പദ്ധതിയിലൂടെ അനേകം കുട്ടികൾക്ക് അക്ഷരം അഭ്യസിക്കാൻ പ്രചോദനം നൽകി. പാതിയിൽ സ്കൂൾ വിട്ടിറങ്ങിയ ഒട്ടേറെപ്പേരും വീണ്ടും അക്ഷരലോകത്തേക്കു മടങ്ങിയെത്തി. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ക്രിസ്തുദർശനം ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ നടപ്പാക്കിയപ്പോൾ ഒട്ടേറെപ്പേരുടെ ജീവിതത്തിന് അത് 'ഉയിർപ്പായി'. അരുണാചൽ, അസം, ത്രിപുര തുടങ്ങിയ സംസ്ഥാനങ്ങൾ ഉൾപ്പെടെ അദ്ദേഹത്തിന്റെ പ്രവർത്തനം വ്യാപിച്ചു.

പാവങ്ങളുടെ പിതാവെന്ന് വിളിക്കപ്പെട്ടിരുന്ന അദ്ദേഹം ഒരിക്കൽ പറഞ്ഞു: ''എന്റെ സഹോദരന്മാർ വിശന്നിരിക്കുമ്പോൾ എനിക്കു ഭക്ഷണം ഇറങ്ങില്ല. മക്കളുടെ വിശപ്പു മാറ്റാതെ അപ്പനു കഴിക്കാൻ കഴിയില്ല. വിശക്കുന്നവന്റെ വയറു നിറയുമ്പോൾ അവരിലൂടെ യേശുക്രിസ്തുവിനെ കാണാനാകും''. 2020 ഡിസംബർ 7 നു തന്റെ ഷഷ്ഠിപൂർത്തി വേളയിൽ പുറമേയുള്ള ആഘോഷങ്ങളെല്ലാം പാടേ ഉപേക്ഷിച്ച് മിഷൻ പ്രദേശങ്ങളിലെ നിർധനരായ 60 കുടുംബങ്ങൾക്കു സഹായം കൈമാറി അദ്ദേഹം മാതൃകയായി. തുടക്കമെന്ന നിലയിൽ ഓരോ കുടുംബത്തിനും 10,000 രൂപ വീതം നൽകി. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലാണു മിഷൻ മേഖലകളിൽനിന്ന് അർഹരെ കണ്ടെത്തി സഹായമെത്തിച്ചത്. രൂപ

www.malankaralibrary.com




തയിലെ സഭാമക്കളെ നയിക്കാനും അശരണർക്കു സഹായമെത്തിക്കാനും കഴിയുന്നതിലുള്ള ദൈവാനുഗ്രഹത്തിനാണു ഷഷ്ഠിപൂർത്തി വേളയിൽ അദ്ദേഹം ദൈവത്തിനു നന്ദി പറഞ്ഞത്.

**കരുണയുടെ ഹൃദയമുള്ള നല്ല സമരിയാക്കാരൻ**

കരുതലിന്റെയും കരുണയുടെയും ഹൃദയമുള്ള നല്ല സമരിയാക്കാരനായിരുന്നു ബർണബാസ് പിതാവ്. കോവിഡുകാലത്ത് സ്വന്തം ആരോഗ്യംപോലും അവഗണിച്ച് പാവങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ച പാവങ്ങളുടെ ഇടയൻ കോവിഡിലൂടെതന്നെ നിത്യതയിലേക്കു വിളിക്കപ്പെട്ടു. കോവിഡ് രോഗബാധിതനായി ഏപ്രിൽ മാസത്തിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നതുവരെ പാവങ്ങൾക്കുവേണ്ടി വിശ്രമമില്ലാതെ ബർണബാസ് തിരുമേനി പ്രവർത്തിച്ചു. കോവിഡുകാലത്ത് പാവങ്ങൾക്കു സൗജന്യ ഭക്ഷണപ്പൊതികൾ തയ്യാറാക്കുന്നതിനിടെ ഒരിക്കൽ അദ്ദേഹം പറഞ്ഞു. ''ഈ പാവങ്ങൾക്കില്ലാത്ത സുരക്ഷ നമുക്കെന്തിനാണ്? കോവിഡ് വരാൻ എനിക്കു സാധ്യതയുണ്ടെന്ന് അറിയാം. അതിനാൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ വീഴ്ച വരുത്താറില്ലെങ്കിലും ദൈവം ഏൽപിച്ച ജോലികൾ ചെയ്യുകയാണു പ്രധാനം. അശരണർക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ജീവൻ ബലി കൊടുക്കേണ്ടിവന്നാലും അതിൽ സന്തോഷമേയുള്ളൂ. കഷ്ടപ്പെടുന്ന മക്കളെ സഹായിക്കുകയെന്നതാണു പ്രധാനം. ബാക്കിയെല്ലാം ദൈവത്തിന്റെ ഇഷ്ടം''. ദിവസവും ധാരാളം പേർക്കു ഭക്ഷണപ്പൊതികളും നൂറുകണക്കിനു വീടുകളിലേക്കു ഭക്ഷ്യക്കിറ്റുകളും നൽകാൻ രൂപതയിലുള്ളവരും വിദേശത്തുള്ള മലയാളികളും അടക്കം പലരും സാമ്പത്തിക സഹായം നല്കിയിരുന്നു. രാജ്യവ്യാപകമായി ലോക്ഡൗൺ പ്രഖ്യാപിച്ചതിന്റെ രണ്ടാം ദിവസം മാനസസരോവർ പാർക്കിൽനിന്ന് ഒരു കുട്ടി ഫോണിൽ വിളിച്ചു. ''ഞങ്ങൾക്കു ഭക്ഷണമില്ല ഫാദർ. പുറത്തിറങ്ങിയാൽ പോലീസ് തല്ലും'' പിന്നെയൊന്നും ആലോചിക്കാതെ ഉടൻതന്നെ രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ 'പ്രചോദന' യുടെ ഉത്തരവാദിത്വപ്പെട്ടവരെ വിളിച്ച് വാഹനത്തിൽ ഭക്ഷണം എത്തിച്ചു കൊടുക്കാൻ ഏർപ്പാടാക്കി. ഭക്ഷണം വിതരണം ചെയ്യുന്ന സന്നദ്ധ പ്രവർത്തകർക്കും ബർണബാസ് പിതാവിനും പോലീസ് കമ്മീഷണർ കർഫ്യൂ കാലത്ത് പ്രത്യേക പാസ് നൽകിയിരുന്നു. മിക്കവാറും ദിവസങ്ങളിൽ 1,000 ത്തിലധികം പൊതികൾ വിതരണം ചെയ്തിരുന്നു. ആരുടെയും ജാതിയോ മതമോ പിതാവ് ചോദിച്ചില്ല. ദൈവത്തിന്റെ മക്കൾക്ക് ഒരേ മുഖമാണെന്നായിരുന്നു പിതാവിന്റെ പക്ഷം. വിശപ്പിനു മുന്നിൽ മതത്തിന്റെയോ ജാതിയുടെയോ രാഷ്ട്രീയത്തിന്റെയോ വേലികളുണ്ടാവാൻ പാടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ബോധ്യം.



**ദൈവസ്നേഹമെന്നാൽ മനുഷ്യസ്നേഹ**



## മെന്ന് പഠിപ്പിച്ച വ്യക്തിത്വം

പത്തു വർഷത്തിലേറെയായി ഡൽഹിയിലെയും പരിസരങ്ങളിലെയും തെരുവുമക്കൾക്കും ചേരിനിവാസികൾക്കും പാവങ്ങൾക്കും ഭക്ഷണവും വസ്ത്രവും എത്തിച്ചു നൽകാറുണ്ടായിരുന്നു തിരുമേനി. തെരുവോരങ്ങളിലും പാലങ്ങളുടെ അടിയിലും അന്തിയുറങ്ങുന്നവരെ കണ്ടെത്തി സഹായം നൽകിയിരുന്നു. നേബ് സരായ്, മാനസ സരോവർ പാർക്ക്, കാഷ്മീരി ഗേറ്റ്, നോയിഡ തുടങ്ങി തലസ്ഥാന നഗരിയിലെ പ്രാന്തപ്രദേശങ്ങളിലെല്ലാം അദ്ദേഹത്തിന്റെ കാരുണ്യത്തിന്റെ കരങ്ങൾ നീണ്ടു. ക്രിസ്മസ് കാലത്ത് കൊടുംതണുപ്പിൽ വിറങ്ങലിക്കുന്ന തെരുവിന്റെ മക്കൾക്കും ചേരിനിവാസികൾക്കും കമ്പിളി വസ്ത്രങ്ങളും ഭക്ഷണവും എത്തിക്കുന്നതിനും നേതൃത്വം നല്കി. രാത്രിയിൽ റോഡരികിൽ കിടക്കുന്നവരുടെ അടുത്തെത്തി പിതാവ് നേരിട്ടു വസ്ത്രങ്ങൾ കൊടുക്കുന്ന കാഴ്ച ഡൽഹിക്കാർക്ക് അത്ഭുതമായിരുന്നു.

2007 ൽ ബിഷപ്പായി നിയമിതനായപ്പോൾ തുടങ്ങിയ കാരുണ്യപ്രവർത്തനങ്ങൾ മരണംവരെയും മുടക്കിയില്ല. അശരണർക്കുവേണ്ടിയുള്ള കാരുണ്യ പ്രവർത്തനങ്ങൾ ബർണബാസ് പിതാവിന് ഒരു ദൗത്യവും ദൈവിക നിയോഗവുമായിരുന്നു. ആത്മീയതയും വിശ്വാസവും സുവിശേഷപ്രവർത്തനങ്ങളും പൂർണമായി നിർവഹിക്കുന്നതിനോടൊപ്പം പാവങ്ങളെ സ്നേഹിക്കാനും പരിചരിക്കാനും അവരുടെ വിശപ്പകറ്റാനും പിതാവ് മുന്നിലുണ്ടായിരുന്നു. ദൈവസ്നേഹമെന്നാൽ മനുഷ്യസ്നേഹമാണെന്ന് തിരിച്ചറിഞ്ഞ മഹത് വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്. പച്ചയായ ജീവിതത്തിന്റെ ഉടമയായ അദ്ദേഹം, ഒരു ആത്മീയ പിതാവായും അപ്പനായും സഹോദരനായും സുഹൃത്തായും മനുഷ്യരുടെയിടയിൽ ജീവിച്ചു. പാർശ്വവത്ക്കരിക്കപ്പെട്ടവരെ കൂടെച്ചേർത്തുനിർത്തി അവരുടെ വേദനകളും ദുഃഖങ്ങളും പരിഹരിക്കുവാൻ അക്ഷീണം പരിശ്രമിച്ചു. പണം, ഭക്ഷണം, സ്ഥലം, പാർപ്പിടം, പഠനസഹായം, വിവാഹസഹായം, ശുചിമുറി, കിണർ..... എന്നീ ആവശ്യങ്ങളുള്ളവർക്ക്, ഉള്ളവന്റെ കൈയ്യിൽനിന്ന് സഹായം വാങ്ങി അദ്ദേഹം നല്കി. മദർ തെരേസ കൽക്കട്ടയിൽ ഒരമ്മ എന്നതുപോലെ ഡൽഹിയിലെ പാവങ്ങൾക്ക് ബർണബാസ് തിരുമേനി ഒരു പിതാവായിരുന്നു. നിരാലംബരെ കാണുമ്പോൾ അദ്ദേഹത്തിന്റെ മുഖം വാടിയിരുന്നു. അവരുടെ മുഖത്ത് പ്രകാശം വിടരാതെ ആ മുഖം പ്രസാദിച്ചിരുന്നില്ല. സഭയുടെ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങളിലൂടെ സഭയുടെ മിഷൻ ചൈതന്യത്തിന്റെ തിരിനാളം കെടാതെ അനേകരിലേക്ക് പകർന്ന ശ്രേഷ്ഠാചാര്യനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന് ആരോടും ശത്രുതയോ വെറുപ്പോ ഉണ്ടായിരുന്നില്ല. സഭാശുശ്രൂഷകളിലും പൊതുപ്രവർത്തക മേഖലകളിലും സദാ സുസ്മേരവദനനായി ഓടിയെത്തുന്ന ബർണബാസ് പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ നമ്മുടെ മനസ്സിൽനിന്ന് മായില്ല. വിനയാന്വിതനും മിതഭാഷിയും, ലളിത ജീവിതശൈലിയുടെ ഉടമയും, നിർമലമായ ജീവിതത്തിനുടമയും, ശാന്തസ്വഭാവക്കാരനും സൗഹൃദം കാത്തുസൂക്ഷിക്കുന്നതിൽ തല്പരനുമായിരുന്നു അദ്ദേഹം. വിശ്വാസതീക്ഷ്ണതകൊണ്ടും സുവിശേഷപ്രവർത്തനങ്ങൾകൊണ്ടും അതുല്യമായ മിഷൻ പ്രവർത്തനങ്ങൾകൊണ്ടും, ജീവകാരുണ്യപ്രവർത്തനങ്ങൾകൊണ്ടും പകരം വയ്ക്കാനാവാത്ത ഇടയശ്രേഷ്ഠനാണ് അദ്ദേഹം. മറക്കാനാവാത്ത ഒത്തിരിയേറെ സ്മരണകൾ അവശേഷിപ്പിച്ചാണ് അദ്ദേഹം നമ്മിൽനിന്ന് കടന്നുപോയത്. അദ്ദേഹം 60 വർഷം ജീവിച്ചു എന്നല്ല, 60 വർഷം അനുഗ്രഹകരമായും ശ്രേഷ്ഠമായും ജീവിച്ചു എന്നു പറയുന്നതാണ് ശരി.

അകാലത്തിൽ ഞങ്ങളിൽനിന്നും വിടപറഞ്ഞ വന്ദ്യ പിതാവേ, സമാധാനത്താലെ പോവുക.

പുശ്ബശ്ലോമോ, സേൽബശ്ലോമോ


www.malankaralibrary.com

# രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ എക്യുമെനിസത്തെക്കുറിച്ചുള്ള പ്രബോധനങ്ങളും, പുനരൈക്യപ്രസ്ഥാനവും



**ഫാ. രഞ്ജിത് ആലുങ്കൽ**
(റെക്ടർ, മൈനർ സെമിനാരി, തിരുവല്ല)

**മ**ഹാനായ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ 1959 ജനുവരിയിൽ പ്രഖ്യാപിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗോളതലത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ച പ്രഖ്യാപനമായിരുന്നു. കത്തോലിക്കാസഭയുടെ ചരിത്രത്തിൽ സഭൈക്യം വിളിച്ചോതിയ ഇത്തരമൊരു കൂടിച്ചേരൽ ഇദംപ്രദമായിരുന്നു. 1962 മുതൽ 1965 വരെ നീണ്ടുനിന്ന കൗൺസിൽ, 2500–ഓളം മെത്രാന്മാരുടേയും നിരീക്ഷകരുടേയും സന്യസ്തരുടേയും അല്മായരുടേയും സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായിരുന്നു. കൗൺസിലിന്റെ ഫലമായി പുറത്തിറക്കിയ 16 പ്രമാണരേഖകൾ സഭയുടെ പുതിയ ചുവടുവയ്പിന് അടിസ്ഥാനമിട്ടു. അനുരഞ്ജനത്തിന്റെയും സംവാദങ്ങളുടേയും സഭൈക്യ ശുശ്രൂഷകൾക്ക് സമകാലിക ദിശാബോധം നൽകുന്നതിന് 16 പ്രമാണരേഖകളിലൊന്നായ ഐക്യത്തിന്റെ പുനഃസ്ഥാപനം (Unitatis Redintegratio) എന്ന പ്രമാണരേഖ പുറത്തിറക്കി. അതിലൂടെ കത്തോലിക്കാ, അകത്തോലിക്കാസഭകൾ തമ്മിലും മറ്റു സഭാവിഭാഗങ്ങൾ തമ്മിലുമുള്ള ബന്ധങ്ങൾ ഊഷ്മളമാക്കുവാനും, ഒന്നിച്ചു പ്രവർത്തിക്കാനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താനും അതിനനുസൃതമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാനും സാധിച്ചു. അതിന്റെ പരിണിത ഫലമായി ആഗോളതലത്തിൽ പുതിയ സഭൈക്യവേദികൾ തുറക്കപ്പെടുകയും സഭൈക്യപ്രവർത്തനങ്ങൾ ആവിഷ്കരിക്കപ്പെടുകയും ചെയ്തു.




### ഐക്യത്തിന്റെ പുനഃസ്ഥാപനം (Unitatis Redintegratio)

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ചുകിടക്കുന്ന ക്രൈസ്തവ വിഭാഗങ്ങളുടെയും കൂട്ടായ്മയും ഒന്നിച്ചുള്ള സാക്ഷ്യവുമാണ് ഐക്യത്തിന്റെ പുനഃസ്ഥാപനം എന്നതാണ് പ്രമാണരേഖയുടെ കാതൽ. ക്രിസ്തു ഒരു സഭ മാത്രമേ സ്ഥാപിച്ചുള്ളൂ. ഓരോ ക്രൈസ്തവ സമൂഹവും തങ്ങളാണ് ക്രിസ്തുവിന്റെ യഥാർത്ഥ പിൻതുടർച്ചാവകാശികൾ എന്നവകാശപ്പെടുന്നു. എല്ലാ ക്രൈസ്തവരും തമ്മിലുള്ള ഐക്യത്തിന്റെ പുനഃപ്രതിഷ്ഠക്കായി പരിശുദ്ധാത്മാവിന്റെ വരങ്ങളാൽ ശക്തമാക്കപ്പെട്ട അനുഭവം എല്ലാ ക്രൈസ്തവ സഹോദരങ്ങളിലും അനുദിനം ശക്തമായിക്കൊണ്ടിരിക്കുന്നു. ഈ നീക്കത്തെയാണ് സഭൈക്യം എന്നു പറയുന്നത്. ത്രിത്വൈക ദൈവത്തെ വിളിച്ചപേ

ക്ഷിക്കുകയും ക്രിസ്തുവിനെ, നാഥനും രക്ഷകനുമായി ഏറ്റുപറയുകയും ചെയ്യുന്ന എല്ലാവരും ഈ സഭൈക്യകൂട്ടായ്മയിൽ ഉൾപ്പെട്ടിരിക്കുന്നു. തങ്ങൾ ഏതു സമൂഹത്തിൽ സുവിശേഷം ശ്രവിച്ചുവോ, ഏതിനെ തങ്ങളുടേയും ദൈവത്തിന്റേയും സഭയായി കരുതുന്നുവോ, ആ സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിലാണ് ഓരോരുത്തരും ഈ പ്രക്രിയയിൽ പങ്കുകൊള്ളുന്നത്. ക്രൈസ്തവസഭകൾ തമ്മിലുള്ള ഐക്യപ്രവർത്തനങ്ങൾക്കാണ് ഈ പ്രമാണരേഖ ഊന്നൽ നൽകിയിരിക്കുന്നത്. മറ്റു മതങ്ങളുമായുള്ള സംവാദവും സഹകരണവും Nostra Aetate എന്ന പ്രമാണരേഖയാണ് വിശദമാക്കുന്നത്.

### ക്രിസ്തുവിന്റെ ആഗ്രഹം

പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചു എന്ന വസ്തുത ദൈവത്തിന്റെ സ്നേഹം നമ്മിൽ വെളിപ്പെടുത്തുന്നു. കുരിശാകുന്ന ബലിപീഠത്തിൽ മനുഷ്യകുലത്തിനു മുഴുവൻ നവജീവൻ പ്രദാനം ചെയ്യാൻ തന്നെത്തന്നെ ഒരു ബലിവസ്തുവായി സമർപ്പിക്കുന്നതിനുമുൻപ് യേശു ഇങ്ങനെ പ്രാർത്ഥിച്ചു. ''അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ അങ്ങ് എന്നിലും, ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു'' (യോഹ. 17:29). തന്നിൽ വിശ്വസിക്കുന്നവരെല്ലാം ഒരിടയനും ഒരു തൊഴുത്തും ആകുന്നതിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ ആഗ്രഹവും പ്രാർത്ഥനയുമാണ് സഭൈക്യപ്രവർത്തനങ്ങളുടെ അടിസ്ഥാനം. യേശുവിന്റെ മഹത്വീകരണശേഷം വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് വഴി വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഐക്യത്തിലേക്ക് സഭയാകുന്ന പുതിയ ഉടമ്പടിയിലെ ജനതയെ വിളിക്കുകയും ഒരുമിപ്പിക്കുകയും ചെയ്തു. ''എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു, കാരണം നിങ്ങളെല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു'' (ഗലാ. 3:27-28). ലോകത്തിന്റെ അവസാനംവരെ തന്റെ പരിശുദ്ധ സഭ നിലനിൽക്കാൻവേണ്ടി പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ചുമതലകൾ ക്രിസ്തു അപ്പസ്തോലന്മാരുടെ സംഘത്തെ ഭരമേൽപ്പിച്ചു. തന്റെ ആടുകളെയെല്ലാം വിശ്വാസത്തിൽ സ്ഥിരീകരിക്കുവാൻ പത്രോസിനെ ഭരമേൽപ്പിക്കുകയും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. മൂലക്കല്ലായ ക്രിസ്തുവിനോടൊപ്പം പത്രോസിന്റെ പിൻഗാമിയുടെ അദ്ധ്യക്ഷതയിലുള്ള മെത്രാന്മാരോടു ചേർന്ന് സുവിശേഷം പ്രസംഗിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനും സ്നേഹത്തിൽ തന്റെ സഭയുടെ ഭരണം സ്ഥാപിക്കാനും ക്രിസ്തു തിരുമനസ്സായി. ഐക്യത്തിലുള്ള ഈ സ്നേഹബന്ധത്തെ ഒരേ വിശ്വാസ പ്രഖ്യാപനം, പൊതുവായ ദൈവാരാധന, ദൈവഭവനത്തിലെ സഹോദരങ്ങളുടെ ഹൃദയഐക്യം എന്നിവ വഴി അവിടുന്ന് പൂർത്തീകരിക്കുന്നു.

### വൈവിധ്യങ്ങൾ ഐക്യത്തിന് പ്രതിബന്ധമല്ല

യേശുവിന്റെ സ്വർഗാരോഹണത്തിനുശേഷമുള്ള ആദിമ ക്രൈസ്തവസമൂഹത്തിന്റെ കൂട്ടായ്മ ഒരു സഭയായായിരുന്നു. കാലാന്തരത്തിൽ സഭാഗാത്രം വിഭജനങ്ങൾക്ക് വിധേയമായി. ക്രിസ്തുവിൽ വിശ്വസിച്ച് ശരിയായ മാമോദീസ സ്വീകരിക്കുന്നവർ കത്തോലിക്കാസഭയുമായി പരിപൂർണ്ണമായിട്ടല്ലെങ്കിലും ഒരേതരം ഐക്യത്തിലാണ് വർത്തിക്കുന്നത്. കത്തോലിക്കാസഭയും ഇതര ക്രൈസ്തവ സമൂഹങ്ങളും തത്വസംഹിതകളുടേയും സഭാഘടനയുടേയും കാര്യങ്ങളിൽ വ്യത്യസ്തതകൾ ഉണ്ട്. സഭയിൽ നിലനിൽക്കുന്ന വിഭജനങ്ങൾ യഥാർത്ഥ ക്രിസ്തീയതയെ ദുർബലപ്പെടുത്തുകയും ക്രിസ്തുവിന്റെ മൗതീകശരീരമായ സഭാഗാത്രത്തെ വികലമാക്കുകയും ചെയ്യുന്നു. സഭയുടെ വിവിധ ആവശ്യങ്ങളും കാലാനുസൃതമായ സാഹചര്യങ്ങളും മുൻനിർത്തി ക്രൈസ്തവ ഐക്യം നിലനിർത്താൻ അവലംബിക്കുന്ന എല്ലാ പ്രവർത്തനങ്ങളും പരിശ്രമങ്ങളുമാണ് സഭൈക്യ പ്രസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാവധാനത്തിൽ സഭൈക്യത്തിനുള്ള വിഘ്നങ്ങൾ പൂർണ്ണമായി വിച്ഛേദിച്ച് എല്ലാ ക്രൈസ്തവരും ഒരു ബലിപീഠത്തിനു ചുറ്റും ഒരുമിച്ചു ചേരുന്നതിനുള്ള പ്രയത്നങ്ങളാണ് സഭൈക്യ പ്രസ്ഥാനത്തിന്റെ ആത്യന്തിക ലക്ഷ്യം.

### ഐക്യത്തിന്റെ പുനഃസ്ഥാപനം പുനരൈക്യ പ്രസ്ഥാനത്തിലൂടെ

ഭാരതത്തിന്റെ അപ്പസ്തോലനായ വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ മാർതോമ്മാ ക്രിസ്ത്യാനികളുടെ ഐക്യവും കൂട്ടായ്മയും 1653 ൽ നടന്ന കൂനൻകുരിശ് സത്യത്തോടുകൂടി നഷ്ടപ്പെട്ടു. അന്നുടലെടുത്ത വിഭജനത്തോടുകൂടി പുത്തൻകൂർ വിഭാഗത്തിന് നഷ്ടപ്പെട്ട കാതോലിക കൂട്ടായ്മ

www.malankaralibrary.com

വീണ്ടെടുക്കാനുള്ള തീവ്ര ശ്രമങ്ങൾ വിവിധ വ്യക്തികളിലൂടെ ഉണ്ടായി. സംഭവബഹുലമായ നാൾവഴികൾക്കും പുനരൈക്യ പരിശ്രമങ്ങൾക്കും ഒടുവിൽ 1930 ലാണ് ചരിത്രപരമായ പുനരൈക്യം യാഥാർത്ഥ്യമായത്. അനേക വർഷത്തെ പരിശ്രമങ്ങൾക്കു ശേഷമാണ് പൗരാണികവും അപ്പസ്തോലികവുമായ രണ്ടു സഭകൾ തമ്മിലുള്ള കൂടിച്ചേരലിന് പുനരൈക്യം വഴിതെളിച്ചത്. സഭൈക്യമെന്നാൽ മാതൃസഭയിൽ ലയിച്ചൊന്നാവുക എന്ന തത്വത്തിൽനിന്ന് കത്തോലിക്കാസഭയിൽ ഉണ്ടായ പ്രകടമായ മാറ്റത്തെ പുനരൈക്യം അടിവരയിടുന്നു. ഒരു വ്യക്തിഗതസഭയുടെ ആരാധനാപരവും നൈയാമികവുമായ എല്ലാ പൈതൃകങ്ങളും പാരമ്പര്യങ്ങളും അധികാരവകാശങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ട് സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഉൾച്ചേരാൻ കഴിയുമെന്ന് പുനരൈക്യം തെളിയിച്ചു. ചരിത്രപരമായ ഈ അപ്പസ്തോലിക സഭകളുടെ കൂടിച്ചേരലിലൂടെ അനുരഞ്ജനം സാധിച്ചതോടൊപ്പം വിഭജനം വഴിയുണ്ടായ മുറിവുകളും ഉണക്കാൻ കഴിഞ്ഞു. മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യ പ്രസ്ഥാനത്തിലൂടെ നേടിയെടുത്ത സാർവ്വത്രിക കൂട്ടായ്മ ഈ നൂറ്റാണ്ടിൽ സഭൈക്യ ശുശ്രൂഷകളുടെ ആത്യന്തിക ലക്ഷ്യം കൈവരിച്ച മഹത്തായ സംഭവമാണ്. പുനരൈക്യം മറ്റു സഭാകൂട്ടായ്മകളുടെ മുൻപിൽ തുറന്നുകാട്ടിയ ഐക്യത്തിന്റെ വഴി, പൂർണ്ണമായ കൂട്ടായ്മാനുഭവത്തിലേക്ക് കടക്കാനാഗ്രഹിക്കുന്ന എല്ലാ സഭാവിഭാഗങ്ങൾക്കും ഒരു സാധ്യതയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭയിൽ വരുത്തിയ വിപ്ലവകരമായ മാറ്റങ്ങൾക്ക് പതിറ്റാണ്ടുകൾ മുൻപേ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യം സഭൈക്യ പ്രസ്ഥാനത്തിന് ഒരു പൊൻതൂവൽ ചാർത്തി.

സാർവത്രിക കൂട്ടായ്മയുടെ പുനഃസ്ഥാപനത്തിന്റെ ആരംഭകാലം മുതൽ വിവിധ കത്തോലിക്കാ-അകത്തോലിക്കാ സഭാവിഭാഗങ്ങൾക്കിടയിൽ ഐക്യത്തിന്റെയും സഹകരണത്തിന്റെയും പാലമായി നിലകൊള്ളാൻ പുനരൈക്യത്തിന്റെ പിൻതലമുറക്കാർ ശക്തമായ നേതൃത്വം നൽകിപ്പോരുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ ഓരോ ക്രിസ്ത്യാനിയേയും യേശു ഏൽപ്പിച്ച ദൗത്യത്തിന് സഭൈക്യത്തിലൂന്നിയ പ്രവർത്തനങ്ങൾ കൂടുതൽ കരുത്തു നൽകും. മുൻവിധികളും തെറ്റിദ്ധാരണകളും നീക്കി പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും പാതയിലൂടെ വിവിധ സഭാകൂട്ടായ്മകൾ തമ്മിൽ ഒന്നിച്ചുള്ള സുവിശേഷ പ്രഘോഷണത്തിന് ഐക്യത്തിന്റെ പുനഃസ്ഥാപനം എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ കൂടുതൽ ഊർജ്ജവും ദിശാബോധവും നൽകുന്നു.



ക്രിസ്ത്യൻ ന്യൂനപക്ഷ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനും, അവകാശ സംരക്ഷണത്തിനുമായി ബഹു. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാനുള്ള തിരുവല്ല അതിഭദ്രാസനത്തിന്റെ ആദ്യഘട്ട പഠനറിപ്പോർട്ടും 2000 ത്തോളം നിവേദനങ്ങളും കമ്മീഷനു നല്കുന്നതിന് മുമ്പ് അഭി. തോമസ് മാർ കൂറിലോസ് പിതാവിന് സമർപ്പിച്ചപ്പോൾ. ബോധന ഡയറക്ടർ ഫാ. സാമുവേൽ വിളയിൽ, കോർഡിനേറ്റർ ഫാ. വർഗീസ് വള്ളിക്കാട്ടിൽ, ഫാ. സ്റ്റാൻലി തെങ്ങുവേലിൽ, ജോജി വിഴലിൽ എന്നിവർ സമീപം.




ബോധന സുവർണ്ണജൂബിലിയോടനുബന്ധിച്ച്, കോവിഡ് രോഗികളിൽ നിർദ്ധനരായവർക്കുള്ള ധനസഹായ പദ്ധതിയും, മെഡിക്കൽ കിറ്റ് വിതരണവും ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത നിർവ്വഹിക്കുന്നു. ഡയറക്ടർ ഫാ. സാമുവേൽ വിളയിൽ, ഫാ. വർഗീസ് പള്ളിയ്ക്കൽ എന്നിവർ സമീപം.

www.malankaralibrary.com

# സഭൈക്യവും പ്രോത്സാഹിപ്പിക്കപ്പെടേണ്ട എക്യുമെനിക്കൽ കൂട്ടായ്മകളും



**ഫാ. ജോർജ് തേക്കടയിൽ**
(സെക്രട്ടറി, മലങ്കര കാത്തലിക് ചർച്ച്,
സിനഡൽ കമ്മീഷൻ ഫോർ എക്യുമെനിസം)

**എ**.ഡി. 325 ൽ നിഖ്യായിൽ കൂടിയ ഒന്നാം സാർവ്വത്രിക സൂന്നഹദോസിൽ സഭാപിതാക്കന്മാർ പ്രഖ്യാപിച്ചു : ''കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു''. ക്രിസ്തുവിന്റെ സഭയുടെ ഈ നാലു ലക്ഷണങ്ങൾ എല്ലാ എപ്പിസ്കോപ്പൽ സഭകളും വിശ്വാസപ്രമാണത്തിന്റെ ഭാഗമായി പ്രഖ്യാപിക്കുന്നുവെങ്കിലും ഓരോരുത്തരും അവരവരുടേതായ വ്യാഖ്യാനങ്ങൾ നല്കിക്കൊണ്ടിരിക്കുന്നു. വിശ്വാസത്തിന്റെ വ്യാഖ്യാനങ്ങളിലുള്ള വൈവിധ്യം പലപ്പോഴും സഭകൾ തമ്മിലുള്ള അകൽച്ചയ്ക്ക് കാരണമാകുന്നു. ആഗോള ക്രൈസ്തവസഭകളിലെ ഭിന്നിപ്പിന്റെ ഒരു ക്രോസ് സെക്ഷൻ കേരളത്തിലെ ക്രൈസ്തവസഭകളിലും കാണാനാവും. ക്രിസ്തുശിഷ്യനായ തോമസ് അപ്പസ്തോലനിലൂടെ ഭാരതത്തിൽ സുവിശേഷ ചൈതന്യം പ്രഘോഷിക്കപ്പെട്ടു. മാർതോമ്മാ നസ്രാണിസമൂഹം ഭാരതത്തിൽ രൂപീകരിക്കപ്പെട്ട് നൂറ്റാണ്ടുകൾക്കുശേഷം, പാശ്ചാത്യ മിഷനറിമാരാൽ വി. പത്രോസിന്റെ മാർഗ്ഗവും രൂപം കൊണ്ടു. ചരിത്രത്തിന്റെ ഗതിവിഗതികളിൽ മാർതോമ്മാ നസ്രാണി സമൂഹം പല സഭകളായി രൂപപ്പെട്ടു. ഇന്ന് കത്തോലിക്ക-ഓർത്തഡോക്സ്-പ്രോട്ടസ്റ്റന്റ് സമൂഹങ്ങളിലായി മാർതോമ്മാ നസ്രാണികൾ വിഭജിതരായി ജീവിക്കുന്നു. ഭൂമുഖത്ത് മനുഷ്യവർഗ്ഗം വിഭജിതരായതിന്റെ കഥ ഉല്പത്തി പുസ്തകം 11-ാം അദ്ധ്യായത്തിൽ ബാബേൽ ഗോപുര നിർമ്മാണവുമായി ബന്ധപ്പെട്ട് വിവരിക്കുന്നുണ്ട്. കേരള ക്രൈസ്തവ സഭയും ഇന്ന് ബാബേൽ അനുഭവത്തിലാണെന്ന് പറയാം; ഒരു കൂട്ടർ പറയുന്നത് മറ്റൊരു കൂട്ടർക്ക് മനസ്സിലാകുന്നില്ല. 1653 ലെ കൂനൻ കുരിശുസത്യത്തോടെ ഇരുചേരികളിലായി വിഭജിക്കപ്പെട്ട മാർതോമ്മാനസ്രാണികൾ അന്നുതൊട്ട് ഇന്നേവരെ ഒന്നിപ്പിനുള്ള പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു. ബാബേൽ അനുഭവത്തിൽനിന്നും പെന്തക്കോസ്താ അനുഭവത്തിലേയ്ക്കുള്ള തീർത്ഥയാത്രയിലാണ് ക്രൈസ്തവ സമൂഹം. മനുഷ്യരുടെ ബുദ്ധിയ്ക്കും ശക്തിയ്ക്കും അതീതമായി പരിശുദ്ധാത്മാവിന്റെ ഇടപെടലില്ലാതെ ക്രൈസ്തവ ഐക്യം ഒരിക്കലും സാധ്യമാകില്ല എന്ന കാര്യം ക്രൈസ്തവ ലോകത്തിന് ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ പ്രയാണത്തിൽ, ക്രൈസ്തവ സഭകളുടെ ഐക്യവും സംരംഭങ്ങളും വിചിന്തനം ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

### ക്രൈസ്തവസഭകളുടെ വൈവിധ്യങ്ങൾ തിരിച്ചറിയുക

നാം അധിവസിക്കുന്ന ഈ ലോകം വൈവിധ്യങ്ങളുടെ കലവറയാണ്. എണ്ണൂറുകോടിയിലധികം മനുഷ്യർ അവരവരുടേതായ രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ക്രിസ്തു തന്റെ സഭയെ നട്ടുവളർത്തിയത് പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോലസംഘം വഴിയാണ്. അപ്പസ്തോലന്മാർ വൈവിധ്യം നിറഞ്ഞ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ ചൈതന്യം പ്രഘോഷിച്ചു. അതാത് നാടുകളുടെ സംസ്കാരങ്ങളോട് ഇഴുകിച്ചേർന്ന് ക്രൈസ്തവ സന്ദേശം പ്രചരിപ്പിക്കുകയും നട്ടുവളർത്തുകയും ചെയ്തു. നിയമങ്ങളെ ഇല്ലാതാക്കാനല്ല, അവയെ പൂർത്തീകരിക്കാനാണ് ക്രിസ്തു മനുഷ്യനായി അവതരിച്ചത്. അതുപോലെ സംസ്കാരങ്ങളെ ഇല്ലാതാക്കാനല്ല, അവയെ ക്രിസ്തീയ ചൈതന്യത്താൽ കൂടുതൽ ഊർജ്ജസ്വലമാക്കാനാണ് സുവിശേഷം പ്രഘോഷിക്കപ്പെട്ടത്. ഓരോ നാടിന്റെയും സംസ്കാര വൈവിധ്യത്തെ മനസ്സിലാക്കാൻ പിൽക്കാല മിഷനറിമാർക്ക് സാധിച്ചില്ല. അങ്ങനെ വൈവിധ്യത്തിലുള്ള ഐക്യത്തിനു പകരം, ഐകരൂപ്യം (Not unity, but uniformity) ഉണ്ടാക്കാനുള്ള ശ്രമങ്ങൾ മിഷനറിമാർ നടത്തി. അതെല്ലാം ക്രൈസ്തവസഭകളുടെ വിഭജനങ്ങൾക്ക് കാരണമായി ഭവിച്ചു. ക്രൈസ്തവസഭകളിലെ ആദ്യത്തെ വിഭജനങ്ങൾക്ക് കാരണമായത് ആദിമ ക്രൈസ്തവ സമൂഹത്തിൽ വിവിധതരം പാഷണ്ഡതകൾ കടന്നു കൂടിയതോടെയാണ്. ജ്ഞാനികളും ആത്മീയ തേജസ്വികളുമായിരുന്ന ആദിമ സഭാപിതാക്കന്മാർവഴി പാഷണ്ഡതകൾ സഭയിൽ കെട്ടടങ്ങി. പിന്നീട് പാശ്ചാത്യ-പൗരസ്ത്യ സഭകളുടെ

www.malankaralibrary.com

വിഭജനമാണ് ഉണ്ടായത്. റോമാ സാമ്രാജ്യം പാശ്ചാത്യ-പൗരസ്ത്യ സാമ്രാജ്യങ്ങളായി വിഭജിക്കപ്പെട്ടതിനെ തുടർന്ന് സഭയിലും പാശ്ചാത്യ-പൗരസ്ത്യ സഭാവിഭജനങ്ങൾ ഉണ്ടായി. പിൽക്കാലത്ത് യൂറോപ്യൻ രാജ്യങ്ങളുടെ സാമ്രാജ്യത്വ അധിനിവേശങ്ങൾ കാരണം പലവിധത്തിലുള്ള ആഭ്യന്തര അസ്വസ്തതകൾ സഭാസമൂഹങ്ങളിലുമുണ്ടായി. ഡച്ച്, പോർച്ചുഗൽ, ഇംഗ്ലണ്ട് തുടങ്ങിയ സാമ്രാജ്യത്വ ശക്തികളുടെ സ്വാധീനഫലമായി ഇൻഡ്യയിലെ മാർത്തോമ്മാ നസ്രാണിസഭയും വിഭജിക്കപ്പെട്ടു. അതോടൊപ്പം അന്ത്യോക്യൻ യാക്കോബായസഭയുടെ സ്വാധീനഫലമായി പുത്തൻകൂർ സമുദായത്തിൽ പിളർപ്പുകൾ രൂപപ്പെട്ടു.

### സഭൈക്യമെന്നാൽ സഭകളുടെ ലയനമല്ല

ക്രിസ്തുവിന്റെ സഭ ഒരു സമുദായമല്ല, സംഘടനയല്ല. അത് ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ തീർത്ഥാടക സമൂഹമാണ്. സഭയുടെ ആത്യന്തിക ലക്ഷ്യം സ്വർഗ്ഗീയ സീയോനാണ്. സഭയിൽ ഭരണപക്ഷവും പ്രതിപക്ഷവുമില്ല. ഓരോരുത്തരുടെയും ജീവിതാവസ്ഥയനുസരിച്ച് ക്രിസ്തുവിന്റെ രാജകീയ പ്രവാചക, പുരോഹിത ദൗത്യങ്ങളിൽ പങ്കുചേരുന്നവരാണ് വിശ്വാസികൾ. മെത്രാനും, വൈദികനും, സന്യാസിയും, അല്മായനുമെല്ലാം അവരവരുടെ വിളിയനുസരിച്ച് ഈ ലോകത്തിൽ തങ്ങളുടെ ദൗത്യം നിർവ്വഹിക്കുന്നു. സഭകളുടെ ഐക്യത്തെ തികച്ചും ലൗകീകമായ കാഴ്ചപ്പാടിലൂടെ മാത്രം കാണുന്നവരുണ്ട്. സഭൈക്യമെന്നാൽ ഒരു സഭ മറ്റൊന്നിൽ ലയിക്കുകയല്ല. ഓരോ സഭയും തങ്ങളുടെ സഭയുടെ സ്വയംഭരണാവകാശവും, ആരാധനക്രമ പൈതൃകവും, ശിക്ഷണക്രമവും, ദൈവശാസ്ത്ര പാരമ്പര്യങ്ങളും, ആദ്ധ്യാത്മികതയും എല്ലാം നിലനിർത്തിക്കൊണ്ടുതന്നെ ഒരേ വിശ്വാസത്തിൽ ഐക്യപ്പെടുന്നു. ഇവിടെ ഐക്യത്തിൽ ആർക്കും ഒന്നും നഷ്ടപ്പെടുന്നില്ല. അധികാരവും സമ്പത്തും ആർക്കും നഷ്ടമാകുന്നില്ല. നന്മ എന്താണെന്നു വച്ചാൽ, ക്രിസ്തുവിന്റെ മനോഭാവത്തിലേക്ക് ക്രിസ്തുവിശ്വാസികൾ കുറച്ചുകൂടെ അടുത്തു വരുന്നു എന്നതാണ്. മാർത്തോമ്മാ നസ്രാണി പൈതൃകത്തിനും, ആരാധനക്രമ പൈതൃകത്തിനും, ആദ്ധ്യാത്മിക ശൈലിയ്ക്കും, വ്യക്തിത്വത്തിനും യാതൊരു കോട്ടവും വരുത്താതെയാണ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ 20 ന് മലങ്കരസഭ സാർവ്വത്രിക കത്തോലിക്കാസഭാ കൂട്ടായ്മയുമായി സംസർഗ്ഗത്തിലായത്. അതുവഴി മലങ്കര സഭയ്ക്ക് ദോഷങ്ങൾ ഒന്നും ഉണ്ടായില്ല എന്ന് മാത്രമല്ല ആത്മീയവും ഭൗതികവുമായ നേട്ടങ്ങൾ മാത്രമെ ഉണ്ടായിട്ടുള്ളൂ. സർവ്വോപരി ക്രൈസ്തവസഭയുടെ അടിസ്ഥാന സ്വഭാവമായ സുവിശേഷീകരണം എന്ന ദൗത്യം കുറെക്കൂടെ ഊർജ്ജസ്വലമായി നിർവ്വഹിക്കുന്നതിന് മലങ്കര കത്തോലിക്കാസഭയ്ക്ക് കഴിയുന്നുമുണ്ട്.

### ആത്മീയ എക്യുമെനിസം

ആത്മീയ എക്യുമെനിസം എന്നാൽ ''താൻ പാതി ദൈവം പാതി'' എന്ന ചൊല്ലിനോട് സാമീപ്യമുള്ള ശൈലിയാണ്. സഭകളുടെ ഐക്യം മനുഷ്യബുദ്ധികൊണ്ടും ശക്തികൊണ്ടും തന്ത്രങ്ങൾകൊണ്ടുമൊന്നും നേടാവുന്ന കാര്യമല്ല. അതിന് പരിശുദ്ധാത്മാവിന്റെ ഇടപെടൽ അവശ്യഘടകമാണ്. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഒരിക്കലും അനൈക്യത്തിന്റെ ദുരാത്മാവ് മനുഷ്യകുലം വിട്ടൊഴിയില്ല. പരിശുദ്ധാത്മാവിന്റെ ഇടപെടലിനായുള്ള മനുഷ്യന്റെ പ്രയത്നങ്ങളും പ്രാർത്ഥനകളുമാണ് ആത്മീയ എക്യുമെനിസം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. എന്റെ സഭയാണ് ശരിയായിട്ടുള്ളത്, മറ്റുള്ളതൊക്കെ തെറ്റാണ് എന്ന രീതിയിലുള്ള സഭാ മൗലിക വാദം മാറ്റിവച്ച്, മറ്റ് സഭകളിലെ ശരികൾ കൂടി മനസ്സിലാക്കാനുള്ള ആർജ്ജവത്വം ഉണ്ടാകേണ്ടതുണ്ട്. അതിന് ആത്മീയമായ സമീപനം അവശ്യഘടകമാണ്. സഭ അതിന്റെ ബൗദ്ധികമായ തലവും, സാമ്പത്തിക തലവും അധികാരത്തിന്റെ തലവുമൊക്കെ മാറ്റിവച്ച് ക്രിസ്തുവിന്റെ വഴി തെരഞ്ഞെടുക്കേണ്ടതുണ്ട്. അതിന് ശിശുക്കളുടെ മനോഭാവം സ്വീകരിക്കണം. സഭൈക്യത്തിന് ലാഭനഷ്ടങ്ങളുടെ കണക്ക് എടുക്കേണ്ടതില്ല. ക്രിസ്തു ആഗ്രഹിക്കുന്ന വഴി, നഷ്ടങ്ങളുടെ വഴിയാണെങ്കിലും അത് തെരഞ്ഞെടുക്കാനുള്ള മനോഭാവം വേണം. അതിന് ദൈവസന്നിധിയിൽ സമ്പന്നനാകണം. അങ്ങനെയെങ്കിൽ മാത്രമെ സഭൈക്യം സാധ്യമാകൂ.

### കേരള ക്രൈസ്തവ സഭയിൽ നിലവിലുള്ള എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ ശരിയായ ലക്ഷ്യത്തിലേക്ക് നയിക്കുന്നുണ്ടോ?

എന്താണ് എക്യുമെനിക്കൽ സംരംഭങ്ങളുടെ അടിസ്ഥാന ലക്ഷ്യം എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തിയാൽ ബാക്കി ചോദ്യങ്ങൾക്കെല്ലാം ഉത്തരമാകും. സഭയുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെയെല്ലാം ലക്ഷ്യം യേശുക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയിൽ ഉണ്ട്. ''അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നല്കിയിരിക്കുന്നു'' (യോഹ. 17:20-22). പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ഐക്യം പോലെയുള്ള ഐക്യമാണ് ക്രിസ്തു തന്റെ ശിഷ്യഗണങ്ങൾക്കും ഉദ്ദേശിക്കുന്നത്. അതായത് തായ്ത്തണ്ടിനോട് ചേർന്ന് നില്ക്കുന്ന ശിഖരങ്ങൾപോലെ. അത് കേവലം ഉപരിപ്ലവമായ ഐക്യമല്ല, ആഴത്തിലുള്ള ഐക്യമാണ്.

ഇന്ന് നാം കാണുന്ന പല എക്യുമെനി

www.malankaralibrary.com

ക്കൽ സംരംഭങ്ങളും ഉപരിപ്ലവമായ ഐക്യത്തെ ലക്ഷ്യം വയ്ക്കുന്നവയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പലപ്പോഴും നാം കേൾക്കാറുള്ള വാക്കുകളാണ്, ''സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകളിലെല്ലാം സഹകരിക്കുക'' എന്നത്. ഇത് ആത്മാർത്ഥതയില്ലാത്ത വാക്കുകളാണെന്ന് പറയാതെ തരമില്ല. ഓരോ സഭയും അവരവരുടെ നിക്ഷിപ്ത താല്പര്യങ്ങളുടെ സംരക്ഷകരായി മാറുന്ന കാഴ്ച. ''ഒരാട്ടിൻ പറ്റവും ഒരിടയനും'' (യോഹ. 10:16) എന്ന ക്രിസ്തുവിന്റെ സ്വപ്ന സാക്ഷാൽക്കാരത്തിനായിട്ടാണ് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത്. അപ്പസ്തോല പ്രവർത്തനം 2:42 ൽ സഭൈക്യത്തിന്റെ അടിസ്ഥാന സ്രോതസ്സിനെക്കുറിച്ച് പറയുന്നുണ്ട്: ''അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു'. സഭൈക്യത്തിനുവേണ്ട ഊർജ്ജം ലഭിക്കുന്ന നാലു തൂണുകളാണിവ. ഈ നാലു സ്രോതസ്സുകളിൽനിന്ന് പിൽക്കാലത്ത് സഭ വ്യതിചലിച്ചപ്പോൾ സഭയിൽ അനൈക്യം കടന്നുകൂടി. ഓരോരുത്തരും അവരവരുടെ മനോഗതികൾക്കനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ ക്രിസ്തുവിന്റെ മൗതികശരീരം മുറിക്കപ്പെടാനും തുടങ്ങി. എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ അടിസ്ഥാനമിട്ട് പ്രവർത്തനമാരംഭിക്കേണ്ടത് ഈ നാലു സ്രോതസ്സുകളുടെ അടിസ്ഥാനത്തിലാണ്. സർജറി ആവശ്യമുള്ള രോഗങ്ങൾക്ക് തൊലിപ്പുറത്ത് ലേപനം പുരട്ടിയതുകൊണ്ട് കാര്യമില്ല. തൊലിപ്പുറത്തെ ലേപനം പുരട്ടൽ പോലെയാണ് നമ്മുടെ പല എക്യുമെനിക്കൽ സംരംഭങ്ങളും.

കേരള ക്രൈസ്തവസഭയിൽ സഭൈക്യം എന്ന ലക്ഷ്യത്തിനുവേണ്ടി നിലവിലുള്ള ഏതാനും ചില എക്യുമെനിക്കൽ പ്രസ്ഥാനങ്ങളെക്കുറിച്ച് ലഘുവിവരണം ചുവടെ ചേർക്കുന്നു.

### കേരള കൗൺസിൽ ഓഫ് ചർച്ചസ് (KCC)

ലോകത്തിൽ കത്തോലിക്കാസഭ ഒഴികെയുള്ള എല്ലാ ക്രിസ്തീയ സഭകളുടെയും കൂട്ടായ്മയായ സഭകളുടെ ലോക കൗൺസിലിന്റെ (World Council of churches) കേരളത്തിലെ ഐക്യസംരംഭമാണ് കേരള കൗൺസിൽ ഓഫ് ചർച്ചസ്. K.C.C. യുടെ നേതൃത്വത്തിൽ വിവിധ സഭൈക്യസംരംഭങ്ങൾ നടന്നു വരുന്നു.

### കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ എക്യുമെനിസം, ഡയലോഗ് കമ്മീഷൻ

കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ സഭൈക്യം, മതാന്തര സംഭാഷണങ്ങൾ എന്നീ ലക്ഷ്യത്തോടുകൂടി രൂപീകരിച്ചിട്ടുള്ള കമ്മീഷനാണിത്. സാർവ്വത്രിക കത്തോലിക്കാസഭയുടെ ക്രൈസ്തവ ഐക്യത്തിന് വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെയും, മതാന്തര സംവാദങ്ങൾക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെയും മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചാണ് കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിലുള്ള ഈ കൗൺസിൽ പ്രവർത്തിക്കുന്നത്. രൂപതാ തലങ്ങളിലും ഈ കമ്മീഷൻ രൂപീകൃതമായിട്ടുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും സജീവമല്ല.

### ഇന്റർചർച്ച് കൗൺസിൽ

കേരളത്തിലെ എല്ലാ എപ്പിസ്കോപ്പൽ സഭകളുടെയും അദ്ധ്യക്ഷൻ ഉൾക്കൊള്ളുന്ന ഒരു എക്യുമെനിക്കൽ സമിതിയാണിത്. കേരളസഭ നേരിടുന്ന പൊതുവായ സാമൂഹിക-വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലെ വിഷയങ്ങൾ സഭാ മേലദ്ധ്യക്ഷന്മാർ കൂടി ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമിക്കുന്നു.

### പ്രോ ഓറിയന്തെ സഭൈക്യ സംവാദവേദി

1964 ൽ വിയന്നായിൽ കർദ്ദിനാൾ കോണിങ്ങിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളുമായും ഈസ്റ്റേൺ ഓർത്തഡോക്സ് സഭകളുമായും ഉള്ള ഐക്യസംഭാഷണങ്ങൾക്കുവേണ്ടി തുടങ്ങിയ കൗൺസിലാണ് പ്രോ ഓറിയന്തെ. കേരളത്തിലെ കത്തോലിക്കാസഭയുടെയും മലങ്കര ഓർത്തഡോക്സ്, മലങ്കര യാക്കോബായ സഭകളുടെയും പ്രതിനിധികളും (പ്രോ ഓറിയന്തെയുടെ രാജ്യാന്തര തല പ്രതിനിധിസംഘം ഉൾപ്പെടെ) ആയി എല്ലാ വർഷവും സഭൈക്യ സംവാദങ്ങൾ നടക്കാറുണ്ട്.

### സഭൈക്യവാര പ്രാർത്ഥന (Church Unity Octave)

എല്ലാ വർഷവും ജനുവരി 18 മുതൽ 25 വരെയുള്ള തീയതികളിൽ കത്തോലിക്കാസഭയുടെയും സഭകളുടെ ലോക കൗൺസിലിന്റെയും (WCC) ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥനാ ശുശ്രൂഷയാണിത്. അതാത് പ്രാദേശിക തലത്തിൽ എല്ലാ സഭകളിലുമുള്ള വിവിധ ഇടവകകളും, വിവിധ സഭൈക്യ പ്രസ്ഥാനങ്ങളും ഇതിൽ ഭാഗഭാക്കാകാറുണ്ട്. വിവിധ സഭകളിലുള്ളവർ ഒരുമിച്ചു കൂടി സഭൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്നു.

### എക്യുമെനിക്കൽ ക്ലേർജി ഫെലോഷിപ്പ്, എക്യുമെനിക്കൽ ക്രിസ്ത്യൻ ഫെലോഷിപ്പ്

സഭകളുടെ ഐക്യം എന്ന സ്വപ്നത്തെ ലക്ഷ്യം വച്ചുകൊണ്ട് പ്രാദേശിക തലത്തിൽ രൂപപ്പെട്ടിട്ടുള്ള പ്രസ്ഥാനങ്ങളാണിവ. ഓരോ പ്രദേശത്തുമുള്ള സഭൈക്യ കാംക്ഷികളായ വൈദികരും അല്മായരും സജീവമായി മുന്നോട്ടു കൊണ്ടുപോകുന്ന പ്രസ്ഥാനങ്ങൾ. നിശ്ചിത കാലങ്ങളിൽ ഒരുമിച്ചു കൂടി പ്രാർത്ഥിക്കുകയും വിവിധ ആനുകാലിക വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. ഈ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ ഒരു കോർഡിനേഷൻ സംവിധാനമില്ല എന്നത് ഒരു പോരായ്മയായി കാണുന്നു.

### നിലയ്ക്കൽ എക്യുമെനിക്കൽ കമ്മറ്റി

മാർത്തോമ്മാശ്ലീഹായുടെ പരിപാവനമായ പാദസ്പർശത്താൽ പവിത്രീകരിക്കപ്പെട്ടതും, മലങ്കരയിലെ ആദ്യത്തെ ഏഴരപ്പള്ളികളിൽ ഉള്ളതുമായ

www.malankaralibrary.com

സ്ഥലമാണ് നിലയ്ക്കൽ അഥവാ ചായൽ. ഇന്ന് ഇത് കൊടുംവനമാണെങ്കിലും ഒരു കാലത്ത് പ്രധാന മനുഷ്യവാസ കേന്ദ്രവും കച്ചവട സ്ഥലവും, ഇന്നത്തെ തമിഴ്നാടുമായി യാത്രാ ബന്ധത്തിന് സഹായിച്ചിരുന്നതുമായ സ്ഥലമായിരുന്നു. ഒരു കൂട്ടം നസ്രാണികളുടെ സഹകരണത്തോടുകൂടി നിലയ്ക്കലിൽ ഒരു പള്ളിയ്ക്കുവേണ്ടി പ്രയത്നിച്ചതിന്റെ ഫലമായി കേരള ഗവൺമെന്റ് കൊടും കാട്ടിൽ പ്രത്യേകമായി അനുവദിച്ച സ്ഥലത്ത് ഒരു പള്ളി പണിയുകയും, കേരളത്തിലെ മാർത്തോമ്മാ നസ്രാണി സഭകൾ അതിന്റെ നടത്തിപ്പിനായി മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഒരു പക്ഷെ നിലയ്ക്കൽ പള്ളിയുടെ ഈ അനന്യത ലോകത്ത് ഒരിടത്തും ഇല്ലാത്ത കാര്യമാണ്. സഭൈക്യത്തിനുവേണ്ടിയുള്ള ഒരു സമിതി നിലയ്ക്കൽ കേന്ദ്രീകരിച്ച് രൂപീകൃതമാവുകയും ഇന്നും അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മാർത്തോമ്മാ നസ്രാണി സഭകളുടെ കൂട്ടായ്മ ഈ കമ്മറ്റി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നു. വിവിധ സഭകളിലെ സഭാ മേലദ്ധ്യക്ഷന്മാരും, വൈദികരും, അല്മായരും ഈ കമ്മറ്റിയിൽ അംഗങ്ങളാണ്. സഭൈക്യവുമായി ബന്ധപ്പെട്ട സമ്മേളനങ്ങളും, വിവിധ കർമ്മ പദ്ധതികളും ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു.

### SEERI, കോട്ടയം


കോട്ടയത്തുള്ള സെന്റ് എഫ്രേം എക്യുമെനിക്കൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് SEERI തിരുവല്ല അതിഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്ഥാനമാണ്. മാർത്തോമ്മാ നസ്രാണികളുടെ ആരാധനക്രമ ഭാഷയായ സുറിയാനിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും ഇവിടെനിന്ന് നല്കുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത സുറിയാനി പഠനകേന്ദ്രമാണിത്. വിവിധ സഭകളിലുള്ളവർ ഇവിടെ സുറിയാനി പഠനവും ആരാധനക്രമ പഠനവും നടത്തുന്നു. ബഹു. ജേക്കബ് തെക്കേപ്പറമ്പിലച്ചൻ ഇതിന്റെ സ്ഥാപക ഡയറക്ടറാണ്. ബഹു. രാജു പറക്കോട്ടച്ചൻ സുറിയാനി പഠനകേന്ദ്രത്തിന്റെ സാരഥ്യം വഹിക്കുന്നു. നാലുവർഷത്തിലൊരിക്കൽ ലോക സുറിയാനി സമ്മേളനവും നടന്നു വരുന്നു.

### സമാപനം

ക്രിസ്തുവിന് ഒരു സ്വപ്നം ഉണ്ട് - എല്ലാവരും ഒന്നാകണമെന്ന സ്വപ്നം. താനും തന്റെ പിതാവും ഒന്നായിരിക്കുന്നതുപോലെ ലോകം മുഴുവൻ തന്നിൽ ഒന്നാകണമെന്ന സ്വപ്നം. രണ്ടായിരം വർഷത്തെ പാരമ്പര്യവും ചരിത്രവുമുള്ള ക്രിസ്തുവിന്റെ കാതോലികവും ഏകവും വിശുദ്ധവും അപ്പസ്തോലികവുമായ സഭ ചരിത്രത്തിൽനിന്നും പാഠങ്ങളെ ഉൾക്കൊള്ളേണ്ടതുണ്ട്. ഇനിയും അനൈക്യം എന്ന പാപത്തിൽ മുഴുകി മുന്നേറാനാണ് ഭാവമെങ്കിൽ സഭ അതിന് വലിയ വില നല്കേണ്ടി വരും. കക്ഷിവഴക്കിന്റെ പേരിലും, ആരാധനക്രമത്തിന്റെ പേരിലും, തെക്കും വടക്കുമെന്നുള്ള വ്യത്യാസങ്ങളുടെ പേരിലും, ആരാണ് വലിയവൻ എന്ന ചിന്തയുടെ പേരിലും, സ്വത്തിന്റെയും അധികാരത്തിന്റെയും പേരിലുമൊക്കെ അടിപിടി കൂട്ടി സഭയെ ശിഥിലമാക്കാൻ ശ്രമിക്കുന്നവർ ആരായാലും, അത് വൈദികമേലദ്ധ്യക്ഷന്മാരോ വൈദികരോ അല്മായരോ ആരുമായിക്കൊള്ളട്ടെ, അവർ പിശാചിന്റെ കൈയ്യിലെ പിണിയാളുകളാണ്. ക്ഷമിക്കാനും മറക്കാനും പൊറുക്കാനും വിട്ടുവീഴ്ചകൾ ചെയ്യാനും വിട്ടുകൊടുക്കാനും കഴിയുന്നില്ലെങ്കിൽ എന്തു ന്യായം പറഞ്ഞാലും അവർ ക്രിസ്തുവിന്റെ മനസ്സിന് എതിരു നില്ക്കുന്നവരാണ്. അവർ ക്രിസ്തുവിന്റെ വഴിയ്ക്കു തടസ്സം നില്ക്കുന്ന "സാത്താൻമാർ" ആണെന്ന കാര്യത്തിൽ സംശയമില്ല. ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ല എന്ന് അസന്നിഗ്ദ്ധമായി അവിടുന്ന് പറഞ്ഞിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ ഇടപെടലിനായി പ്രാർത്ഥനയോടും ജീവിത വിശുദ്ധിയോടും, പശ്ചാത്താപത്തിലും പ്രായശ്ചിത്തത്തിലും ജീവിക്കുകയും ക്രിസ്തുവിന്റെ മനോഭാവം സ്വീകരിക്കുകയും ചെയ്യുന്ന സഭാതലവന്മാരും വൈദികരും സഭയിലുണ്ടാകണം. മതതീവ്രവാദികളെപ്പോലെ സഭാതീവ്രവാദികളെയല്ല ക്രിസ്തുവിന്റെ സഭയ്ക്ക് ആവശ്യം. ദൈവജനത്തെ ക്രിസ്തുവിന്റെ പാതയിലൂടെ നയിക്കുന്ന ഇടയന്മാരെയാണ് ആവശ്യം. ഇടയന്മാർ കുറവുകളും കുറ്റങ്ങളും ഉള്ളവരാകാം. ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ എല്ലാവരും സാധാരണക്കാരായ മനുഷ്യരായിരുന്നു. അവരിലൂടെയാണ് ക്രിസ്തു തന്റെ സുവിശേഷ ദൗത്യം നിർവഹിച്ചത്. വേദശാസ്ത്ര പണ്ഡിതനും, തത്വശാസ്ത്ര പണ്ഡിതനും വിശുദ്ധനും സഭാപിതാവുമായിരുന്ന വി. അഗസ്റ്റിന്റെ വാക്കുകൾ കേരളത്തിലെ ക്രൈസ്തവസഭയ്ക്ക് മാർഗ്ഗനിർദ്ദേശം നല്കട്ടെ: "അടിസ്ഥാന വിഷയങ്ങളിൽ ഐക്യം, ഐച്ഛിക വിഷയങ്ങളിൽ സ്വാതന്ത്ര്യം, എല്ലാ കാര്യങ്ങളിലും സ്നേഹം".

### ഉപകാരസ്മരണ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കല്ലിശ്ശേരി**

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ പുനരൈക്യ മഹാരഥന്മാർ



വ്യത്യസ്ത സഭകളിൽനിന്ന് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട 5 പിതാക്കന്മാരെക്കുറിച്ചുള്ള പുനരൈക്യ അനുസ്മരണവും ഓർമ്മക്കുറിപ്പുകളും


**ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ**

സഭാചരിത്രത്തിൽ പുതുയുഗപ്പിറവി സമ്മാനിച്ച, സമാനതകളില്ലാത്ത മലങ്കര പുനരൈക്യപ്രസ്ഥാനത്തിലൂടെ ആഗോളസഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭ, ഹയരാർക്കി സ്ഥാപനത്തിന്റെ നവതിയിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. 1930 സെപ്റ്റംബർ 20 നു ഒരു കടുകുമണിയായി നടപ്പെടുകയും, ദൈവകരുണയാലും പരിശുദ്ധാത്മ പ്രചോദനത്താലും പുണ്യപിതാക്കന്മാരാൽ ശ്രദ്ധാപൂർവ്വം പരിപാലിക്കപ്പെട്ട് ഐക്യത്തിന്റെ സന്ദേശം ഇന്നും ലോകത്തിനു പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ഈ ചെറിയ അജഗണത്തിന്റെ സംഭവബഹുലമായ ചരിത്രം പരിശോധിക്കുമ്പോൾ ഈ സഭയിൽ ഒന്നുംതന്നെ അവിചാരിതമായി സംഭവിച്ചിട്ടില്ല എന്നത് ബോധ്യമാകും. കാരണം സത്യത്തിനുവേണ്ടി നിലകൊള്ളുവാൻ ലോകദൃഷ്ടിയിൽ ശ്രേഷ്ഠമായവയൊക്കെയും ഉപേക്ഷിച്ച പാരമ്പര്യവും ദൈവത്തെ മാത്രം സമ്പാദ്യമായി പരിഗണിക്കുവാൻ പൂർവ്വപിതാക്കന്മാർ കാണിച്ച വിശ്വാസ സാക്ഷ്യവും ഈ സഭയെ ''അതിശീഘ്രം വളർന്നു കൊണ്ടിരിക്കുന്ന സഭാകൂട്ടായ്മയെന്ന്'' വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാൽ സാക്ഷ്യപ്പെടുത്തുവാൻ തക്കവിധം ഇടയാക്കി.

പരിശുദ്ധാത്മാവു നയിക്കുന്ന ഈ സഭയുടെ ജൈത്രയാത്രയിൽ ഈ കൂട്ടായ്മയ്ക്ക് ശൈശവദിശയിൽ ഊടും പാവും നൽകാൻ ദൈവം നിയോഗിച്ച പുനരൈക്യ പിതാക്കന്മാരെ നമുക്ക് വിസ്മരിക്കാനാവില്ല. മലങ്കരയിലെ വിവിധ എപ്പിസ്കോപ്പൽ സഭകളിൽനിന്ന്, തങ്ങൾ തിരിച്ചറിഞ്ഞ സത്യസഭയുടെ കൂട്ടായ്മയെ സധൈര്യം പുല്കിയ 5 പുണ്യപിതാക്കന്മാരാൽ മലങ്കര സുറിയാനി കത്തോലിക്കാസഭ കൂടുതൽ ശ്രേഷ്ഠയായിത്തീർന്നുവെന്നതിൽ തർക്കമില്ല. അവരുടെ ജീവിത സാക്ഷ്യവും, സത്യത്തിനുവേണ്ടി നിലകൊള്ളുവാൻ അവർ ഏറ്റെടുത്ത ത്യാഗങ്ങളും കടുകുമണിയായി നടപ്പെട്ട ഈ കൂട്ടായ്മയെ ഇന്ന് ലോകം ആദരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന വടവൃക്ഷമാക്കി തീർക്കുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേക്ക് നാം പ്രാർത്ഥനാപൂർവ്വം നടന്നടുക്കുമ്പോൾ പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ഈ പൂർവ്വസൂരികളെ അഭിമാനപൂർവ്വം അനുസ്മരിക്കാം.

### 1. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്ത

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയെന്ന് വിഖ്യാതനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സത്യാന്വേഷണത്തിന്റെയും ആഴമായ പഠനത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും നന്മകളാണ് ഒരു സഭയായി നാമിന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വ്യവഹാരങ്ങളാലും കക്ഷിവഴക്കുകളാലും പ്രശ്നകലുഷിതമായ മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകുവാൻ മറ്റു മാർഗ്ഗമില്ലെന്ന അദ്ദേഹ



www.malankaralibrary.com

ത്തിന്റെ തിരിച്ചറിവും, ശക്തമായ ബോധ്യങ്ങളും, ലോകം കണ്ട മഹത്തരവും അതിശക്തവുമായ പുനരൈക്യപ്രസ്ഥാനത്തിന് അടിസ്ഥാനം ഇടുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. മലങ്കരസഭ കണ്ട എക്കാലത്തെയും ശ്രേഷ്ഠനും അതീവ സമർത്ഥനുമായിരുന്ന മാർ ഈവാനിയോസ് എന്ന പുണ്യപുരുഷനെ ദൈവം നടത്തിയ വഴികൾ അത്ഭുതാവഹമാണ്. പ്രാർത്ഥനയിലൂടെയും സന്യാസാനുഷ്ഠാന ക്രമങ്ങളിലൂടെയും ദൈവിക കൃപകൾ സ്വീകരിച്ച് അദ്ദേഹം എടുത്ത തീരുമാനം ശരിയായിരുന്നുവെന്ന് ഇന്നും കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. തനിക്കുണ്ടായിരുന്നതും ഭാവിയിൽ നേടാവുന്നതുമായ സകലവും ദൈവാത്മാവ് വെളിപ്പെടുത്തിക്കൊടുത്ത സത്യത്തിനുവേണ്ടി ഉപേക്ഷിക്കുവാൻ അദ്ദേഹം കാണിച്ച ചങ്കൂറ്റമാണ് ഈ സഭയുടെ ജീവശക്തി.

1653 ൽ കൂനൻകുരിശിൽ കെട്ടിയ അനൈക്യത്തിന്റെ ആലാത്തുകളെ തന്റെ കണ്ണീരാലും പ്രാർത്ഥനയാലും പൊട്ടിച്ചെറിഞ്ഞ് ഐക്യത്തിന്റെ വിശാലപാത വെട്ടിത്തുറക്കുവാൻ ദൈവം മാർ ഈവാനിയോസ് പിതാവിനെ ഉപകരണമാക്കുകയായിരുന്നുവെന്ന് സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നു. ദീർഘകാലത്തെ പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും സത്യാന്വേഷണത്തിലൂടെയും അദ്ദേഹം സമാരംഭിച്ച മലങ്കര പുനരൈക്യ പ്രസ്ഥാനം ഇന്ന് കത്തോലിക്കാ കൂട്ടായ്മയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹീത സാക്ഷ്യമായിത്തീർന്നിരിക്കുന്നുവെന്നതിൽ നമുക്ക് അഭിമാനിക്കാം. തന്റെ 22 വർഷത്തെ ശ്രേഷ്ഠമായ ശുശ്രൂഷയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് ശക്തമായ അടിസ്ഥാനമൊരുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. തന്റെ ജീവിത സാക്ഷ്യത്തിലൂടെ കത്തോലിക്കാസഭാ കൂട്ടായ്മയുടെ നന്മയും സമാധാനവും അനേകം അകത്തോലിക്കരിലേക്ക് പകരുവാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നതാണ് മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചക്കു വഴിയൊരുക്കിയത്. അദ്ദേഹത്തിന്റെ അനുഗ്രഹീത ജീവിതത്തിലും വ്യക്തിപ്രാഭവത്തിലും ആകൃഷ്ടരായി മെത്രാന്മാരും വൈദികരും അൽമായപ്രേഷിതരും കത്തോലിക്കാകൂട്ടായ്മയുടെ ആത്മനിർവൃതിയിലേക്ക് പങ്കുചേർന്നത് സഭാചരിത്രത്തിൽ പുതിയ അദ്ധ്യായത്തിന് വഴി തെളിച്ചു.

**2. യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സന്തത സഹചാരിയും പുനരൈക്യപ്രസ്ഥാനത്തിന്റെ സഹശില്പിയുമായ മാർ തെയോഫിലോസ് പിതാവ് പുനരൈക്യപ്രസ്ഥാനത്തിനും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കും എക്കാലവും ഒരു ആത്മീയസ്രോതസ്സായിരുന്നു. മാലാഖക്കടുത്ത മനുഷ്യനെന്ന് തന്റെ ജീവിതകാലത്ത് പ്രകീർത്തിക്കപ്പെട്ട ഈ പുണ്യപിതാവിന്റെ ജീവിത വിശുദ്ധിയും പ്രാർത്ഥനാ ചൈതന്യവും മലങ്കര പുനരൈക്യപ്രസ്ഥാനത്തിന് കരുത്തു പകർന്നു. മോശയ്ക്ക് അഹറോൻ എപ്രകാരമായിരുന്നുവോ അപ്രകാരം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കൂടെ സഭൈക്യശുശ്രൂഷയിൽ പൂർണ്ണമായി സമർപ്പിച്ച പിതാവ് ഏറ്റെടുത്ത ത്യാഗങ്ങൾ വിലമതിക്കാനാവാത്തതാണ്. നവതി നിറവിലായിരിക്കുന്ന തിരുവല്ല അതിഭദ്രാസനത്തിന്റെ അടിസ്ഥാന ശിലയായി ദൈവം നിയോഗിച്ച പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും ആത്മീയതയുടേയും വിശുദ്ധ ജീവിതത്തിന്റെയും ഫലമായി, പുനരൈക്യപ്രസ്ഥാനത്തിന് ഏറെ വെല്ലുവിളികൾ നേരിട്ട മധ്യതിരുവിതാംകൂറിന്റെ മണ്ണിൽ പുനരൈക്യപ്രസ്ഥാനവും മലങ്കര സുറിയാനി കത്തോലിക്കാസഭയും തഴച്ചുവളരുവാൻ ദൈവം ഇടയാക്കി.

പുനരൈക്യപ്രസ്ഥാനത്തെ മുളയിൽത്തന്നെ നുള്ളിക്കളയുവാൻ എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നവരുടെ ഇടയിൽ, ദൈവത്തിൽ മാത്രം ആശ്രയിച്ച് സധൈര്യം സഭൈക്യശുശ്രൂഷകളെ ബലപ്പെടുത്തുവാൻ തന്റെ ഔദ്യോഗിക ശുശ്രൂഷയുടെ വളരെ




ഹ്രസ്വമായ കാലയളവിലും അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് ദൈവനടത്തിപ്പിന്റെ മറ്റൊരടയാളമാണ്. തന്റെ അനാരോഗ്യംമൂലം ഔദ്യോഗിക ശുശ്രൂഷയിൽ ദീർഘകാലം തുടരുവാൻ കഴിഞ്ഞില്ലെങ്കിലും, തന്റെ സഹനജീവിതത്തിന്റെ നന്മയാൽ അതിഭദ്രാസനത്തെ

www.malankaralibrary.com

യും, സഭയെയും പുനരൈക്യശുശ്രൂഷകളെയും അദ്ദേഹം ശക്തിപ്പെടുത്തിയെന്നതിൽ തർക്കമില്ല. ചുരുങ്ങിയ കാലത്തെ ഔദ്യോഗിക ഭരണകാലത്ത് മധ്യതിരുവിതാകൂറിൽ അനേകം ഇടവകകൂട്ടായ്മകൾ ആരംഭിക്കാനും, പള്ളികൾ പണിയുവാനും ഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് അടിത്തറയൊരുക്കുവാനും ദൈവം ഈ പുണ്യ പിതാവിനെ ഉപകരണമാക്കി. അതുവഴി മലങ്കര പുനരൈക്യപ്രസ്ഥാനം പടർന്നു പന്തലിക്കുവാൻ ഇടയായി.

**3. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രത്തിലെ മറ്റൊരു ദൈവനടത്തിപ്പിന്റെ അദ്ധ്യായമാണ് ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം. പുനരൈക്യപ്രസ്ഥാനത്തിനെതിരെ പല്ലും നഖവുമുപയോഗിച്ച് പോരാടിയിരുന്ന അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയിലെ നിരണം ഭദ്രാസനാധിപനായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ ശിഷ്യനായിരുന്ന മാർ സേവേറിയോസ് തിരുമേനിക്ക്, മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തെ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. തത്ഫലമായി എങ്ങനെയെല്ലാം പുനരൈക്യപ്രസ്ഥാനത്തെയും അതിന്റെ വളർച്ചയെയും തകർക്കാൻ കഴിയുമോ അതെല്ലാം ചെയ്യുവാൻ അദ്ദേഹം മുന്നിട്ടിറങ്ങി. എന്നാൽ മാർ സേവേറിയോസ് തിരുമേനിയെക്കുറിച്ചുള്ള ദൈവഹിതം മറ്റൊന്നായിരുന്നു. ക്രിസ്തീയസഭയെ ഉൻമൂലനം ചെയ്യുവാൻ എല്ലാ മാർഗ്ഗങ്ങളും പ്രയോഗിച്ച് സഭയെ പീഡിപ്പിച്ച സാവൂളിനെ ദൈവം മാനസാന്തരപ്പെടുത്തി പൗലോസ് ശ്ലീഹായാക്കിത്തീർത്തതുപോലെ, മലങ്കര പുനരൈക്യ പ്രസ്ഥാനത്തെ വേരോടെ ഉൻമൂലനം നടത്താൻ ഇറങ്ങിപ്പുറപ്പെട്ട മാർ സേവേറിയോസ് തിരുമേനിയെ മലങ്കരയുടെ പൗലോസാക്കി ദൈവം രൂപാന്തരപ്പെടുത്തിയെന്നത് മലങ്കര സുറിയാനി കത്തോലിക്കാസഭയെക്കുറിച്ചുള്ള ദൈവപദ്ധതിയുടെ അടയാളമായിരുന്നു.

ബാലാരിഷ്ടതകളിലായിരുന്ന തിരുവല്ല ഭദ്രാസനത്തെ ശക്തമായി നയിച്ചുകൊണ്ടിരുന്ന മാർ തെയോഫിലോസ് തിരുമേനി ആകസ്മികമായി അനാരോഗ്യവാനാകുകയും, ഭദ്രാസനത്തിന്റെയും പുനരൈക്യശുശ്രൂഷകളുടെയും മുന്നോട്ടുള്ള പ്രവർത്തനങ്ങളെ അത് സാരമായി ബാധിക്കുകയും ചെയ്ത കാലയളവിലാണ് ദൈവനിയോഗപ്രകാരം മാർ സേവേറിയോസ് തിരുമേനി കത്തോലിക്കാസഭയെ പുല്കിയത്. പ്രതിസന്ധിയിലായിരുന്ന തിരുവല്ല ഭദ്രാസനത്തിനും മലങ്കര പുനരൈക്യപ്രസ്ഥാനത്തിനും അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം പുത്തൻ ഉണർവേകി. കത്തോലിക്കാസഭയ്ക്കെതിരെ പ്രവർത്തിച്ചതിന്റെ നൂറുമടങ്ങ് വീര്യത്തോടെ,





'പുനരൈക്യത്തെപ്പറ്റി ഒരാളോടെങ്കിലും സംസാരിക്കാത്ത ദിവസം തന്റെ ജീവിതത്തിലെ ഒരു നഷ്ടദിനമാണെന്ന്' സധൈര്യം പ്രഖ്യാപിക്കുവാൻ തക്കവണ്ണം പുനരൈക്യ പ്രേഷിതനായി ദൈവം അദ്ദേഹത്തെ ഉയർത്തി. മാർ ഈവാനിയോസ് തിരുമേനിയോടൊന്നിച്ച് സഭയുടെ പൊതുവായ വളർച്ചയിലും വിശിഷ്യ തിരുവല്ല ഭദ്രാസനത്തിന്റെ അതിർത്തി വ്യാപിപ്പിച്ച് വടക്കൻ പ്രദേശങ്ങളിൽ ഇടവകകളും മിഷനുകളും സ്ഥാപിച്ച് പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതോടൊപ്പം വിദ്യാഭ്യാസ മേഖലയിൽ ശക്തമായ കാൽവയ്പ് നടത്തുവാൻ അദ്ദേഹത്തിന്റെ ഭരണകാലത്ത് സാധിച്ചു. തന്റെ ആരോഗ്യംപോലും വകവയ്ക്കാതെ പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി അത്യദ്ധ്വാനം ചെയ്ത് സഭയെ കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം സദാ ജാഗരൂകനായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ഈ ധീരപോരാളിയെ അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ സംഭാവനകളെ മുൻനിർത്തി തിരുസിംഹാസനം 'ആർച്ചുബിഷപ്പ്' എന്ന പദവി നൽകി ആദരിച്ചതും മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് ലഭിച്ച അംഗീകാരമായിരുന്നു.

www.malankaralibrary.com

### 4. തോമസ് മാർ ദിയസ്കോറസ് മെത്രാപ്പോലിത്ത

ക്നാനായ യാക്കോബായസഭയുടെ പരമാദ്ധ്യക്ഷനായിരിക്കെ കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശിച്ച പുണ്യശ്ലോകനായ തോമസ് മാർ ദിയസ്കോറസ് തിരുമേനിയുടെ പുനരൈക്യവും സഭാചരിത്രത്തിൽ ഏറെ പ്രധാനപ്പെട്ടതാണ്. ക്നാനായ യാക്കോബായസഭയിൽ വൈദികനായിരുന്ന കാലത്തുതന്നെ സത്യസഭയാകുന്ന കത്തോലിക്കാസഭയെ പുല്കുവാൻ അദ്ദേഹം അത്യധികം ആഗ്രഹിച്ചിരുന്നു. സഭയൊന്നാകെ കത്തോലിക്കാസഭയെ ആശ്ലേഷിക്കണമെന്ന തീരുമാനം ക്നാനായ സഭാനേതൃത്വത്തിൽ നിന്നുണ്ടായെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പലരും പിൻവാങ്ങി. എന്നാൽ അന്ന് വൈദികനായിരുന്ന ഒറ്റത്തൈക്കൽ തോമസ് കത്തനാരെന്ന തിരുമേനി കോട്ടയം ക്നാനായ രൂപതയിൽ ഏതാനും വൈദികരോടൊപ്പം ചേർന്നു. 1921 ജൂലൈ 5 മുതൽ ഇപ്രകാരം പുനരൈക്യപ്പെട്ടവർക്ക് അന്ത്യോക്യൻ ആരാധന




ക്രമം ഉപയോഗിക്കുന്നതിന് മാർപാപ്പയിൽനിന്നും അനുവാദം ലഭിച്ചപ്പോൾ അന്ത്യോക്യൻ ക്രമത്തിൽ വിശുദ്ധ കുർബാന കത്തോലിക്കാസഭയിൽ ആദ്യമായി അർപ്പിക്കാനുള്ള ഭാഗ്യം അന്ന് വൈദികനായിരുന്ന ദിയസ്കോറോസ് തിരുമേനിക്കാണ് ലഭിച്ചത്. അങ്ങനെ ക്നാനായ യാക്കോബായ സഭാംഗങ്ങളിൽ പലരുടെയും പുനരൈക്യത്തിന് തിരുമേനി കാരണമായി. ഈ കാലഘട്ടത്തിൽ ക്നാനായ യാക്കോബായസഭയിലെ മെത്രാപ്പോലിത്തയായിരുന്ന മാർ സേവേറിയോസ് തിരുമേനി രോഗബാധിതനാവുകയും, മെത്രാപ്പോലീത്താസ്ഥാനത്തേക്ക് പുതിയൊരാളെ കണ്ടെത്താൻ പ്രതിസന്ധിയുണ്ടാവുകയും ചെയ്തപ്പോൾ സമുദായാംഗങ്ങളുടെ പൊതുവായ ആഗ്രഹത്തിനും നിർബന്ധത്തിനും വഴങ്ങി ഒറ്റത്തൈക്കൽ തോമസ് അച്ചന് മാതൃസഭയിലേക്ക് തിരികെ പോകേണ്ടിവന്നു. അങ്ങനെ ക്നാനായ മെത്രാപ്പോലിത്തയായി തോമസ് മാർ ദിയസ്കോറോസ് എന്ന പേരിൽ അദ്ദേഹം അഭിഷിക്തനായി. 12 വർഷക്കാലം മാതൃസഭയ്ക്കുവേണ്ടി അദ്ധ്വാനിച്ചപ്പോഴും കത്തോലിക്കാകൂട്ടായ്മയിൽ തിരികെയെത്തുവാൻ ഏറെ ആഗ്രഹിച്ചിരുന്നു. ഏറെക്കാലത്തെ പ്രാർത്ഥനയ്ക്കും ചിന്തകൾക്കുമൊടുവിൽ 1939 ൽ മാർ ഈവാനിയോസ് തിരുമേനിയിലൂടെ പൂവണിഞ്ഞ മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ ഭാഗമാകുകയും എല്ലാ അധികാരങ്ങളും സ്ഥാനമാനങ്ങളും വെടിഞ്ഞ് കത്തോലിക്കാസഭയിലേക്ക് പ്രവേശിക്കുകയും ചെയ്തു.


മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ പ്രത്യേക സ്ഥാനമാനങ്ങളൊന്നും ഏറ്റെടുക്കാതെ ഒരു താപസനെപ്പോലെ തിരുമൂലപുരത്ത് താമസിച്ച പിതാവ് പുനരൈക്യപ്രസ്ഥാനത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും വളർച്ചക്കുവേണ്ടി നിരന്തരം പ്രാർത്ഥനയിലും നോമ്പനുഷ്ഠാനങ്ങളിലുമായി 1943 വരെയുള്ള തന്റെ ശിഷ്ടജീവിതകാലം ചിലവഴിച്ചു. പുനരൈക്യശേഷം ആരാലും അധികം അറിയപ്പെടാനാഗ്രഹിക്കാതെ പ്രാർത്ഥനയിലും പരിത്യാഗത്തിലും വ്യാപൃതനായി മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ അവിസ്മരണീയമായ ചില സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച് സഭൈക്യത്തിന്റെ ശീതളഛായയിൽ ആത്മനിർവൃതി പൂണ്ട് അദ്ദേഹം കഴിഞ്ഞു. അദ്ദേഹത്തിന്റെ പുനരൈക്യാനന്തര ജീവിതസാക്ഷ്യം കണ്ട് ആകൃഷ്ടരായി അനേകം പേർ പുനരൈക്യപ്പെട്ടു. അങ്ങനെ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് ശക്തി പകർന്ന ആത്മീയ സ്രോതസ്സായി അദ്ദേഹം തന്റെ ജീവിതത്തെ മലങ്കരസഭയ്ക്കു സമർപ്പിച്ചു.

### 5. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലിത്ത

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രസക്തി അതിന്റെ ആരംഭനാളുകളിലെപ്പോലെത്തന്നെ തുടർന്നും ശക്തമായിരുന്നുവെന്നതിന്റെ തെളിവായിരുന്നു 1977 ഓഗസ്റ്റ് 28 നു നടന്ന പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ പുനരൈക്യം. മലബാർ സ്വതന്ത്ര

www.malankaralibrary.com

സുറിയാനിസഭയുടെ (തൊഴിയൂർ) അദ്ധ്യക്ഷനായി ശുശ്രൂഷ ചെയ്തിരുന്ന തിരുമേനി, തന്റെ അനേക നാളുകളിലെ പഠനത്തിനും പ്രാർത്ഥനയ്ക്കുമൊടുവിലാണ് സത്യസഭയാകുന്ന കത്തോലിക്കാസഭാകൂട്ടായ്മയെ ആശ്ലേഷിച്ചത്. 1977 മുതൽ 1998 വരെ സഭയുടെ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകാനും പുനരൈക്യ പാതയിൽ അനേകർക്ക് മാർഗ്ഗദീപമാകാനും അഭിവന്ദ്യ തിരുമേനിക്ക് കഴിഞ്ഞു. ഒരു പ്രത്യേക ഭദ്രാസനത്തിന്റെ ചുമതല വഹിച്ചിരുന്നില്ലായെങ്കിലും സഭയുടെ എല്ലാവിധമായ പ്രവർത്തങ്ങളിലും തിരുമേനി സജീവ സാന്നിധ്യമായിരുന്നു. തന്റെ സാഹിത്യരചനകളിലൂടെയും ജീവിത മാതൃകയിലൂടെയും പുനരൈക്യ പ്രസ്ഥാനത്തിന് തനതായ സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആധുനിക കാലത്തെ പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ച, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുതിയ ഭദ്രാസനങ്ങളുടെ രൂപീകരണം, അതിന്റെ വളർച്ച, പൊതുസമൂഹത്തിൽ സഭയുടെ സ്വാധീനം ഇവയൊക്കെ കാണുവാനും അവയിൽ പങ്കാളിയാകുവാനും അദ്ദേഹത്തിന് കഴിഞ്ഞു. നിരവധി രോഗങ്ങളാൽ ജീവിതത്തിലുണ്ടായ സഹനങ്ങൾ സഭയുടെ വളർച്ചയ്ക്കുവേണ്ടി സമർപ്പിക്കാനും, സഭയ്ക്കും




പുനരൈക്യപ്രസ്ഥാനത്തിനും ആത്മീയ പിന്തുണ നൽകുവാനും വന്ദ്യ പിതാവിന്റെ ശ്രേഷ്ഠമായ ജീവിതത്തിന് സാധിച്ചു.

മലങ്കരയിലെ വിവിധ സഭാസമൂഹങ്ങളിലെ ശ്രേഷ്ടചാര്യന്മാരായിരിക്കെ സത്യസഭാകൂട്ടായ്മയിലേക്ക് ഈ 5 പിതാക്കന്മാരോടൊപ്പം തന്നെ നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ഏതാനും പിതാക്കന്മാരും മലങ്കര സഭയിലുണ്ട്. പുനരൈക്യ പ്രസ്ഥാനത്തിലൂടെ ഈ സഭയുടെ ഭാഗമായിത്തീർന്ന്, ഈ സഭയുടെ നന്മകളേറ്റു വാങ്ങി പില്ക്കാലത്ത് ശ്രേഷ്ഠാചാര്യ ശുശ്രൂഷയിലേക്ക് വിളിച്ചു ചേർക്കപ്പെട്ട് നമ്മുടെ സഭയ്ക്ക് ശക്തമായ നേതൃത്വം നൽകിയ അഭിവന്ദ്യരായ ബനഡിക്ട് മാർ ഗ്രിഗോറിയോസ്, സഖറിയാസ് മാർ അത്തനാസിയോസ്, ഗീവർഗീസ് മാർ തിമോത്തിയോസ് തുടങ്ങിയ പിതാക്കന്മാരുടെയും സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

**ഉപസംഹാരം**

അക്ഷരാർത്ഥത്തിൽ ശൂന്യതയിൽനിന്നും ദൈവം കൈപിടിച്ചുയർത്തി നയിച്ച് വളർത്തിയ സംഭവബഹുലമായ മലങ്കര പുനരൈക്യപ്രസ്ഥാനത്തിന്റെ ഇന്നോളമുള്ള ചരിത്രം അതിശയകരമാണ്. ‘‘ചെറിയ അജഗണമേ ഭയപ്പെടേണ്ട. എന്തെന്നാൽ നിങ്ങൾക്കു രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു’’ (ലൂക്കാ 12:32) എന്ന വേദവാക്യം ഇത്രമാത്രം അന്വർത്ഥമായിത്തീർന്നതിന്റെ സജീവ സാക്ഷ്യമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ. സഭയുടെ ഈ വളർച്ചയിൽ ഓരോ കാലത്തിനും അനുയോജ്യരായ പുണ്യപിതാക്കന്മാരെ ദൈവം ഈ സഭയ്ക്ക് നൽകിയെന്നത് ശക്തമായ ദൈവപരിപാലനയുടെ അടയാളമാണ്. മലങ്കരയുടെ ശാശ്വത സമാധാനത്തിന് ദൈവാത്മാവ് കാണിച്ചുകൊടുത്ത പുനരൈക്യത്തിന്റെ പാതയെ സ്ഥാനമാനങ്ങളോ അധികാരമോ, സമ്പത്തോ പരിഗണിക്കാതെ വിശ്വാസപൂർവ്വം പുല്കിയ പുനരൈക്യപിതാക്കന്മാരുടെ ജീവിതസാക്ഷ്യം മലങ്കര മക്കൾക്ക് എക്കാലവും പ്രചോദനമാണ്. ദൈവാശ്രയം മാത്രം കൈമുതലാക്കി സത്യത്തെ പുല്കാൻ അനിശ്ചിതത്വത്തിലേക്ക് ഇറങ്ങിത്തിരിച്ച അവരുടെ അദ്ധ്വാനത്തിന്റെ നന്മയാണ് പിൻതലമുറക്കാരായ നാമിന്ന് അനുഭവിക്കുന്ന ആത്മീകവും ഭൗതികവുമായ എല്ലാ നേട്ടങ്ങളും. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു നൈയാമികമായ അസ്തിത്വം കൈവരിച്ചതിന്റെ നവതി വർഷത്തിൽ നാം ആയിരിക്കുമ്പോൾ പുനരൈക്യ പ്രേഷിതരായ പൂർവ്വസൂരികളുടെ പാവനമായ ഓർമ്മകൾക്കു മുമ്പിൽ നമ്രശിരസ്ക്കരാകാം. അവർ കാണിച്ചു തന്ന സത്യത്തിന്റെ പാതയിലൂടെ സധൈര്യം മുന്നേറാം. ഇന്നിന്റെ പുനരൈക്യ പ്രേഷിതരാകാം.

www.malankaralibrary.com



# കത്തോലിക്കാസഭയുടെ വികസന ഇടപെടലുകളിലെ പ്രേഷിതത്വം

**ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ**
(സെക്രട്ടറി ഫോർ സോഷ്യൽ അപ്പോസ്തലേറ്റ്
മലങ്കര സുറിയാനി കത്തോലിക്കാസഭ)

സഭയുടെ സാമൂഹിക വികസന ഇടപെടലുകളുടെയെല്ലാം അടിസ്ഥാനം സുവിശേഷ പ്രഘോഷണമാണ്. ദൈവരാജ്യസംസ്ഥാപനത്തിനുള്ള പ്രതിബദ്ധതയാണ് സഭ സാമൂഹിക വികസന ഇടപെടലുകളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുക എന്നത് സഭാമക്കളുടെ പൊതുവായ ഉത്തരവാദിത്വമാണ്. സുവിശേഷം എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത് സു+വിശേഷം = നല്ല വിശേഷം എന്ന അർത്ഥത്തിലാണ്. ഈ രീതിയിൽ മനസിലാക്കുമ്പോൾ എല്ലാവർക്കും വാസയോഗ്യമായ ഭവനമുണ്ടാകുന്നതും, ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതും, വിദ്യാസമ്പന്നമായ സമൂഹനിർമ്മിതിയും സുവിശേഷമാണ്, നല്ല വിശേഷമാണ്. പ്രകൃതി വിഭ



വങ്ങളെ സംരക്ഷിക്കുന്നതും, കൃഷിയെ പരിപോഷിപ്പിക്കുന്നതും, തൊഴിൽ സാധ്യതകളെ തിരിച്ചറിഞ്ഞ് പുതിയ തൊഴിൽ സംരംഭങ്ങൾ ഉണ്ടാകുന്നതും സുവിശേഷമാണ്. നല്ല വിശേഷമാണ്. ദുരിതം അനുഭവിക്കുന്നവർക്കും ദുരന്തങ്ങൾ നേരിടേണ്ടി വന്നവർക്കും സഹായഹസ്തം എത്തിച്ചുകൊടുക്കുന്നതും, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരായ സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, ഏകസ്ഥർ, വിധവകൾ, ഗിരിജനങ്ങൾ, ദളിതർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതും സുവിശേഷമാണ്, നല്ല വിശേഷമാണ്. സഭയുടെ സാമൂഹിക ഇടപെടലുകളുടെയെല്ലാം ആത്യന്തികമായ ലക്ഷ്യം, ഒരു നീതി സമൂഹത്തെ പടുത്തുയർത്തുക എന്നതാണ്. വികസന ഇടപെടലുകൾവഴി സമൂഹത്തെ സേവിക്കുക എന്നതിലുപരി ജീവിക്കുന്ന ദൈവത്തെ നമ്മിലൂടെ കണ്ടുമുട്ടുന്നതിനും അനുഭവിക്കുന്നതിനും അവസരം ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ് ഈ പ്രേഷിതവേലയുടെ പരമവും പ്രധാനവുമായ ഉദ്ദേശ്യം. അങ്ങനെ സാമൂഹിക സേവനം ആത്മീയതയുടെ ഭാഗമായി പതിറ്റാണ്ടുകളായി സഭ തുടർന്നു കൊണ്ടേയിരിക്കുന്നു.

### പ്രകൃതി വിഭവ സംരക്ഷണം

ദൈവത്തിന്റെ സൃഷ്ടിയായ പ്രപഞ്ചത്തെ വരുംതലമുറകൾക്കായി കാത്തുസൂക്ഷിക്കുക എന്നത് സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ ധർമ്മമാണ്. ദൈവം മനോഹരമായി സൃഷ്ടിച്ച പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും നശിപ്പിക്കുന്നതിനോ, മലിനമാക്കുന്നതിനോ നമ്മുക്ക് അധികാരമില്ല. കാരണം നാം പ്രകൃതിയുടെ ഉടമസ്ഥരല്ല, സൂക്ഷിപ്പുകാർ മാത്രമാണ്. ഈ ബൈബിൾ കാഴ്ചപ്പാടോടുകൂടിയാണ് പ്രകൃതിവിഭവ സംരക്ഷണ പ്രവർത്തനങ്ങളിൽ സഭ ഇടപെടുന്നത്. കർത്താവിന്റെ ഉപമകളിലും പ്രബോധനങ്ങളിലും പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും അതിമനോഹരമായി ഉപയോഗിക്കുന്നുണ്ട്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പറയുന്നു: ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുദ്ധമായ മണ്ണ്, ശുദ്ധമായ ഭക്ഷണം ഇവയെല്ലാം, എല്ലാ ജീവജാലങ്ങളുടേയും അവകാശമാണ് എന്ന്. പരിസ്ഥിതി മലീനികരണത്തെ മാർപാപ്പ നിശിതമായി വിമർശിക്കുന്നുമുണ്ട്. ഭൂമിയെ നമ്മുടെ പൊതുഭവനമായിട്ടാണ് മാർപാപ്പ വിശേഷിപ്പിക്കുന്നത്. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിൽ Reduce, Reuse, Recycle എന്ന പൊതുതത്വമാണ് സഭ നടപ്പിലാ

ക്കിക്കൊണ്ടിരിക്കുന്നതും. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സ്ഥലജല പരിപാലനം മണ്ണ്, കല്ല്, കയ്യാലകളുടെ നിർമ്മാണം, തടയണകളുടെ നിർമ്മാണം, ജൈവവേലി, വനവത്കരണം, ഊർജ്ജസംരക്ഷണം, മാലിന്യസംസ്കരണം, water audit തുടങ്ങിയ അനേകം പ്രവർത്തനങ്ങളും അവയോട് അനുബന്ധിച്ചുള്ള ധാരാളം പ്രവർത്തികളും സഭ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങൾ നമ്മുടെ പ്രധാന ശുശ്രൂഷാ മേഖലയാണ്. കേരളം, ധാരാളം നദികളും, തോടുകളും, കുളങ്ങളും, കായലുകളുംകൊണ്ട് സമ്പന്നമാണ്. പക്ഷേ ഇവയെല്ലാം മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. അതിനാൽ ജലസ്രോതസുകളുടെ സംരക്ഷണം സഭയുടെ കടമയാണ്. ഒരുകാലത്ത് വർഷം മുഴുവൻ നൂൽമഴയായി ജലം ലഭിച്ചിരുന്ന നമ്മുടെ നാട്ടിൽ ഇന്ന് വരൾച്ച നിലനിൽക്കുന്ന പ്രതിഭാസമായി മാറിക്കൊണ്ടിരിക്കുന്നു. കാലം തെറ്റി പെയ്യുന്ന മഴയും അതിതീവ്ര മഴയും ഈ കാലഘട്ടത്തിന്റെ പ്രതിഭാസങ്ങളാണ്. കാലവർഷംപോലും പ്രവചനാതീതമാണ്. ന്യൂനമർദ്ദത്തെ ആശ്രയിച്ചാണ് നമുക്ക് ഇപ്പോൾ മഴ ലഭിക്കുന്നത്. ആയതിനാൽ മഴവെള്ളത്തിന്റെ പ്രാധാന്യവും ഉപയോഗവും മനസിലാക്കിക്കൊടുക്കുന്ന പ്രവർത്തനങ്ങളും സഭ നടപ്പിലാക്കി വരുന്നു. ഒരു കാലത്ത് മലയാളികളുടെ അഹങ്കാരമായിരുന്ന കിണർസംസ്കാരം ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. ഇവയെല്ലാംമൂലം, ഒരു പുത്തൻ ജലസാക്ഷരത സഭ സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്നു. ജലത്തിന്റെ നീതിപൂർവ്വകമായ ഉപയോഗം ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും, തൻമൂലമുള്ള ആഘാതവും പുതുതലമുറയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിനെ പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങളും സഭ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അശാസ്ത്രീയമായ മാലിന്യസംസ്കരണവും വായു മലിനീകരണവും കാലാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ഒരു പരിസ്ഥിതി സൗഹൃദ സമൂഹനിർമ്മിതിയാണ് സഭയുടെ ലക്ഷ്യം.

**കാർഷിക വികസനം**

നമ്മുടെ സംസ്കാരംതന്നെ കൃഷിയാണ്. കൃഷിയുടെ പരിപോഷണത്തിനായി ധാരാളം പ്രവർത്തനങ്ങൾ സഭ നടപ്പിലാക്കുന്നുണ്ട്. ചെറുകിട കർഷകരാണ് സഭയുടെ കുടുംബങ്ങളിൽ ഭൂരിഭാഗവും. ഏകവിള സമ്പ്രദായത്തേക്കാൾ ബഹുവിള, ഇടവിള കൃഷി സമ്പ്രദായമാണ് കൂടുതലായി നാം പ്രോത്സാഹിപ്പിക്കുന്നത്. കർഷകരാണല്ലോ നമ്മുടെ അന്നദാതാക്കൾ. കൃഷി മാത്രമല്ല കൃഷി ചെയ്യുന്ന കർഷകരാണ് നാടിന്റെ സമ്പത്ത്. പ്രധാനമായും ഭക്ഷ്യവിളകളും നാണ്യവിളകളുമാണ് നാം പരിപോഷിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനം ഇന്ന് ഒരു ഉപഭോഗ സംസ്ഥാനമാണ്. എന്തിനും ഏതിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നമ്മുടെ ജീവിതം. ഇതിനൊരു പരിഹാരം എന്ന നിലയിൽ ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കുവാനും സഭ ലക്ഷ്യം വയ്ക്കുന്നു. നമുക്ക് ആവശ്യമായ പച്ചക്കറി, ധാന്യങ്ങൾ, പാൽ, മുട്ട ഇവയെല്ലാം ഉൽപാദിപ്പിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കുടുംബകൃഷിയുടെ വ്യാപനത്തിൽ മുഖ്യ പങ്കു വഹിക്കുവാൻ നമ്മുടെ സന്നദ്ധ സംഘടനകൾക്ക് സാധിച്ചിട്ടുണ്ട്. വിഷവിമുക്തമായ ഭക്ഷണം എന്നുള്ളതാണ് നമ്മുടെ ആപ്തവാക്യം. ഇതിനായി ജൈവകൃഷിയുടെ വ്യാപനത്തിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത് പ്രത്യാശജനകമാണ്. കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ചെറുകിട സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി സഭ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതുമൂലം ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് മുഴുവൻ ലാഭവും ലഭിക്കാൻ സാഹചര്യം ഉണ്ടാകുന്നു. പ്രത്യേകിച്ച് ഈ കൊറോണ കാലയളവിൽ വിദേശങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തുന്നവർക്ക് ഉപജീവനത്തിനുള്ള ഉപാധിയായി ഈ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു.

ജൈവകൃഷിയുടെ ഭാഗമായി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കും സഭ നേതൃത്വം നൽകി വരുന്നു. രാസവള, കീടനാശിനികൾ മണ്ണിന്റെ ആരോഗ്യത്തെ ഹനിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി ജൈവ വളങ്ങളും, ജൈവ കീടനാശിനികളും സഭ പ്രോത്സാഹിപ്പിക്കുന്നു. നാട്ടറിവുകളും, നാടൻ വിത്തിനങ്ങളുടെ സംരക്ഷണവും സഭാസംഘടനകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയിലെ തൊഴിൽക്ഷാമം പരിഹരിക്കുന്നതിനായി ലേബർ ബാങ്ക് പോലുള്ള പ്രവർത്തനങ്ങൾക്കും സഭ തുടക്കം കുറിച്ചിട്ടുണ്ട്. വിപണനം സുഗമമാക്കുന്നതിന്റെ ഭാഗമായി ഗ്രാമചന്തകളും സൺഡേ മാർക്കറ്റുകളും സഭയുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

**ജനകീയ സംഘടനകൾ**

കുടുംബ കേന്ദ്രീകൃതമായ ഒരു വികസന സങ്കല്പമാണ് സഭ പുലർത്തിപ്പോരുന്നത്. ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകം എന്ന നിലയിൽ കുടുംബത്തിലെ വൃദ്ധജനങ്ങളെയും, മാതാപിതാക്കളെയും യുവജനങ്ങളെയും, കുട്ടികളെയും, ഭിന്നശേഷിക്കാരെയും, ഏകസ്ഥരെയും, വിധവകളെയും സംഘങ്ങളാക്കി തരംതിരിച്ച് ഓരോരുത്തരുടെയും വികസനത്തിനും അവകാ

www.malankaralibrary.com

ശങ്ങൾ സംരക്ഷിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ ജനകീയ സംഘടനകളിലൂടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും സ്ത്രീകളെ വികസനത്തിന്റെ ഉടമകളാക്കുന്നതിനും അവരെ സമൂഹത്തിന്റെ നേതൃത്വനിരയിലേക്ക് കൊണ്ടുവരുന്നതിനും സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സമൂഹാധിഷ്ഠിത വികലാംഗ പുനരധിവാസ പ്രവർത്തനങ്ങളും സഭ നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നും, സഹോദരീസഹോദരന്മാരാണെന്നും പൊതുസമൂഹത്തിന്റെ ഭാഗമാണെന്നുമുള്ള തിരിച്ചറിവിലാണ് ജനകീയ സംഘടനകൾക്ക് സഭ രൂപം നൽകിയത്. ഏത് ജീവിതാന്തസ്സിൽപ്പെട്ടവരായാലും ഏത് ജീവിതാവസ്ഥയിൽ ആയവരായാലും അവരുടെ അന്തസ്സും അഭിമാനവും സംരക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷ വ്യത്യാസമില്ലാതെ എല്ലാവരെയും ഒരുപോലെ കാണുന്നതിനും എല്ലാവരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടിയാണ് ജനകീയ സംഘടനകൾ പ്രവർത്തിച്ചുവരുന്നത്. നേതൃത്വ പരിശീലനത്തിനുള്ള പ്രധാന വേദികളാണ് ജനകീയ സംഘടനകൾ. സാധ്യമായ മേഖലകളിലെല്ലാം സർക്കാരുമായും, സർക്കാർ അനുബന്ധ സ്ഥാപനങ്ങളുമായും സഹകരിച്ചാണ് സഭയുടെ സംഘങ്ങളും സംഘടനകളും പ്രവർത്തിച്ച് വരുന്നത്. വികസനത്തിന്റെ പുത്തൻ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് പ്രവർത്തിക്കാൻ ജനകീയ സംഘടനകളെ ശാക്തീകരിച്ചു വരുന്നു.

**സദ്ഭരണം**

ജനകീയ സംഘടനകൾ വഴിയും, സർക്കാർ സഹകരണം വഴിയും സമൂഹത്തിൽ സദ്ഭരണം ഉറപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നമ്മുടെ സംഘടനകൾ ഏറ്റെടുക്കുന്നുണ്ട്. ജനകീയ സംഘടനകളുടെ ശാക്തീകരണം വഴിയാണ് നമ്മുടെ രാജ്യത്തെ ജനാധിപത്യ പ്രക്രിയയെ നാം ശക്തിപ്പെടുത്തുന്നത്. ജനാധിപത്യ മൂല്യങ്ങളായ സമത്വം, സാഹോദര്യം, മതേതരത്വം, ബഹുസ്വരത ഇവയെല്ലാം നമ്മുടെ സംഘങ്ങളിലൂടെ പാലിക്കപ്പെടുന്നുവെന്നും അവയെ പരിപോഷിപ്പിക്കപ്പെടുന്നുവെന്നും സഭ ഉറപ്പുവരുത്തുന്നു. നമ്മുടെ സംഘാംഗങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അനൗപചാരിക വിദ്യാഭ്യാസം സമസ്ത മേഖലകളിലും നൽകിവരുന്നുണ്ട്. പഞ്ചായത്ത്‌രാജ്, ഗ്രാമസഭ, മറ്റ് കർമ്മസമിതികൾ, വികസന സമിതികൾ എന്നിവയിലൂടെ ജനത്തെ സംഘടിപ്പിച്ചുകൊണ്ട് ജനാധിപത്യ പ്രക്രിയയിലും ഭരണത്തിലും ജനങ്ങളെ പങ്കെടുപ്പിച്ചു വരുന്നു. വനിതാശാക്തീകരണത്തിന്റെ ഭാഗമായി അനേകം വനിതകളെ നേതൃത്വത്തിലേക്കും ഭരണതലത്തിലേക്കും എത്തിക്കുവാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അഴിമതിരഹിതമായ ഒരു സമൂഹ നിർമ്മിതിയാണ് നമ്മുടെ ലക്ഷ്യം.

**മനുഷ്യവിഭവശേഷി വർദ്ധനവ്**

മനുഷ്യൻ വികസനത്തിന്റെ ഉടമസ്ഥൻ എന്ന നിലയിൽ കാലാകാലങ്ങളിൽ നമ്മുടെ ജനകീയ സംഘടനകളിലെ എല്ലാ വിഭാഗം ആളുകൾക്കും അവരുടെ നൈപുണ്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരന്തര പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിലൂടെ മാത്രമേ ഒരു നല്ല സമൂഹത്തെ വാർത്തെടുക്കാനാകൂ. പാർശ്വവത്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ഈ മാർഗംതന്നെയാണ് സഭ അവലംബിക്കുന്നത്. ശക്തമായ ഒരു ജനകീയ അടിത്തറ ഉണ്ടെന്നുള്ളതാണ് സഭയുടെ ശക്തി. മനുഷ്യനെ വസ്തുവായി കാണാതെ, വ്യക്തിയായി കണ്ട് ആ രീതിയിലുള്ള ബഹുമാനവും അവസരങ്ങളും സംജാതമാക്കിക്കൊടുക്കുവാൻ സഭ ശ്രമിക്കുന്നു.




**ആരോഗ്യ മേഖലകളിലെ ഇടപെടലുകൾ**

ആരോഗ്യമുള്ള തലമുറയാണ് ഒരു നാടിന്റെ സമ്പത്ത് എന്ന തിരിച്ചറിവിൽ നിന്നുകൊണ്ടാണ് സഭ ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. പ്രധാനമായും നാല് രീതിയിലുള്ള സമീപനങ്ങളാണ് ആരോഗ്യരംഗത്ത് സഭ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒന്നാമതായി രോഗ

www.malankaralibrary.com

പ്രതിരോധ പ്രവർത്തനങ്ങൾ, രണ്ടാമതായി ചികിത്സാസംവിധാനങ്ങൾ ക്രമീകരിക്കൽ, മൂന്നാമതായി ആരോഗ്യ പരിപോഷണ പ്രവർത്തനങ്ങൾ, നാലാമതായി പുനരധിവാസ പ്രവർത്തനങ്ങൾ. ജീവിതശൈലി രോഗങ്ങൾ കൂടിക്കൊണ്ടിരിക്കുന്ന കാലമാണല്ലോ ഇത്. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ ഉത്തമം രോഗപ്രതിരോധരംഗത്ത് പ്രവർത്തിക്കുകയാണ് നല്ലതെന്ന ബോധ്യമാണ് ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ആരോഗ്യപരിപോഷണത്തിന്റെ ഭാഗമായി മറ്റ് ചികിത്സാരീതികളോടൊപ്പം നാട്ടറിവുകളും ഒറ്റമൂലികളും പ്രോത്സാഹിപ്പിക്കുന്നുണ്ട്. ശാരീരിക ആരോഗ്യത്തോടൊപ്പം മാനസികാരോഗ്യവും നമ്മുടെ പ്രധാന പ്രവർത്തന മേഖലയാണ്. ജീവിതശൈലി രോഗങ്ങളും സമ്മർദ്ദങ്ങളും കൂടിവരുന്ന ഈ കാലഘട്ടത്തിൽ കൗൺസലിംഗ് കേന്ദ്രങ്ങളും സാന്ത്വനസൗഹൃദ സഹായങ്ങളും ആവശ്യാനുസരണം സഭ നൽകിക്കൊണ്ടിരിക്കുന്നു.

### കുടുംബ ബഡ്ജറ്റ്

കടബാധ്യതമൂലം ധാരാളം ആളുകൾ ജീവൻ അവസാനിപ്പിക്കുന്ന സാഹചര്യം ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. ഇതിന് പ്രധാന കാരണം കൃത്യമായ സാമ്പത്തിക ആസൂത്രണം ഇല്ല എന്നതാണ്. പലപ്പോഴും വരവിൽ കൂടിയ ചിലവാണ് മിക്ക കുടുംബങ്ങളിലും. അത്യാവശ്യത്തിനും ആവശ്യത്തിനും പുറമേ അനുകരണ ശീലംമൂലം ആഡംബരത്തിന് വഴിമാറുന്നതും ഒരാളെ കടക്കെണിയിലാഴ്ത്തുന്നു. പലപ്പോഴും ഉത്പാദനക്ഷമതയില്ലാത്ത മേഖലകളിൽ പണം നിക്ഷേപിക്കുന്നതും സാമ്പത്തിക മേഖലയെ പ്രതിസന്ധിയിലാക്കുന്നുണ്ട്. ഇതിനെല്ലാമുള്ള പ്രതിവിധിയായാണ് സാമ്പത്തിക സാക്ഷരത എന്ന നിലയിൽ കുടുംബ ബഡ്ജറ്റ് ജനങ്ങളെ പഠിപ്പിക്കുന്നത്.

### ദുരന്തനിവാരണ പ്രവർത്തനങ്ങൾ

പ്രധാനമായും രണ്ട് രീതിയിലുള്ള ദുരന്തങ്ങളാണ് നാം കണ്ടുവരുന്നത്. ഒന്ന് മനുഷ്യനിർമ്മിതവും, മറ്റൊന്ന് പ്രകൃതിദത്തവും. മനുഷ്യനിർമ്മിതമായ ദുരന്തങ്ങളെയെല്ലാം നമ്മുക്ക് അവസാനിപ്പിക്കാൻ സാധിക്കും. എന്നാൽ പ്രകൃതിദത്തമായ ദുരന്തങ്ങളെ പലപ്പോഴും പ്രതിരോധിക്കാൻ നമ്മുക്കാവില്ല. എങ്കിലും നമ്മുടെ കൃത്യമായ ഇടപെടലുകൾവഴി അവയുടെ ആഘാതം കുറയ്ക്കുന്നതിനും പ്രതിരോധിക്കുന്നതിനും സാധ്യമാണ്. ദുരന്തങ്ങൾ ഒന്നിനു പുറകേ മറ്റൊന്നായി നാം അഭിമുഖീകരിച്ച് കൊണ്ടിരിക്കുകയാണ്. മനുഷ്യനെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണവും, പരിസ്ഥിതിയെ മറന്നുകൊണ്ടുള്ള വികസനവും ഒരുപോലെ ഹാനികരമാണ്. പ്രകൃതിയോടുള്ള മനുഷ്യന്റെ നീതിരഹിതമായ കടന്നുകയറ്റങ്ങളാണ് ദുരന്തങ്ങളിലേക്ക് നയിക്കുന്നത്. അഥവാ ദുരന്തങ്ങൾ ഉണ്ടായാൽതന്നെ അതിന്റെ ആഘാതം ലഘൂകരിക്കുന്നതിനാവശ്യമായ ശേഷി ജനങ്ങൾക്ക് പകർന്നുകൊടുക്കുന്നതാണ് ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ. അടിയന്തിര സാഹചര്യങ്ങളിൽ ജീവനും സ്വത്തും ജീവനോപാധികളും സംരക്ഷിക്കുന്നതിനാവശ്യമായ പരിശീലനങ്ങളാണ് ഇവിടെ നൽകപ്പെടുക. ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ടവരോടൊപ്പം അവർക്ക് ഒരു പുതുജീവൻ പകർന്നു നൽകുന്നതിനും കൈത്താങ്ങ് നൽകുന്നതിനും സഭ ഏക്കാലത്തും മുൻനിരയിൽതന്നെയാണ് നിൽക്കുന്നത്. ഉദാഹരണമായി സുനാമി, ഓഖി, മഹാപ്രളയം, ചുഴലിക്കാറ്റ് ഇവമൂലം ജനം ദുരിതക്കയത്തിൽ മുങ്ങിതാഴ്ന്നപ്പോൾ പ്രത്യാശയുടെ തീരം തീർത്തത് സഭയും സഭയുടെ സംവിധാനങ്ങളുമായിരുന്നു എന്നത് അഭിമാനിക്കത്തക്കതാണ്.



### ഡെവലപ്പ്മെന്റ് കമ്മ്യൂണിക്കേഷൻ

സഭയുടെ വികസന ഇടപെടലുകളിൽ

www.malankaralibrary.com

ഇനിയും പുരോഗമിക്കേണ്ടണ്ടഒരു മേഖലയാണിത്. നാം ഇന്ന് ജീവിക്കുന്നത് മാധ്യമാധിപത്യം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ്. നാം ചെയ്യുന്ന പ്രവർത്തനങ്ങൾ കൃത്യമായ മാർഗ്ഗങ്ങളിലൂടെ ആലേഖനം ചെയ്ത് ലോകത്തെ അറിയിക്കുന്നതിൽ സഭ പരാജയപ്പെട്ടിട്ടുണ്ട് എന്ന് വേണം കരുതാൻ. നമ്മുടെ അനുഭവങ്ങളും അറിവുകളും മാതൃകാ പദ്ധതികളും ആലേഖനം ചെയ്ത് വരുംതലമുറയ്ക്ക് കൈമാറേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ശരിയായ വിവരശേഖരണം നടത്തി അവ ആലേഖനം ചെയ്ത് ഭാവിയ്ക്കുവേണ്ടി സൂക്ഷിക്കേണ്ടതും അവയിലൂടെ ലോകത്തോട് സംവദിക്കേണ്ടതും വികസനരംഗത്ത് അനിവാര്യതയായി നിലനിൽക്കുന്നു. ശരിയായ ഗതിനിയന്ത്രണത്തിനും, കുറവുകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ഡോക്യുമെന്റേഷൻ അത്യാവശ്യമാണ്. നാം എഴുതി സൂക്ഷിക്കുന്ന ചരിത്ര രേഖയാണ് പ്രമാണം. വികസനരംഗത്ത് പ്രവർത്തിക്കുന്നവർ കാലയവനികക്കുള്ളിൽ മറഞ്ഞുപോയാലും ഇത്തരം ഡോക്യുമെന്റ്സ് ചിരകാലം നിലനില്ക്കും എന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ പ്രവർത്തനങ്ങളുടെയെല്ലാം സുതാര്യത ഉറപ്പാക്കുന്നതുമാണ് ഇത്തരം ഡോക്യുമെന്റ്സ്.

### സന്നദ്ധ പ്രവർത്തനം

സമൂഹത്തെ സേവിക്കുന്നതോടൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള സന്നദ്ധപ്രവർത്തകരെ വാർത്തെടുത്ത് അവരിലൂടെ വികസന ഇടപെടലുകൾ നടത്തുന്നതും ഈ കാലഘട്ടത്തിലെ ശ്രമകരമായ ഒരു സദുദ്യമമാണ്. നന്മ ചെയ്യുവാൻ മനുഷ്യരെ ഉത്തേജിപ്പിക്കുന്നതും അവരെ പ്രോത്സാഹിപ്പിക്കുന്നതുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിയുടെ സമയം, ആരോഗ്യം, അറിവ്, അനുഭവങ്ങൾ, വിഭവങ്ങൾ എന്നിവയെല്ലാം പ്രതിഫലേച്ഛ കൂടാതെ മറ്റുള്ളവരുടെ നന്മക്കായി സമർപ്പിക്കുന്നതാണ് സന്നദ്ധ പ്രവർത്തനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആദിമ ക്രൈസ്തവരെപ്പോലെ പങ്കുവയ്ക്കുന്ന ശൈലിയാണ് സന്നദ്ധ പ്രവർത്തനം. ഇന്ന് ലോകം മുഴുവൻ നാം കണ്ടുവരുന്ന പ്രതിഭാസമാണ് സന്നദ്ധപ്രവർത്തനം, പ്രത്യേകിച്ച് ഈ കോവിഡ് കാലയളവിൽ. കോവിഡ് ബാധിച്ച് മരിച്ച അനേകരുടെ മൃതസംസ്കാര ശുശ്രൂഷകൾ നിർവ്വഹിച്ചത് വൈദികരും സമർപ്പിതരും വിശ്വാസികളുമടങ്ങുന്ന സന്നദ്ധപ്രവർത്തകരാണ് എന്നുള്ളത് എക്കാലത്തും കേരളസഭയ്ക്ക് അഭിമാനിക്കത്തക്കതാണ്.

### ഉപസംഹാരം

ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ച സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സഭ അതിന്റെ സാമൂഹിക പ്രതിബദ്ധത നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ഒരു നിർവഹണ ഏജൻസി എന്നതിലുപരി , സാധ്യതകൾ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന സംവിധാനമായി സഭ ഇന്നു മാറേണ്ടതുണ്ട്. ഔദാര്യപൂർണമായ സമീപനം പാടേ ഉപേക്ഷിക്കുന്നതിന് സഭയ്ക്ക് ആവില്ല. തികച്ചും സുതാര്യമായ സമീപനങ്ങളാണ് സഭ ഈ മേഖലയിൽ വച്ചു പുലർത്തുന്നത്. സഭയുടെ പാരമ്പര്യവും കാലാകാലങ്ങളിലുള്ള പിതാക്കന്മാരുടെ പ്രബോധനങ്ങളും, സഭയുടെ ആരാധനയും വിശ്വാസവുമെല്ലാം, പാവങ്ങളോട് പക്ഷം ചേരുന്നതിനും സമൂഹത്തിന് നന്മ ചെയ്യുന്നതിനും സഭയെ എക്കാലത്തും നിർബന്ധിതമാക്കുന്നു. നീതിയും സ്നേഹവും സമാധാനവും നന്മയും നിറഞ്ഞ ഒരു സമൂഹ നിർമ്മിതിക്കായി നമുക്ക് കൈകോർത്ത് പ്രവർത്തിക്കാം.

**സെപ്റ്റംബർ 28**
**ഓർമ്മ തിരുന്നാൾ (1977)**



**അഭി. സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി**

**ഒക്ടോബർ 10**
**ഓർമ്മ തിരുന്നാൾ (1994)**



**അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി**

## ആദരാഞ്ജലികൾ



പാറശാല ഭദ്രാസനാദ്ധ്യക്ഷൻ
തോമസ് മാർ യൗസേബിയോസ്
തിരുമേനിയുടെ വത്സല പിതാവ്
**എൻ.റ്റി. വർഗീസ്**
ഓഗസ്റ്റ് 5-ാം തീയതി നിര്യാതനായി.
പരേതന്റെ ആത്മാവിന്
നിത്യശാന്തി നേരുന്നു.

www.malankaralibrary.com



# ആതുര ശുശ്രൂഷ മലങ്കര കത്തോലിക്കാസഭയിൽ

**സി. ഡോ. ആൻസലെറ്റ് ഡി.എം.**
(സെക്രട്ടറി, സിനഡൽ കമ്മീഷൻ ഫോർ ഹെൽത്ത്)

**ഒ**രിക്കൽ ഒരാൾ തന്റെ ഗുരുവിനോടു ചോദിച്ചു, മനുഷ്യന്റെ ഈ ഭൂമിയിലെ ഏറ്റവും വലിയ സമ്പത്ത് എന്താണ്? ഗുരു ഒന്ന് ആലോചിച്ചതിനുശേഷം പറഞ്ഞു, ''ആരോഗ്യമുള്ള ശരീരമാണ് മനുഷ്യന് ഈ ഭൂമിയിൽ ലഭിക്കാവുന്ന ഏറ്റവും വലിയ സമ്പത്ത്''. ആരോഗ്യമുള്ള മനസ്സും ശരീരവും ആത്മാവും ഒരു മനുഷ്യന്റെ വ്യക്തിജീവിതത്തിലെ ഗുണമേന്മയ്ക്കും ദൗത്യനിർവഹണത്തിനും അതിന്റെ ഫലദായകത്വത്തിനും അനിവാര്യമാണ്. ഒരുവന്റെ ആരോഗ്യ-അനാരോഗ്യ അവസ്ഥകൾ അവന്റെ ചിന്തകളെയും വാക്കുകളെയും പ്രവർത്തികളെയും ഒരു പരിധിവരെ സ്വാധീനിക്കുന്നു. 'ആരോഗ്യസ്വർണ്ണത്തേക്കാൾ ശ്രേഷ്ഠമാണ്'' എന്ന ദൈവവചനം (പ്രഭാ. 30:15) ആരോഗ്യത്തിന്റെ ശ്രേഷ്ഠതയെ ഓർമ്മിപ്പിക്കുന്നു. അനാരോഗ്യത്തിലും നിർജ്ജീവ അവസ്ഥകളിലുംനിന്ന് മനുഷ്യനെ സൗഖ്യത്തിലേക്കും ജീവന്റെ പൂർണ്ണതയിലേക്കും നയിക്കുക എന്നത് ക്രൈസ്തവ ആദ്ധ്യാത്മികതയുടെ ഭാഗമാണ്. ദൈവപുത്രനായ ഈശോ ഈ ഭൂമിയിൽ ചെയ്തതും ഇന്ന് തിരുസഭയിലൂടെ തുടർന്നുകൊണ്ടു പോകുന്നതുമായ സൗഖ്യശുശ്രൂഷയുടെ വിവിധ മേഖലകളെക്കുറിച്ച് നമുക്കൽപ്പം ചിന്തിക്കാം.



### സൗഖ്യശുശ്രൂഷ ദൈവവചനത്തിൽ

ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും, ഈ ഭൂമിയിലേക്കു വന്ന നമ്മുടെ കർത്താവ് തന്റെ ദൈവരാജ്യശുശ്രൂഷ ഏറിയ പങ്കും നിർവഹിച്ചത് രോഗികളെ സുഖപ്പെടുത്തിക്കൊണ്ടാണ്. രോഗികളെയും യാതന അനുഭവിക്കുന്നവരെയും കാണുമ്പോൾ അലിയുന്ന ഒരു ഹൃദയം അവിടുത്തേക്ക് ഉണ്ടായിരുന്നു (മർക്കോ. 8:12). അവിടുത്തെ കരുണാർദ്രമായ വാക്കുകളാൽ അനേകരെ സുഖപ്പെടുത്തി. പൈശാചിക ബന്ധനങ്ങളാൽ പീഡിപ്പിക്കപ്പെട്ടിരുന്നവരെ സൗഖ്യപ്പെടുത്തി, വിനാശത്തിൽനിന്നു വിടുവിച്ചു (സങ്കീ. 107:20). രോഗികളെ സുഖപ്പെടുത്താൻ ശക്തി അവനിൽ ഉണ്ടായിരുന്നു (ലൂക്കാ. 5:17). ലോകത്തിന്റെ വിജ്ഞാനത്തിന് സൗഖ്യം നൽകുവാൻ സാധിക്കാത്ത നിസഹായവസ്ഥകളിലേക്ക്, അവിടുത്തെ കരുണയുള്ള കരങ്ങളുടെ ശക്തി കടന്നു ചെല്ലുകയും, അവരെ തൊട്ടു സുഖപ്പെടുത്തുകയും ചെയ്തു. കർത്താവു ചെയ്ത സൗഖ്യശുശ്രൂഷ സങ്കീർത്തകന്റെ വാക്കുകളിൽ ഇങ്ങനെ സംഗ്രഹിക്കാം. ''അവിടുന്ന് നിന്റെ അകൃത്യങ്ങൾ ക്ഷമിക്കുന്നു. നിന്റെ രോഗങ്ങൾ സുഖപ്പെടുത്തുന്നു. അവിടുന്ന് നിന്റെ ജീവനെ പാതാളത്തിൽനിന്നു രക്ഷിക്കുന്നു. അവിടുത്തെ സ്നേഹവും കരുണയും കൊണ്ട് നിന്നെ കിരീടമണിയിക്കുന്നു''. അതെ, എല്ലാം ക്ഷമിച്ച് സൗഖ്യപ്പെടുത്തി മരണത്തിൽനിന്ന് ജീവനിലേക്ക് നയിച്ച കർത്താവിന്റെ സ്നേഹവും കരുണയും അനുഭവിക്കുവാൻ മനുഷ്യരെ പ്രാപ്തരാക്കുകയാണ് ആതുര ശുശ്രൂഷാരംഗത്തെ സഭയുടെ പ്രവർത്തനങ്ങൾ.

### ആരോഗ്യപരിപാലനം തിരുസഭാ പ്രബോധനങ്ങളിൽ

ലോകാരോഗ്യ സംഘടനയുടെ അഭിപ്രായപ്രകാരം ആരോഗ്യത്തിന് പല മാനങ്ങളുണ്ട് - ശാരീരികം, മാനസികം, സാമൂഹികം, ആദ്ധ്യാത്മികം, വൈകാരികം, തൊഴിൽപരം. ഇവയുടെയെല്ലാം സന്തുലിതാവസ്ഥയാണ് ആരോഗ്യമെന്ന്

www.malankaralibrary.com

പറയുന്നത്. ആരോഗ്യമാണ് മുഴുവൻ മാനവ വികസനത്തിന്റേയും കേന്ദ്രം. ഒരു വ്യക്തിയുടെ മൗലിക അവകാശങ്ങളുടെ നിറവേറ്റലിനോടൊപ്പം, മറ്റുള്ളവരോടും പ്രകൃതിയോടും ദൈവത്തോടുമുള്ള ബന്ധങ്ങൾ ശരിയാകേണ്ടതും ആരോഗ്യപരിപാലനത്തിന്റെ അവശ്യഘടകമാണ്. ജീവനും ആരോഗ്യവും ദൈവം ഏല്പിച്ച അമൂല്യ ദാനങ്ങളാണ്. ഗർഭത്തിൽ ഉത്ഭവിക്കുന്ന നിമിഷം മുതൽ ഓരോ മനുഷ്യജീവനും പൂർണ്ണമായും ആദരിക്കപ്പെടണം. മനുഷ്യജീവൻ പവിത്രമാണ്. കാരണം അത് ദൈവികഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടതാണ്. മനുഷ്യജീവന്റെ ആരംഭം മുതൽ സ്വാഭാവിക അന്ത്യം വരെ അത് സംരക്ഷിക്കുകയും പരിപാലിക്കുകയും വേണം. രോഗിയോ, വൃദ്ധനോ, ദുർബലനോ ആയ ഒരു വ്യക്തിയെ മാറ്റി നിർത്തുകയോ പരിത്യജിക്കുകയോ ഉപേക്ഷിക്കുകയോ അയാളോട് വിവേചനം കാണിക്കുകയോ ചെയ്യുകയെന്നത് തിരുസഭയുടെ പ്രബോധനത്തിനു ചേർന്നതല്ല.

### ആതുരശുശ്രൂഷ മലങ്കര കത്തോലിക്കാസഭയിൽ

പുനരൈക്യപ്രസ്ഥാനത്തോടെ രൂപംകൊണ്ട മലങ്കര സുറിയാനി കത്തോലിക്കാസഭ ആരംഭം മുതൽതന്നെ ആതുരശുശ്രൂഷാരംഗത്ത് സവിശേഷമായി ശ്രദ്ധിക്കുകയും സേവനരംഗങ്ങളിൽ സജീവമാവുകയും ചെയ്തു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പാവങ്ങളോടും രോഗികളോടും കഷ്ടതയനുഭവിക്കുന്നവരോടും വളരെ കരുണയും കരുതലും ഉള്ള വ്യക്തിയായിരുന്നു. പുനരൈക്യത്തിനു മുൻപുതന്നെ ബഥനി പ്രസ്ഥാനത്തോടു ചേർന്ന് നാനാജാതി മതസ്ഥരായ പാവങ്ങൾക്ക് അദ്ദേഹം നല്കിയിരുന്ന സേവന ശുശ്രൂഷകൾ അനേകർക്ക് ആശ്വാസവും സൗഖ്യവും പ്രദാനം ചെയ്തു. പാവപ്പെട്ടവരുടെ കോളനികളിൽ ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള അവബോധം നൽകേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കുകയും അതിനുവേണ്ട മാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്തു. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ മാർ ഈവാനിയോസ് പിതാവിനെ സഹായിക്കുവാൻ കടന്നുവന്ന്, പിന്നീട് ''തെക്കൻ നാടിന്റെ'' മിഷനറിയായി മാറിയ മോൺ. ജോസഫ് കുഴിഞ്ഞാലിൽ മാർത്താണ്ഡം പ്രദേശത്തെ പാവപ്പെട്ടവരുടെ ഇടയിൽ പടർന്നുപിടിച്ച കോളറപോലുള്ള പകർച്ചവ്യാധികളെ പ്രാർത്ഥനകൊണ്ടും, ആശീർവദിച്ച വെള്ളം, പുൽത്തൈലം തുടങ്ങിയ മരുന്നുകൾ ഉപയോഗിച്ചും സൗഖ്യപ്പെടുത്തി രോഗവ്യാപനത്തെ നിയന്ത്രണ വിധേയമാക്കിയത് പഴമക്കാർ ഇന്നും മറന്നിട്ടില്ല. മാർത്താണ്ഡത്തെ മദർ മേരി, ഭവനങ്ങൾതോറും കയറിയിറങ്ങി രോഗികളെ പരിചരിക്കുകയും മാർത്താണ്ഡം മഠത്തിൽ, വൃണങ്ങൾ ബാധിച്ച് കടന്നുവന്നിരുന്ന രോഗികൾക്ക് ''പുണ്ണ് കെട്ട്'' നടത്തി വ്രണങ്ങൾ സൗഖ്യപ്പെടുത്തുകയും വിശ്വാസ ജീവിതത്തിലേക്ക് അവരെ നയിക്കുകയും ചെയ്തിരുന്നതായി മേരിമക്കളുടെ ആദ്യാംഗങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

### ആരോഗ്യപരിപാലനം ആശുപത്രികളിലൂടെ

തിരുവല്ല ഭദ്രാസനാദ്ധ്യക്ഷനായിരുന്ന സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെയും ആതുരശുശ്രൂഷാ തത്പരതയുടെയും ഫലമായി 1959 ഓഗസ്റ്റ് 15 ന് 8 കിടക്കയോടുകൂടി ചെറിയ ക്ലിനിക്കായി രൂപം കൊണ്ട തിരുവല്ലയിലെ പുഷ്പഗിരി ആശുപത്രി ആ കാലഘട്ടത്തിൽ ഗർഭിണികൾക്കും നവജാതശിശുക്കൾക്കും ഒരു അഭയകേന്ദ്രമായിരുന്നു. വി. കൊച്ചുത്രേസ്യായുടെ പ്രത്യേക മദ്ധ്യസ്ഥം സ്വീകരിച്ച് ആതുര ശുശ്രൂഷാരംഗത്ത് സേവനം ചെയ്യുന്ന ഈ സ്ഥാപനം പടിപടിയായി ഔന്നത്യങ്ങളിലേക്ക് വളർന്നു. ആതുര ശുശ്രൂഷകരെ സേവനസജ്ജരാക്കുന്ന പലവിധ കോഴ്സുകൾ ഇവിടെ സമാരംഭിക്കുകയും കേരളത്തിലെ ഒന്നാംകിട മെഡിക്കൽ കോളേജായി മാറുകയും ചെയ്ത ഈ സ്ഥാപനം വൈദ്യശാസ്ത്ര ഗവേഷണരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചു കൊണ്ട് മുന്നേറുന്നു.

കാലം ചെയ്ത ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയും, ലോറൻസ് മാർ അപ്രേം തിരുമേനിയും ആതുര ശുശ്രൂഷാരംഗത്ത് വളരെയധികം താത്പര്യവും ശ്രദ്ധയും കരുതലും സൂക്ഷിച്ചിരുന്നവരാണ്. ഇതിന്റെ മകുടോദാഹരണമാണ് 1963 ൽ കുഷ്ഠരോഗ നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സമാരംഭിച്ച തിരുവനന്തപുരം അതിരൂപതയിലെ സെന്റ് ജോൺസ് ആശുപത്രി. ആരോഗ്യ സേവനങ്ങൾ കുറഞ്ഞ ചിലവിൽ ലഭ്യമാക്കുന്ന കമ്യൂണിറ്റി ഹെൽത്ത് സെന്ററായും, ഡയബറ്റിക് ക്യാമ്പുകളും മെഡിക്കൽ അവെയർനസ് പ്രോഗ്രാമുകളും നടത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നല്കുന്ന കമ്യൂണിറ്റി മെഡിക്കൽ വില്ലേജായും, ഇന്ന് വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സേവനം ലഭ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നു. എച്ച്.ഐ.വി. ബാധിതരുടെ കുഞ്ഞുങ്ങളെ സംരക്ഷിച്ച് വിദ്യാഭ്യാസം നല്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനും ഈ ക്യാമ്പസിൽ സൗകര്യം ഒരുക്കിയിരിക്കുന്നു. 1953 മെയ് 17 ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആഗ്രഹപ്രകാരം മേരിമക്കൾസമൂഹം അഞ്ചലിൽ ആരംഭിച്ച സെന്റ് ജോസഫ്സ് മിഷൻ ആശുപത്രി 10 കിടക്കയോടുകൂടിയ ചെറിയ സ്ഥാപനത്തിൽനിന്ന്, 200 കിടക്കകളും അനുബന്ധ ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഇന്ന് വളർന്നു വികസിച്ച് ഫലം പുറപ്പെടുവിക്കുന്നു. 1968 ൽ ബഥനി മിശിഹാനുകരണ സന്യാസികൾ ഏറ്റെടുത്ത പെരുമ്പുഴ അസ്സീസി അറ്റോൺമെന്റ്ആശുപത്രിയിലെ നിസ്വാർത്ഥവും പ്രതിഫലം ഇച്ഛിക്കാത്തതുമായ സേവനങ്ങളിലൂടെ നാനാജാതി മതസ്ഥരായ ആ പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ രോഗങ്ങളിലും ക്ലേശങ്ങളിലും ആശ്വാസവും സാന്ത്വനവും ലഭിക്കുന്നു.

www.malankaralibrary.com

നഴ്സിംഗ് സ്കൂളിലൂടെ ആതുരശുശ്രൂഷകരെ ക്രിസ്തീയ മൂല്യങ്ങളിൽ വാർത്തെടുക്കുന്നു. തികച്ചും നിർധനരായ പാവപ്പെട്ടവർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുവാൻ മലങ്കര കത്തോലിക്കാസഭയിൽ രൂപംകൊണ്ട സ്ഥാപനങ്ങളാണ് സെന്റ് ജോസഫ്സ് ആശുപത്രി പനച്ചമൂട്, ബഥനി ആശുപത്രി പുത്തൂർ, വിമല ആശുപത്രി കാട്ടുവാതുക്കൽ, ജയമാതാ ആശുപത്രി ഓടനാവട്ടം, സെന്റ് വിൻസെന്റ് ആശുപത്രി തുവയൂർ തുടങ്ങിയവ. ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായ സേവനം കാഴ്ചവച്ചുകൊണ്ട് അനേകരുടെ കണ്ണുനീരൊപ്പുവാൻ ഈ സ്ഥാപനങ്ങളിലൂടെ സാധിക്കുന്നു.

### ആരോഗ്യപരിപാലനരംഗത്തെ മറ്റ് സേവനങ്ങൾ

പ്രകൃതിചികിത്സാരംഗത്ത് ഗണ്യമായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന ബഥനി നേച്ചർ കെയർ സെന്റർ നാലാഞ്ചിറ, പ്രകൃതിയോടിണങ്ങിച്ചേർന്നുള്ള ഒരു ജീവിതശൈലി രൂപപ്പെടുത്തുവാനും ആരോഗ്യം സംരക്ഷിക്കുവാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചികിത്സാവിധികളും ലഭ്യമാക്കുന്നു. കൂടാതെ palliative care centres, hospices, home care services തുടങ്ങിയവയിലൂടെ ജീവന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കാനും, വേദനകളുടെയും രോഗങ്ങളുടെയും നടുവിൽ ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന്റെ തലോടൽ അനുഭവവേദ്യമാക്കിക്കൊടുത്ത് പ്രത്യാശയോടെ അനേകരെ നിത്യതയിലേക്ക് യാത്രയാക്കുവാനും സഭയ്ക്ക് സാധിക്കുന്നു.

### Health for One Million

2000-ാം ആണ്ടോടെ ലോകാരോഗ്യ സംഘടനയുടെ 'എല്ലാവർക്കും ആരോഗ്യം' എന്ന ആഹ്വാനം സ്വീകരിച്ച് 1973 ൽ Catholic Hospital Association ന്റെ National convention theme -അനുസരിച്ച് നമ്മുടെ സഭയിൽ നടപ്പിലാക്കിയ സാമൂഹ്യസേവന ആരോഗ്യ പരിപാലന പ്രവർത്തനമാണ് Health for One Million. ആരംഭത്തിൽ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണത്തിൽ ശ്രദ്ധ വച്ചിരുന്ന ഈ പദ്ധതി ഇന്ന് സമൂഹത്തിലെ ദുർബലർക്കും, കരുതലും പരിചരണവും ആവശ്യമുള്ളവർക്കും വിവിധങ്ങളായ സേവനങ്ങൾ നൽകുന്നു. കേരളത്തിന്റെ തെക്കൻ ജില്ലകളിലും, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലുമാണ് ഇതിന്റെ സേവനങ്ങൾ ഇപ്പോൾ ലഭ്യമാകുന്നത്.

### ആരോഗ്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**സ്കൂൾ ഓഫ് ഹെൽത്ത് വർക്കേഴ്സ്**

* ഓക്സിലറി നഴ്സസ് ആന്റ് മിഡ്വൈവ്സ് സ്കൂൾ, പുഷ്പഗിരി
* ബി.എസ്.എസ്. കമ്യൂണിറ്റി കോളേജ് പനച്ചമൂട്

**സ്കൂൾ ഓഫ് നഴ്സിംഗ്**

* പുഷ്പഗിരി സ്കൂൾ ഓഫ് നഴ്സിംഗ് തിരുവല്ല
*സെന്റ് ജോസഫ്സ് സ്കൂൾ ഓഫ് നഴ്സിംഗ് അഞ്ചൽ
* മാർ ഈവാനിയോസ് സ്കൂൾ ഓഫ് നഴ്സിംഗ് പെരുമ്പുഴ

**കോളേജ് ഓഫ് നഴ്സിംഗ്**

* പുഷ്പഗിരി കോളേജ് ഓഫ് നഴ്സിംഗ് തിരുവല്ല
* സെന്റ് ജോസഫ്സ് കോളേജ് ഓഫ് നഴ്സിംഗ് അഞ്ചൽ
* മാർ ബസേലിയോസ് കോളേജ് ഓഫ് നഴ്സിംഗ് ഭോപ്പാൽ
* ബഥനി കോളേജ് ഓഫ് നഴ്സിംഗ് ഭിലായ്
* ബഥനി നവജീവൻ കോളേജ് ഓഫ് ഫിസിയോതെറാപ്പി നാലാഞ്ചിറ
* കോളേജ് ഓഫ് ഡന്റൽ സയൻസ് പുഷ്പഗിരി
* കോളേജ് ഓഫ് ഫാർമസി പുഷ്പഗിരി
* ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ പുഷ്പഗിരി
* കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് പുഷ്പഗിരി

### ഉപസംഹാരം

ധാർമ്മിക മൂല്യങ്ങളിൽ അധിഷ്ഠിതമായി ജീവനെ ആദരിക്കുന്ന ഒരു സംസ്കാരം ആരോഗ്യ പരിപാലന രംഗത്തു പ്രവർത്തിക്കുന്നവരിൽ വളർത്തിയെടുക്കുവാൻ ശ്രദ്ധിക്കുന്നു. അനേകായിരം ആരോഗ്യപ്രവർത്തകരെ, ഡോക്ടേഴ്സ് മുതൽ ഓക്സിലറി ഹെൽത്ത് വർക്കേഴ്സ് വരെ ഉള്ളവരെ പരിശീലനം നൽകി സേവനരംഗത്ത് നാം സജ്ജരാക്കിയിട്ടുണ്ട്. ഓഖി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതിദുരന്ത മേഖലകളിൽ നമ്മുടെ സഭയുടെ സ്ഥാപനങ്ങളിൽനിന്നും മരുന്നും ഭക്ഷണവും വസ്ത്രവും മറ്റ് അവശ്യസാധനങ്ങളുമായി ഡോക്ടേഴ്സ് അടങ്ങുന്ന മെഡിക്കൽ ടീം കടന്നുചെല്ലുകയും സേവനങ്ങൾ നല്കുകയും ചെയ്തു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സാധാരണ ജനങ്ങളുടെ സേവനത്തിനായി സഭയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ മലങ്കര കാതലിക് ഡോക്ടേഴ്സിന്റെ ഒരു ഗ്രൂപ്പ് രൂപീകരിക്കുകയും കോവിഡ് രോഗികൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്യുന്നു. വ്യക്തികളായും, ഇടവകകളായും, രൂപതകളായും ഈ നാളുകളിൽ ഭക്ഷ്യകിറ്റ്, മെഡിക്കൽ കിറ്റ് തുടങ്ങി പലവിധ സഹായങ്ങൾ കോവിഡ് ബാധിത മേഖലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ കുറിപ്പ് ഇവിടെ അവസാനിക്കുന്നതിനുമുമ്പ് ഏതാനും ചിന്തകൾ നമ്മുടെ വിചിന്തനത്തിനായി സമർപ്പിക്കുന്നു. മേല്പറഞ്ഞ അനേക ശുശ്രൂഷകളും സേവനങ്ങളും നാം ചെയ്യുന്നുണ്ടെങ്കിലും:

* നമ്മുടെ സ്ഥാപനത്തിൽ വരുന്നവർക്ക് കർത്താവിന്റെ സൗഖ്യപ്പെടുത്തുന്ന കരസ്പർശം അനുഭവവേദ്യമാകുവാൻ ഇടയാകുന്നുണ്ടോ?
* മുറിവുകൾ സുഖപ്പെടുത്തുന്നിടം മുറിവുകൾ

www.malankaralibrary.com

നൽകുന്നിടമായി മാറിയിട്ടുണ്ടോ?

* വചനവിരുദ്ധ പ്രവർത്തനങ്ങൾ, ദുർസാക്ഷ്യങ്ങൾ എന്നിവ ഉണ്ടായിട്ടുണ്ടോ?

* ദൈവവചനം ശ്രവിക്കാൻ നമ്മെ സമീപിക്കുന്നവർക്ക് അതിന് അവസരമുണ്ടാക്കിക്കൊടുത്തിട്ടുണ്ടോ?

* ജീവന്റെ ഉത്ഭവത്തെ തടയുന്ന, ജീവനെ നശിപ്പിക്കുന്ന ഈ ലോകത്തിന്റെ പ്രവണതയ്ക്ക് നാം കൂട്ടുനിന്നിട്ടുണ്ടോ?

* മരണാസന്നർക്ക് നിത്യരക്ഷ ഉറപ്പാക്കുന്ന ആത്മീയ സഹായങ്ങൾ നല്കാൻ നമുക്ക് കഴിയുന്നുണ്ടോ?

ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം (മത്താ. 9:12). ഇന്ന് നമ്മുടെ സമൂഹത്തിൽ, ശരീരത്തിന് മാത്രമല്ല ആത്മാവിനും മനസിനും രോഗം ബാധിച്ചവരുടെ സംഖ്യ കൂടി വരുകയാണ്. രോഗികൾക്ക് വൈദ്യനെ ആവശ്യമുണ്ട്, ചികിൽസ ആവശ്യമുണ്ട്, പരിചരണം ആവശ്യമുണ്ട്. എല്ലാവർക്കും നല്ല വൈദ്യനായ യേശുവിനെ അനുഭവവേദ്യമാക്കി കൊടുക്കുന്ന ഇടങ്ങളായി നമ്മുടെ സ്ഥാപനങ്ങൾ മാറട്ടെ. സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഫലപ്രദമായ സുവിശേഷവത്ക്കരണ വേദികളായി ആതുര ശുശ്രൂഷാമേഖലയെ ഉപയോഗപ്പെടുത്തുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം.

**ഗ്രന്ഥനിരൂപണം**

# മലങ്കരയുടെ പരിമളം

## (യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത)



'മലങ്കരയുടെ പരിമളം' എന്ന ഗ്രന്ഥത്തിന്റെ ആദ്യപതിപ്പ് കോട്ടയം മേഖലാവികാരി ഫാ. വർഗീസ് പള്ളിക്കലിന് നല്കി അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത പ്രകാശനം നിർവ്വഹിക്കുന്നു. ഫാ. സ്കറിയാ വട്ടക്കാട്ടുകാലായിൽ സമീപം.

മലങ്കരയുടെ താപസനും ബഥനിയുടെ പ്രഥമ ഗുരുവും മലങ്കര പുനരൈക്യത്തിന്റെ സഹശില്പിയും തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമാദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ, ചരിത്രത്തിൽ അടയാളപ്പെടുത്തുവാൻ തിരുവല്ല അതിരൂപതയുടെ മുഖ്യ വികാരിജനറാൾ **ഫാ. ചെറിയാൻ താഴമണ്ണിലിന്റെ** ശ്രമത്തിന്റെ ഫലമാണ് **'മലങ്കരയുടെ പരിമളം'**. താൻ ഉൾപ്പെട്ടിരുന്ന സമുദായത്തിന്റെ ജീർണ്ണാവസ്ഥയുടെ കാരണം, അനുസരണത്തിന്റെയും അധികാരികളോടുള്ള വിധേയത്വത്തിന്റെയും അഭാവമാണെന്ന് അറിഞ്ഞ അഭിവന്ദ്യ പിതാവ് അതിനൊരു പരിഹാരമായി അനുസരണം വ്രതമാക്കി സന്യാസത്തെ സ്വയം വരിക്കുകയും താൻ ഗുരുവായി സ്വീകരിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന് വിധേയനായി സമ്പൂർണ്ണ അനുസരണത്തിൽ ജീവിതാവസാനം വരെ ജീവിച്ചതിന്റെ പരിമളം അനുഭവവേദ്യമാക്കുന്ന ഉത്തമ ഗ്രന്ഥം.

ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അതുവരെ നേടിയതൊക്കെ, കണ്ടെത്തിയ സത്യത്തിനുവേണ്ടി ഉപേക്ഷിക്കുകയും സത്യത്തെ പുൽകുവാൻ പരിശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത യതിവര്യനായ മാർ തെയോഫിലോസ് പിതാവിന്റെ ദാരിദ്ര്യവ്രത നിഷ്ഠ വെളിവാക്കുന്ന ഗ്രന്ഥം. കാനനമദ്ധ്യത്തിലെങ്കിലും അർദ്ധരാത്രിയിൽ വിരിയുന്ന നിശാഗന്ധിപുഷ്പം വിദൂരങ്ങളിൽ നിന്നുപോലും ശലഭങ്ങളെ ആകർഷിക്കുന്നതുപോലെ താപസനായി ആശ്രമത്തിലും അരമനയിലും ഏകാന്തതയിൽ കഴിഞ്ഞിരുന്നപ്പോഴും അനേകായിരങ്ങളെ തന്നിലേക്ക് ആകർഷിച്ചിരുന്ന ശ്രേഷ്ഠാചാര്യന്റെ ധന്യജീവിതം വരച്ചുകാട്ടുന്ന ഗ്രന്ഥം. അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവിനെക്കുറിച്ച് പലരും പല സന്ദർഭങ്ങളിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾ നഷ്ടപ്പെട്ടുപോകാതെ ഒരു ഗ്രന്ഥമായി സമാഹരിച്ചിരിക്കുന്നു; അതാണ് മലങ്കരയുടെ പരിമളം. ലേഖനങ്ങൾ ഒരു പുസ്തകത്തിന്റെ ഭാഗമാകാനുള്ള ഉദ്ദേശ്യത്തിൽ എഴുതപ്പെട്ടിട്ടുള്ളവയല്ലാത്തതിനാൽ ലേഖനങ്ങൾ തമ്മിൽ ബന്ധമോ ആശയതുടർച്ചയോ കണ്ടെന്നുവരില്ല. എന്നാൽ ഇങ്ങനെ ഒരു സമാഹാരത്തിൽ അത് ക്ഷന്തവ്യമാണ്.

തിരുവല്ല അതിഭദ്രാസനത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും നവതി സ്മാരകമായി, തിരുവല്ല അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി വർഷത്തിൽ, സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ മെത്രാഭിഷേക ദ്വിദശാബ്ദി ദിനത്തിൽ, ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനത്തിൽ, മലങ്കരയുടെ പരിമളം പ്രസിദ്ധീകരിക്കപ്പെട്ടത് ദൈവ പദ്ധതിയായി കാണുന്നു. കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ അനുഗ്രഹാശംസ, തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ അനുഗ്രഹസന്ദേശം. 370 പേജുകൾ. വില 250/- രൂപ. മേരിഗിരിയിലും ശാന്തിനിലയത്തിലും ഗ്രന്ഥം ലഭ്യമാണ്. ഗ്രന്ഥകർത്താവ് **ഫാ. ചെറിയാൻ താഴമൺ.** സഭാസ്നേഹികൾക്കും, ചരിത്രസ്നേഹികൾക്കും വാങ്ങി വായിക്കാനും സൂക്ഷിക്കാനും ഒരു ഉത്തമ ഗ്രന്ഥം.


www.malankaralibrary.com

# കത്തോലിക്കാസഭയും വിദ്യാഭ്യാസമേഖലയും



**ശ്രീ. ഷാജി തേലപ്പുറത്ത്**
(PGT, കേന്ദ്രീയ വിദ്യാലയ
& MCYM, MCA അതിഭദ്രാസന മുൻ പ്രസിഡന്റ്)

**മ**ലങ്കര സുറിയാനി കത്തോലിക്കാസഭ ശതാബ്ദിയിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന നിർണ്ണായക വേളയാണിത്. 91-ാം പുനരൈക്യ വാർഷികാഘോഷങ്ങൾ ഇതിനൊരു ചാലകശക്തിയായി വർത്തിക്കട്ടെ എന്നാശംസിക്കുന്നു. സഭയുടെ സർവ്വ പ്രവർത്തനമേഖലകളുടെയും സജീവമായ മുന്നേറ്റം ഉണ്ടായാൽ മാത്രമേ, അഭിമാനത്തോടുകൂടി ശതാബ്ദിയാഘോഷിക്കുവാൻ നമുക്കു സാധിക്കൂ. ഈ പശ്ചാത്തലത്തിൽ, സഭ മുന്തിയ പരിഗണന നൽകുന്ന വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള ഒരു വിചിന്തനമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. കത്തോലിക്കാസഭയുടെ പൊതുവായ വിദ്യാഭ്യാസനയം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള വിലയിരുത്തൽ എന്നിവ ഹ്രസ്വമായി ഇവിടെ പ്രതിപാദിക്കുന്നു.



### കത്തോലിക്കാസഭയും വിദ്യാഭ്യാസവും

സുവിശേഷമൂല്യങ്ങൾക്കനുസൃതമായി ഏവർക്കും വിദ്യാഭ്യാസം നൽകുകയാണ് സഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ അടിസ്ഥാന ലക്ഷ്യം. 'Education is a mission of the Church'. മനുഷ്യന്റെ സർവ്വതോന്മുഖ വികസനമാണ് വിദ്യാഭ്യാസത്തിലൂടെ സഭ ലക്ഷ്യമാക്കുന്നത് - അതായത്, ജീവിക്കുവാൻ ഉള്ള പരിശീലനം. ജീവന്റെ മൂല്യം ബോധ്യപ്പെടുത്തുക, സാമൂഹികാവബോധം സൃഷ്ടിക്കുക, സൃഷ്ടവസ്തുക്കളോടുള്ള സ്നേഹം കരുപ്പിടിപ്പിക്കുക, സ്വതന്ത്രവും വിമർശനാത്മകവുമായി ചിന്തിക്കുവാൻ സഹായിക്കുക, ജോലിയിൽ പൂർണ്ണത കൈവരിക്കുക, ഭാവിയെ കരുപ്പിടിപ്പിക്കുക, മാനുഷികതയും സഹവർത്തിത്വവും പരിപോഷിപ്പിക്കുക തുടങ്ങിയ എല്ലാ തലങ്ങളുടെയും വികസനമാണ് വിദ്യാഭ്യാസത്തിലൂടെ സഭ കാംക്ഷിക്കുന്നത്. മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കാൻ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കടമയുണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. വിദ്യാഭ്യാസത്തെ സംബന്ധിച്ച് കത്തോലിക്കാസഭയുടെ ദർശനം വ്യക്തമാക്കുന്ന പിതാക്കന്മാരുടെ ചില ഉദ്ധരണികൾ കുറിക്കട്ടെ. "Without Confidence and love, there can be no true Education" (St. John Bosco). "You must not teach only content, but the values and customs of life. The world tells us to seek success, power and money. God tells us to seek humility, service and love" (Pope Francis). "A good school provides a rounded education for the whole person. A Catholic school, over and above this, should help all its students to become saints" (Pope Benedict XVI).

### ഭാരത കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ സേവനങ്ങൾ

ഏഷ്യൻ ഭൂഖണ്ഡത്തിൽ ജന്മംകൊണ്ട ക്രിസ്തുമതം അതിന്റെ ആരംഭത്തിൽതന്നെ ഇന്ത്യയിലെത്തി. എ.ഡി. 52 ൽ മാർത്തോമ്മാ ശ്ലീഹായിലൂടെ കേരളത്തിൽ അടിത്തറ പാകിയ ക്രിസ്തീയ വിശ്വാസം ക്രമേണ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും എത്തപ്പെട്ടു. അംഗസംഖ്യയിൽ ചെറുതെങ്കിലും, പൊതുസമൂഹത്തിന്റെ സമഗ്ര മേഖലകളിലും ക്രിസ്ത്യാനി

www.malankaralibrary.com

കൾ നിർണ്ണായക സംഭാവനകൾ നൽകിവരുന്നു. ക്രിസ്തീയ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഭാരത സംസ്കാരത്തിൽ വേരുപിടിപ്പിച്ച ജീവിത ശൈലിയാണ് അവരുടേത്.

യൂറോപ്യൻ മിഷനറിമാരുടെ സ്വാധീനം ഉണ്ടാകുന്നതിനുമുമ്പുതന്നെ നസ്രാണി സമൂഹത്തിലെ പ്രമുഖർ സമൂഹത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റിയിരുന്നു. മിഷനറിമാരുടെ ആഗമനത്തോടുകൂടി വിദ്യാഭ്യാസം കൂടുതൽ വ്യവസ്ഥാപിതമായി. ഗോവയിൽ ഫ്രാൻസിസ്കൻ മിഷനറിമാർ 1540 ൽ ആരംഭിച്ച Santa Fe School -ആണ് ഇന്ത്യയിലെ ആദ്യത്തെ ക്രിസ്ത്യൻ വിദ്യാഭ്യാസ സംരംഭം. 1542 ൽ വി.ഫ്രാൻസിസ് സേവ്യർ ഈ സ്കൂൾ ഏറ്റെടുക്കുകയും, 1548 ൽ St. Paul's College, Goa ആയി ഉയർത്തുകയും ചെയ്തു. സ്ത്രീകൾ, ദളിതർ, ആദിവാസികൾ തുടങ്ങിയവരുടെ വിദ്യാഭ്യാസത്തിന് കത്തോലിക്കാസഭ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു. "All are equal under God" - ബോംബെയിലെ Elphinstone സ്കൂളിന്റെ ആപ്തവാക്യമാണിത്. ഇന്ത്യൻ ഭരണഘടനാ ശിൽപി ഡോ. ബി. ആർ. അംബേദ്കർ ഈ സ്കൂളിലാണ് പഠിച്ചത്. മതന്യൂനപക്ഷമായ ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസ നയത്തിന്റെ ശ്രേഷ്ഠത അദ്ദേഹത്തിന് ബോധ്യപ്പെട്ടു. ന്യൂനപക്ഷ വിദ്യാഭ്യാസ സംരക്ഷണത്തിനുള്ള ആർട്ടിക്കിൾ 29, 30 എന്നിവ ഭരണഘടനയിൽ ഉൾപ്പെടുത്തുവാൻ അദ്ദേഹത്തിന് പ്രചോദകമായത് ക്രിസ്ത്യൻ സ്കൂളിലെ വിദ്യാഭ്യാസമാണ്. ഇന്ന് CBCI Office for Education and Culture ഭാരതത്തിലെ കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഭാരതത്തിൽ കത്തോലിക്കാസഭ നൽകിവരുന്ന വിദ്യാഭ്യാസ ശുശ്രൂഷയുടെ വ്യാപ്തി ബോധ്യപ്പെടുവാൻ താഴെ സൂചിപ്പിച്ചിരിക്കുന്ന കണക്കുകൾ സഹായിക്കും.

**Catholic Educational Institutes in India**

| | |
|---|---|
| Medical Colleges and Universities | 12 |
| Management institutes | 25 |
| Professional Colleges | 300 |
| Junior Colleges | 5500 |
| Degree Colleges | 450 |
| High Schools | 15000 |
| Middle Schools | 10500 |
| Primary Schools | 10500 |
| Pre-primary Schools | 6000 |
| Special Schools | 350 |
| Technical Schools | 3500 |
| Institutes and Boarding for street childrens | 2800 |

## കേരള കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ശുശ്രൂഷ

കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മകുടോദാഹരണമാണ് കേരളത്തിലെ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മിഷനറിമാരുടെ ആഗമനത്തിനുമുമ്പ് 'കളരി' കളിൽ കലയോടൊപ്പം ഭാഷയും സംസ്കാരവും പരിശീലിപ്പിച്ചിരുന്നു. കൂടാതെ മല്പാന്മാർ വിശ്വാസികൾക്ക് അറിവ് പകരുന്നതിൽ ശ്രദ്ധാലുക്കളുമായിരുന്നു. കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ അഭിമാനമായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1864 ൽ ''ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം'' എന്ന പദ്ധതി നടപ്പിലാക്കുവാൻ സർക്കുലർ അയക്കുകയുണ്ടായി. അതിനു മുൻപ് 1846 ൽ അദ്ദേഹം മാന്നാനത്ത് സംസ്കൃത സ്കൂൾ സ്ഥാപിക്കുകയുണ്ടായി. ചാവറയച്ചൻ രൂപംകൊടുത്ത സി.എം.ഐ. സമൂഹം ഇന്ന് വിദ്യാഭ്യാസരംഗത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമത്രെ.

1986 ൽ ഇരിങ്ങാലക്കുട പാസ്റ്ററൽ സെന്ററിൽ നടന്ന കെ.സി.വൈ.എം. സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്ത് അന്നത്തെ തൃശ്ശൂർ ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോസഫ് കുണ്ടുകുളം തിരുമേനി തമാശരൂപേണ ഇങ്ങനെ പറഞ്ഞു. ''കേരളത്തിൽനിന്നും കത്തോലിക്കാസ്ഥാപനങ്ങളെ മാറ്റി നിറുത്തിയാൽ അത് ഏതാണ്ട് എന്റെ തല പോലെയിരിക്കും''. കേരള കത്തോലിക്കാസഭയുടെ വിപുലമായ വിദ്യാഭ്യാസ ശുശ്രൂഷയെ എടുത്തുകാണിക്കാൻ പര്യാപ്തമാണ് അഭിവന്ദ്യ പിതാവിന്റെ വിലയിരുത്തൽ. പ്രൈവറ്റ് സ്കൂളുകളിൽ 36 ശതമാനം കത്തോലിക്കാസഭയുടെ നിയന്ത്രണത്തിലാണ്.

**Catholic Educational Institutions in Kerala**

| | |
|---|---|
| Autonomous Educational Institutes | 13 |
| Medical Colleges | 04 |
| Engineering Colleges | 14 |
| Aided Arts and Science Colleges | 55 |
| Self financing Arts and Science Colleges | 51 |
| Aided B.Ed Colleges | 06 |
| Self financing B.Ed Colleges | 23 |
| Nursing Colleges | 29 |
| Other Self financing professional Colleges | 13 |
| Schools | 3000 |

### മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ ശുശ്രൂഷ

പുനരൈക്യപ്രസ്ഥാനം അതിന്റെ പ്രാരംഭ ഘട്ടത്തിൽതന്നെ വിദ്യാഭ്യാസത്തിന് സമുന്നതമായ സ്ഥാനം നൽകിയിരുന്നു. ഫാ. പി.റ്റി. ഗീവർഗീസ് തന്റെ സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ ആദ്യത്തെ വൈദികനായിരുന്നു. പ്രബുദ്ധരും വിദ്യാഭ്യാസമുള്ളവരും അർപ്പണ മനോഭാവവുമുള്ള ആളുകളെ കൂടാതെ സഭയുടെയും സമൂഹത്തിന്റെയും ഉന്നമനം അസാധ്യമെന്ന് മനസ്സിലാക്കിയ അദ്ദേഹം യുവജനങ്ങളെ കൽക്കട്ടയിലും സെറാമ്പൂരിലുമയച്ച് പരിശീലിപ്പിച്ചിരുന്നു. സ്ത്രീ വിദ്യാഭ്യാസമാണ് പുരോഗതിയുടെ അളവുകോലെന്ന് വിശ്വസിച്ചിരുന്ന അദ്ദേഹം അവരുടെ ഉന്നമനത്തിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്ഥിരമായ ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനുമുൻപ് അനേകം സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ പടുത്തുയർത്തുന്നതിന് അദ്ദേഹം പരിശ്രമിച്ചു. വിദ്യാഭ്യാസംവഴി ആളുകൾ വിജ്ഞാനവും കഴിവുമുള്ളവരായിത്തീരുമെന്നും, പ്രായേണ, ദേവാലയ നിർമ്മിതിയുൾപ്പെടെ എല്ലാറ്റിനും അവർ സ്വയം പര്യാപ്തതയിലെത്തുമെന്നും അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ 22 വർഷത്തെ ഭരണകാലത്ത് 78 പ്രൈമറി സ്കൂളുകൾ, 18 മിഡിൽ സ്കൂളുകൾ, 15 ഹൈസ്കൂളുകൾ, 2 ട്രെയിനിംഗ് സ്കൂളുകൾ, ഒരു കോളജ് എന്നിവ സ്ഥാപിച്ചു. ഇവയിൽ മിക്കവയും ഗ്രാമീണ മേഖലകളിലും ഉൾപ്രദേശങ്ങളിലുമാണ്.

1949 ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ് കേരളത്തിലെ പ്രശസ്തമായ കലാലയമായി ഇന്നും പരിലസിക്കുന്നു. NIRF (National Institutional Ranking Framework) ന്റെ ദേശീയ തലത്തിലുള്ള റാങ്കിങ്ങിൽ മാർ ഈവാനിയോസ് കോളജിന്റെ സ്ഥാനം ആദ്യത്തെ അൻപതിനുള്ളിലാണ്. കൂടാതെ, CPE (College with Potential for Excellence) അംഗീകാരവുമുണ്ട്. നമ്മുടെ മെഡിക്കൽ കോളജും ഇതര കോളജുകളും നല്ല നിലവാരം പുലർത്തുന്നവയാണ്.

**Malankara Syrian Catholic Educational Institutions**

| | |
|---|---|
| Colleges | 42 |
| (Included Medical, Engineering and other Colleges) | |
| Training Colleges | 08 |
| Technical Institules | 08 |
| Higher Secondary Schools | 52 |
| High Schools | 86 |
| Upper Primary Schools | 75 |
| Lower Primary Schools | 125 |
| Nursing Schools | 89 |
| Special Schools | 03 |
| Boarding and Hostels | 22 |

### ഒരു എളിയ വിലയിരുത്തൽ

നിരന്തരം വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ് നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ. പുനരൈക്യവാർഷികാഘോഷവേളകൾ ഇതിനുള്ള ഉചിതമായ സമയമാണ്. ആദ്യകാല ചൈതന്യത്തോടുകൂടി മുന്നോട്ടു പോകുവാൻ സാധിച്ചാൽതന്നെ നാം വിജയിക്കും. ശീഘ്രമായി മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിനനുസരിച്ച് വിദ്യാഭ്യാസ ശുശ്രൂഷയെ ക്രമീകരിക്കുവാൻ നമുക്ക് കഴിയണം. ദേശീയ വിദ്യാഭ്യാസ നയം 2020 (NEP 2020) ന്റെ പശ്ചാത്തലത്തിൽ സമഗ്രമായ മാറ്റത്തിനുവേണ്ടി നാം തയ്യാറെടുക്കണം. No existence without excellence നമ്മുടെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്? അന്തർദേശീയ-ദേശീയ റാങ്കിങ്ങിൽ നമ്മുടെ സ്ഥാപനങ്ങളുടെ സ്ഥാനം എവിടെ? മാർ ഈവാനിയോസ് കോളജ് ഒഴികെ നമ്മുടെ ഒരൊറ്റ സ്ഥാപനം പോലും ദേശീയ റാങ്കിങ്ങിൽ 100 നുള്ളിൽ വരുന്നില്ല. ഇതിന്റെ കാരണമെന്തെന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

നമ്മുടെ ഹയർസെക്കണ്ടറി സ്കൂളുകളിൽനിന്നും പ്ലസ് ടു കഴിഞ്ഞ് പുറത്തിറങ്ങുന്ന എത്ര കുട്ടികൾക്ക് ഐ.ഐ.റ്റി. കളിൽ അഡ്മിഷൻ ലഭിക്കുന്നു; എൻട്രൻസിൽ ഉയർന്ന റാങ്ക് ലഭിക്കുന്നു; നമ്മുടെ കലാലയങ്ങളിൽനിന്നു പുറത്തിറങ്ങുന്ന എത്ര പേർക്ക് ജോലി ലഭിക്കുന്നു. ഇത് വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യങ്ങളാണ്. രാജസ്ഥാനിലെ അജ്മീർ രൂപതയുടെ കീഴിലുള്ള അൻസ്‌ലം സീനിയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകൻ, ഡോ. സുനിൽ ജോസ്, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ''ഉഡാൻ സൊസൈറ്റി'', ചേരിയിൽനിന്നും എടുത്തു വളർത്തിയ മൂന്നു കുട്ടികൾക്ക് ഐ.ഐ.റ്റി. യിൽ അഡ്മിഷൻ ലഭിച്ചതായി അടുത്തിടെ പത്രവാർത്ത കണ്ടു. അദ്ദേഹത്തിന് ഈ നേട്ടം സാധിതമായെങ്കിൽ എന്തു


കൊണ്ട് എല്ലാ സംവിധാനങ്ങളുമുള്ള നമ്മുടെ സ്ഥാപനങ്ങൾക്ക് ഇത് അപ്രാപ്യമായിരിക്കുന്നു. കുട്ടികളെ inspire ചെയ്യുവാൻ നമുക്ക് സാധിക്കണം. Status quo നിലനിർത്തി മാത്രം പ്രവർത്തിച്ചാൽ നമ്മുടെ പല സ്ഥാപനങ്ങളുടെയും നിലനിൽപ്പിനെതന്നെ അത് ബാധിക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

നമ്മുടെ ചില സ്കൂളുകൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്; ചില സ്കൂളുകളിൽ ഡിവിഷനുകൾ കുറയുന്നു. സമീപത്തുള്ള സർക്കാർ സ്കൂളുകളിൽപോലും ധാരാളം കുട്ടികൾ ഉള്ളപ്പോൾ നമ്മുടെ സ്കൂളുകളിൽ ഇപ്രകാരമൊരു സാഹചര്യം ഉണ്ടാകുന്നതെന്തുകൊണ്ട്? ഏതെങ്കിലും സ്ഥാപനത്തിൽ കുട്ടികളെ ചേർക്കാൻവേണ്ടി അദ്ധ്യാപകർ ഓടിനടക്കുന്നുണ്ടെങ്കിൽ മനസിലാക്കുക, It is not a centre of excellence, we could not inspire the students.

Education is an important mission of the church. ഇതിന്റെ അടിസ്ഥാനത്തിലാണ് പള്ളികൾക്കു മുൻപേ നാം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചത്. എന്നാൽ, മുന്നോട്ടുള്ള പ്രയാണത്തിൽ ഇത് മറന്നു പോയോ എന്ന് സംശയിക്കുന്നു. സ്വാർത്ഥ താൽപര്യ സംരക്ഷണവും വാണിജ്യവൽക്കരണവും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കടന്നുകൂടിയിട്ടുണ്ടോ? അങ്ങനെയെങ്കിൽ, നമ്മുടെ സ്ഥാപനങ്ങൾക്ക് മികവിന്റെ കേന്ദ്രങ്ങളാകാൻ സാധിക്കുകയില്ല.

ഉപസംഹാരമായി ഒരു കാര്യം കൂടി കുറിക്കട്ടെ. നമ്മുടെ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങളും, വിഭവശേഷിയും നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും പ്രയോജനപ്രദമാകുന്നുണ്ടോ? നമ്മുടെ സമൂഹത്തിന്റെ ഉന്നമനമായിരിക്കണം നമ്മുടെ ലക്ഷ്യം. UPSC, SSC, PSC തുടങ്ങിയ വിവിധ പരീക്ഷകളിലേക്കുള്ള പരിശീലന കേന്ദ്രങ്ങൾ നമ്മുടെ കലാലയങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ഭദ്രാസനങ്ങളിലും ഉണ്ടായാൽ ഏറെ നന്നായിരിക്കും എന്ന നിർദ്ദേശത്തോടുകൂടി ഈ ലേഖനം ഉപസംഹരിക്കട്ടെ.

## അഭിനന്ദനങ്ങൾ



ഡൽഹി-ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ട **വെരി. റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി.** ക്ക് തിരുവല്ല അതിഭദ്രാസനത്തിന്റെ അനുമോദനങ്ങൾ



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നും ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ കമ്യൂണിക്കേഷൻ ആന്റ് ജേണലിസം മോഡൽ 111 (ട്രിപ്പിൾ മെയിൻ)ൽ ഒന്നാം റാങ്ക് ലഭിച്ച **ആർഷ രാജേഷിന്** അഭിനന്ദനങ്ങൾ. ചക്കുപള്ളം മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്.



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നും ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ല്യു.)ൽ രണ്ടാം റാങ്ക് ലഭിച്ച **മരീന വർഗീസിന്** അഭിനന്ദനങ്ങൾ. ചേറ്റുകുഴി മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്.



എം.ജി. യൂണിവേഴ്സിറ്റിയിൽനിന്നും Malayalam with Journalism ന് ഏഴാം റാങ്ക് നേടിയ മുരിക്കാശ്ശേരി ഇടവകാംഗമായ **ജോബിറ്റാ മോൾക്ക്** അഭിനന്ദനങ്ങൾ



ബി.എ.ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റിൽ എട്ടാം റാങ്ക് ലഭിച്ച **അബീഷ കുറിയാക്കോസിന്** അഭിനന്ദനങ്ങൾ. മാലം മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്.

www.malankaralibrary.com

# സഭയുടെ മാധ്യമ ശുശ്രൂഷയും ഡിജിറ്റൽ ലോകവും



**ഫാ. ഡോ. ഏബ്രഹാം ഇരിമ്പനയ്ക്കൽ**
(സെക്രട്ടറി, കെ.സി.ബി.സി. മീഡിയ കമ്മീഷൻ)

2013 ൽ 76-ാം വയസ്സിൽ കർദ്ദിനാൾ ബർഗോളിയോ, മാർപാപ്പയായി തെരഞ്ഞെടുക്കപ്പെടുന്നതിനു മുൻപ് നടന്ന പ്രി കോൺക്ലേവിൽ (pre-conclave) നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്. ഹവാനയിലെ ആർച്ചുബിഷപ്പ് ജെയ്മെ ലൂക്കാസ് ഒർത്തേഗാ ഇതിന്റെ കോപ്പി പാപ്പയുടെ അനുവാദത്തോടെ പങ്കുവച്ചിട്ടുണ്ട്. വെളിപാട് പുസ്തകം മൂന്നാം അദ്ധ്യായത്തിലെ ഇരുപതാം വാക്യത്തിന് പരമ്പരാഗതമായി നാം കേൾക്കുകയും പറയുകയും ചെയ്യുന്ന വിശദീകരണം നമുക്കറിയാം. 'ഇതാ ഞാൻ വാതിലിൽ മുട്ടുന്നു'' (വെളിപാട് 3:20). ഇംഗ്ലീഷ് ചിത്രകാരനായ വില്യം ഹോൾമാൻ ഹണ്ട് (1827-1910) ഈ വാചകം മനോഹരമായി വരച്ചിട്ടുണ്ട്. 'ദി ലൈറ്റ് ഓഫ് ദി വേൾഡ്' (the light of the world) എന്നാണ് പെയിന്റിംഗിന്റെ പേര്. പുറത്ത്നിന്ന് വാതിലിൽ മുട്ടുന്ന യേശുക്രിസ്തു. ഉള്ളിലേക്ക് വെളിച്ചം കൊണ്ടുചെല്ലാൻ കാത്തുനിൽക്കുന്ന ലോകത്തിന്റെ വെളിച്ചം. ഇതാണ് പരമ്പരാഗതമായി നാം ഈ വാക്യത്തെ മനസ്സിലാക്കുന്ന രീതി. എന്നാൽ പ്രീ കോൺക്ലേവിൽ കർദ്ദിനാൾ ബർഗോളിയോ മറ്റൊരു വ്യാഖ്യാനം ഇതിന് നല്കി. ''വെളിപാടു പുസ്തകത്തിൽ, ക്രിസ്തു പറയുന്ന ഞാൻ വാതിൽക്കൽ മുട്ടുന്നു. തീർച്ചയായും അകത്തേക്ക് പ്രവേശിക്കാൻ പുറത്തുനിന്ന് വാതിലിൽ മുട്ടുകയാണ്. എന്നാൽ ചില സമയങ്ങളിൽ യേശു നമ്മുടെ ഉള്ളിൽനിന്നു മുട്ടുന്നു. കാരണം അവനെ പുറത്തേക്ക് വിടാൻ നാം അനുവദിക്കണം''. പ്രസംഗം അവസാനിക്കുമ്പോൾ അദ്ദേഹം അടുത്ത മാർപാപ്പയുടെ ദൗത്യം വിശദമാക്കുന്നുണ്ട്. "Thinking of the next Pope; He must be a man who, from the contemplation and adoration of Jesus Christ, helps the Church to go out to the existential peripheres..." തെരഞ്ഞെടുപ്പിന് മുൻപ് പ്രഖ്യാപിച്ച ദർശനം, 2013 മുതൽ ഇന്നുവരെ ഫ്രാൻസിസ് മാർപാപ്പ പ്രയോഗത്തിൽ വരുത്തുകയാണ്. എന്നാൽ ഏതാണ് ക്രിസ്തു എത്തിച്ചേരേണ്ട പുതിയ ഇടം? എവിടേക്കാണ് നാം വാതിൽ തുറക്കേണ്ടത്?



ഡിജിറ്റൽ ലോകമാണ് പുതിയ കാലം. പരമ്പരാഗതമായി നാം ജീവിച്ചിരുന്ന ലോകം മാറിക്കഴിഞ്ഞു. ഇത് പുതിയ ലോകം, പുതിയ ചിന്താരീതി, പുതിയതരം അധിനിവേശം, പുതിയ മനുഷ്യദർശനം. ഇവിടെയാണ് സുവിശേഷത്തിന്റെ നവീന ലോകം. ക്രിസ്തുദർശനം സാമൂഹ്യമാധ്യമങ്ങളുടെയും ഡിജിറ്റൽ സാങ്കേതികതയുടെയും ലോകത്തിൽ പ്രഘോഷിക്കുന്നത് എങ്ങനെ? ഇത് കേവലം ഇന്റർനെറ്റിലൂടെ സുവിശേഷം പ്രഘോഷിക്കണം എന്നു പറഞ്ഞാൽ അവസാനിക്കില്ല. മാധ്യമം തന്നെ സന്ദേശം (medium is message) എന്ന പറച്ചിലിന്റെ സമകാലിക വ്യാഖ്യാനം ഇവിടാവശ്യം. ''നമ്മൾ ഉപകരണങ്ങൾ (tools) നിർമ്മിക്കുന്നു, പിന്നീട് അവ നമ്മെ നിർമ്മിക്കുന്നു'' (we shape our tools and therafter our

www.malankaralibrary.com

tools shape us) എന്ന് മാർഷൽ മക്ലൂഗൻ (Marshall Macluhan (1911-1980) എന്ന കനേഡിയൻ മാധ്യമ ചിന്തകൻ പറഞ്ഞതോർമിക്കാം. അവിടെനിന്നും സാങ്കേതികത ഏറെ വളർന്നു. അദ്ദേഹത്തിന്റെ നിരീക്ഷണം അക്ഷരാർത്ഥത്തിൽ സത്യമെന്ന് ഇന്നു നമുക്കറിയാം. ഇത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലമാണ്. മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റെ മികച്ച സഹകരണത്തോടെ ആധിപത്യം നേടക്കഴിഞ്ഞു. ഭരണകൂടങ്ങൾ ഇതിന്റെ സഹായത്തോടെ പൗരന്മാരെ തരംതിരിക്കാനും നിയന്ത്രിക്കാനും പുതിയതരം അടിമത്തം അടിച്ചേൽപിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഏതു ലോകത്ത്? ആരോടാണ് സുവിശേഷം പ്രസംഗിക്കേണ്ടത്? ഇതറിയാതെയുള്ള ദൈവശാസ്ത്രപഠനവും പ്രസംഗവും നമ്മെ പുരാവസ്തുക്കളാക്കി മാറ്റും. സുവിശേഷവൽക്കരണം സാധ്യമാകേണ്ട ഇടം ഏതാണ്? മുമ്പ് നാം മനസ്സിലാക്കാൻ ശ്രമിച്ച ഡിജിറ്റൽ കാലത്തെ ജനതയോടാണ് സുവിശേഷം പറയേണ്ടത്. ക്രിസ്തുവിനു വാതിൽ തുറന്നു കൊടുക്കേണ്ടത് ഈ സാങ്കേതികതയിലേക്കാണ്. സന്ദേശത്തിനല്ല, സന്ദേശം പറയാനുള്ള മാധ്യമത്തിനാണ് ഇന്ന് പ്രസക്തി വർദ്ധിച്ചിരിക്കുന്നത്. സന്ദേശം ഏതെന്ന് നമുക്ക് തർക്കമില്ല. യേശുക്രിസ്തുവിന്റെ സുവിശേഷം ഇതിനുള്ള പ്രസക്തി ഒരിക്കലും നഷ്ടമാക്കുന്നില്ല. എന്നാൽ മാധ്യമം മനുഷ്യമനസ്സിനെയും സ്വഭാവത്തെയും നിർണ്ണയിക്കുന്ന തരത്തൽ വളർന്നു. ലോകത്തിന്റെ അതിർത്തികളോളം പോയി സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15). 48-ാം മാധ്യമദിനത്തിലെ ഫ്രാൻസിസ് പാപ്പയുടെ സന്ദേശം ഇതിനോട് ചേർത്ത് വായിക്കാം. ''മിഷനറിയാകുക, നിമിഷങ്ങൾകൊണ്ട് ലോകത്തിന്റെ അതിർത്തികളിൽ വരെ ഒരു സന്ദേശമെത്തിക്കാൻ ഇന്റനെറ്റിനു കഴിയും എന്നറിഞ്ഞിരിക്കുക'' (2014, 48th world communication day message) ഇതേ സന്ദേശം തന്നെയാണ് കാലാകാലങ്ങളായി സഭ പഠിപ്പിക്കുന്നത്. ''മനുഷ്യരാശിയുടെ എല്ലായിടങ്ങളിലും സുവിശേഷമെത്തിക്കുന്നതാണ്, സുവിശേഷവൽക്കരണം. അതുവഴി സുവിശേഷത്തിന്റെ അന്തർലീനമായ ശക്തിയാൽ മനുഷ്യഹൃദയങ്ങളിൽ പ്രവേശിക്കും, മനുഷ്യവംശത്തെ പുതുക്കും''. പോൾ ആറാമൻ പാപ്പ Evangelii Nuntiandi യിൽ പ്രസ്താവിച്ചത് ഇപ്പോൾ ഏറെ പ്രസക്തമാകുന്നു. മനുഷ്യരാശിക്ക് നവീകരണം ആവശ്യമാണ്. കേവലം യന്ത്രജീവിതത്തിലേക്കും, അതിന്റെ സാങ്കേതിക സഹകാരികളായും ഒരുകൂട്ടം ആളുകളുടെ അടിമകളായും മനുഷ്യവംശം പരിണമിക്കുകയാണ്.

**ഇന്റർനെറ്റ് : പുതിയ ഏഥൻസ്**

അപ്പസ്തോല പ്രവർത്തനങ്ങൾ 17:21 ൽ പറയുന്നു: എല്ലാ ആഥൻസുകാർക്കും അവിടെ താമസിച്ചിരുന്ന വിദേശികൾക്കും പുതിയ കാര്യങ്ങളെക്കുറിച്ചു പറയുന്നതിനും കേൾക്കുന്നതിനുമല്ലാതെ മറ്റൊന്നിനും സമയം ഉണ്ടായിരുന്നില്ല. പുതിയ കാര്യങ്ങൾ കേൾക്കുകയും പറയുകയും ചെയ്യുന്ന പുതിയ ഏഥൻസ് ഇന്റർനെറ്റിന്റെ ലോകമല്ലാതെ എവിടെയാണ്? സാമൂഹ്യമാധ്യമങ്ങളും മറ്റ് സേവനങ്ങളും ഉൾപ്പെടുന്ന പുതിയ ഏഥൻസിൽ സുവിശേഷത്തിന്റെ പുതുമ ആര് പറയും? എങ്ങനെ പറയും? പരമ്പരാഗത കഥപറച്ചിലുകളെ ഇന്റർനെറ്റിലേക്ക് പറിച്ചു നടുന്നതുകൊണ്ട് യാതൊരു അർത്ഥവുമില്ല. മാധ്യമത്തിന്റെയും മനുഷ്യന്റെയും മാനസിക നില മാറി. വലിയ രാജ്യങ്ങളെക്കാൾ അംഗസംഖ്യ ഫേസ്ബുക്കിനും ടിറ്ററിനും ഇൻസ്റ്റഗ്രാമിനുമുണ്ട്. ലോകരാഷ്ട്രങ്ങളുടെ ജനാധിപത്യത്തിലും തെരഞ്ഞെടുപ്പിലും രാഷ്ട്രീയ വിപ്ലങ്ങളിലും ഇവയുടെ സ്വാധീനം ബോധ്യപ്പെട്ടു കഴിഞ്ഞതാണ്. ഇമോജികളുടെ മനഃശാസ്ത്രവും സെമിയോട്ടിക്സും നമ്മൾ ചർച്ച ചെയ്യുന്നു. ബ്രാൻഡ് പവറിനെക്കുറിച്ചും അതിലേക്കെത്തുന്ന മാനസിക നിലകളെ നിർണയിക്കുന്ന തന്ത്രങ്ങളെക്കുറിച്ചും നമുക്കറിയാം. പക്ഷെ ഈ ലോകത്തിലേക്ക് ക്രിസ്തുവിനു വാതിൽ തുറന്നു നല്കാൻ ഇനിയും വൈകുന്നതെന്തുകൊണ്ട്?


സെപ്റ്റംബർ 21
മെത്രാഭിഷേക വാർഷികം (2010)



മോസ്റ്റ് റവ. ഡോ. തോമസ് മാർ യൗസേബിയൂസ്

സെപ്റ്റംബർ 21
മെത്രാഭിഷേക വാർഷികം (2017)



മോസ്റ്റ് റവ. ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്

സെപ്റ്റംബർ 21
മെത്രാഭിഷേക വാർഷികം (2017)



മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്

www.malankaralibrary.com

# മലങ്കര ആരാധനക്രമവും ആരാധനക്രമ സംഗീതവും



**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**
(സെക്രട്ടറി, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ലിറ്റർജി കമ്മീഷൻ)

**സം**ഗീതം മനുഷ്യകുലത്തോടുള്ള ദൈവസ്നേഹത്തിന്റെയും, ദൈവത്തോടുള്ള മനുഷ്യസ്നേഹത്തിന്റെയും അടയാളവും പ്രതീകവുമാണ്. നാം ദൈവസൃഷ്ടി എന്ന നിലയിലും, ദൈവം സൃഷ്ടാവ് എന്ന നിലയിലും, സംഗീതത്തിലൂടെ നാം ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള 'കൂട്ടായ്മയുടെ ഉപകരണമാണ്' സംഗീതം (cf. A. Narikulam, Church and Liturgy: Towards and Understanding of Catholic Worship, p. 258). സംഗീതം ദൈവത്തിങ്കലേക്ക് മനുഷ്യരെ ഉയർത്തുവാനും വിശ്വാസികളുടെ ഹൃദയങ്ങളെ തൊട്ടുണർത്തുവാനുമുള്ള ശക്തമായ മാർഗ്ഗമാണ്. സംഗീതം ഒരു ചികിത്സാമാർഗ്ഗവുമാകയാൽ (music therapy) മനുഷ്യന് ശാന്തതയും, മനസമാധാനവും, സന്തോഷവും, ഉല്ലാസവും പ്രദാനം ചെയ്യുവാനുള്ള സൗഖ്യശക്തിയും ഉണ്ട്. അതിലൂടെ ഒരു വ്യക്തി ആത്മീയ സന്തോഷത്തിലേക്ക് ഉയർത്തപ്പെടുന്നു. മൃഗങ്ങളെയും സസ്യലതാദികളെയുംപോലും സ്വാധീനിക്കാൻ സംഗീതത്തിന് സാധിക്കും. സംഗീതം അതിന്റെ സ്വഭാവത്താൽതന്നെ ആരാധനയാണ്. ആരാധനയിൽ, ദൈവവുമായി ബന്ധപ്പെടുന്നതിന് മനുഷ്യൻ ഉപയോഗിക്കുന്ന ആകർഷണീയ മാർഗ്ഗമാണ് ആരാധനാസംഗീതം. ഭക്തിയാണ് ആരാധനാസംഗീതത്തിന്റെ ആത്മാവും പ്രചോദനവും. ഭക്തിയില്ലാത്തതും, ഭക്തി ജനിപ്പിക്കാത്തതുമായ സംഗീതം ആരാധനയ്ക്കു യോജിച്ചതല്ല. ലോകത്തിലെ എല്ലാ മതങ്ങൾക്കും അവരവരുടേതായ ആരാധനാസംഗീതം ഉണ്ട്. യഹൂദപാരമ്പര്യത്തിൽ, ഗായകസംഘം സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നത് സംഗീതോപകരണങ്ങളുടെ അകമ്പടിയോടെയാണ്. ക്രിസ്തീയ ആരാധനാസംഗീതത്തിന്റെ അടിസ്ഥാനവും, യഹൂദരീതിയും യഹൂദ പശ്ചാത്തലവുമാണ്.

## ആരാധനാസംഗീതത്തിന്റെ വേദപുസ്തക പശ്ചാത്തലം

സങ്കീർത്തകന്റെ വാക്കുകളിൽ, ജറുസലേം ദൈവാലയത്തിൽ പ്രവേശിക്കുന്ന തീർത്ഥാടകർ, ഇപ്രകാരം ചെയ്യണം: കർത്താവിനെ "കാഹളനാദത്തോടെ സ്തുതിക്കുവിൻ, വീണയും കിന്നരവും മീട്ടി, തപ്പുകൊട്ടിയും നൃത്തമാടിയും സ്തുതിക്കുവിൻ. തന്ത്രികളും കുഴലുകളുംകൊണ്ട് സ്തുതിക്കുവിൻ, കൈത്താളം കൊട്ടി അവിടുത്തെ സ്തുതിക്കുവിൻ" (സങ്കീ. 150:3-4). കർത്താവിന്റെ ആലയത്തിൽ ഒരുവൻ പ്രവേശിക്കുമ്പോൾ കൃതജ്ഞതയുടെ അടയാളമായി തന്ത്രീനാദത്തോടെ കീർത്തിക്കേണ്ടതിനെപ്പറ്റി ഏശയ്യാദീർഘദർശിയും സൂചിപ്പിക്കുന്നുണ്ട് - "ജീവിതകാലം മുഴുവൻ തന്ത്രീനാദത്തോടെ അങ്ങയെ കീർത്തിക്കും" (ഏശ. 38:20). വി. ഗ്രന്ഥത്തിൽ അനേക പ്രാവശ്യം ഉപയോഗിച്ചിരിക്കുന്ന വാക്കാണ് 'കീർത്തനം ആലപിക്കുക'. പഴയനിയമത്തിൽ 309 പ്രാവശ്യവും, പുതിയനിയമത്തിൽ 36 പ്രാവശ്യവും കീർത്തനം ആലപിക്കുന്നതിനെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. ചെങ്കടൽ കടന്നതിനുശേഷം, കർത്താവിന്റെ രക്ഷാകരസംഭവത്തെ അനുസ്മരിച്ച് കൃതജ്ഞതയുടെ കീർത്തനം മോശയും ഇസ്രായേൽക്കാരും ആലപിക്കുന്നതായി പുറപ്പാട് പുസ്തകത്തിൽ നാം കാണുന്നു (പുറ. 15:1). ദൈവികശക്തിയാൽ അവർ 'വെള്ളത്തിൽനിന്ന്' രക്ഷിക്കപ്പെട്ട് പുതുജീവിതത്തിലേക്ക് കടന്നുവന്നതിന് നന്ദിയായിരുന്നു അവരുടെ കീർത്തനം (cf. J. Ratzinger, The Spirit of the Liturgy, p. 136). അങ്ങനെ പഴയനിയമത്തിൽ ദൈവജനം, ദൈവാരാധനയുടെ ഭാഗമായി സംഗീതവും ഗാനാലാപനവും നിർവ്വഹിച്ചതായി വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

യഹൂദന്മാർ സങ്കീർത്തനങ്ങൾ, ഹല്ലേൽ ഗീതങ്ങളായി (113-128) അവരുടെ പ്രധാന തിരുനാളുകളിൽ ആലപിച്ചിരുന്നു. അവർ സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ഭക്തിനിർഭര

www.malankaralibrary.com

മായാണ് ആലപിച്ചിരുന്നത്. ക്രിസ്തുമതത്തിന്റെ ഉത്ഭവത്തോടൊപ്പം ക്രിസ്തീയ ആരാധന സംഗീതവുമായി ബന്ധപ്പെടുത്തിയാണ് നിർവ്വഹിച്ചിരുന്നത്. പുതിയനിയമത്തിൽ, അന്ത്യ അത്താഴശേഷം, യേശുവും ശിഷ്യന്മാരും കീർത്തനം ആലപിച്ചിട്ടാണ് പീഡാനുഭവത്തിന്റെ ഒരുക്കത്തിനായി ഒലിവുമലയിലേക്ക് പോകുന്നത് - ''സ്തോത്രഗീതം ആലപിച്ച ശേഷം, അവർ ഒലിവുമലയിലേക്ക് പോയി'' (മത്താ. 26:30). കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം, ശിഷ്യന്മാർ ''ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാ സമയവും ദൈവാലയത്തിൽ കഴിഞ്ഞുകൂടി'' (ലൂക്കാ 24:53). അപ്പ. പ്രവർത്തനത്തിൽ നാം കാണുന്നു, ''അവർ ഏക മനസ്സോടെ താല്പര്യപൂർവ്വം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും..... ദൈവത്തെ സ്തുതിക്കുകയും.....'' (അപ്പ. പ്ര. 2:46-47). പൗലോസ് അപ്പസ്തോലനും എഫേസ്യരോട് ആവശ്യപ്പെടുന്നു, ''സങ്കീർത്തനങ്ങളാലും ഗാനങ്ങളാലും ആത്മീയ ഗീതങ്ങളാലും പരസ്പരം സംഭാഷണം ചെയ്യുവിൻ. ഗാനാലാപങ്ങളാൽ പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ പ്രകീർത്തിക്കുവിൻ'' (എഫേ. 5:19).

ആദിമസഭ ഒരു 'ആലാപന സഭ'യായിരുന്നു (singing church). അവരുടെ ഗാനാലാപനം ആരാധനയുടെ ഭാഗം മാത്രമായിരുന്നില്ല, ആരാധനതന്നെ ആയിരുന്നു. 'സ്തുതികളിൽ വസിക്കുന്നവനു' മായുള്ള അടുപ്പം സ്ഥാപിക്കുവാനുള്ള മാർഗ്ഗമായിരുന്നു അത്. ആദിമസഭ, ആരാധനയിലും സംഗീതത്തിലും, യഹൂദപാരമ്പര്യം കാത്തുസൂക്ഷിച്ചു. കർത്തൃബലിക്ക് കൃതജ്ഞതയുടെ കീർത്തനങ്ങളാണ് ആലപിച്ചിരുന്നത്. പ്രത്യേകിച്ചും 118-ാം സങ്കീർത്തനം. യഹൂദ പശ്ചാത്തലത്തിൽ ഏഴ് യാമങ്ങളിലായി നടത്തിയിരുന്ന യാമപ്രാർത്ഥനകളിലും സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. ആദിമക്രൈസ്തവരും, യഹൂദന്മാർ സിനഗോഗിൽ ആലപിച്ചിരുന്ന ഈണങ്ങളും രീതികളും അവരുടെ പ്രാർത്ഥനകളിൽ ഉൾക്കൊള്ളിച്ചു. അതിനായി സങ്കീർത്തനങ്ങൾ, ഗാനങ്ങൾ, ആത്മീയഗീതങ്ങൾ എന്നീ മൂന്നു തരത്തിലുള്ള കീർത്തനങ്ങൾ ഉപയോഗിച്ചിരുന്നു. ആദിമക്രൈസ്തവർ കീർത്തനങ്ങളാലും ഗാനങ്ങളാലുമാണ് ദൈവത്തെ ആരാധിച്ചിരുന്നത്. എ.ഡി. 313 ലെ മിലാൻ വിളംബരത്തിലൂടെ കോൺസ്റ്റന്റൈൻ ചക്രവർത്തി മതസ്വാതന്ത്ര്യം അനുവദിച്ചതോടുകൂടി ആരാധനയിൽ സംഗീതത്തിന് വലിയ സ്ഥാനം ഉണ്ടാകുകയും അത് പെട്ടെന്ന് വികാസം പ്രാപിക്കുകയും ചെയ്തു (cf. A. Robertson, Music of the Catholic Church, p.21). ആറാം നൂറ്റാണ്ടിൽ, ഗ്രിഗോറിയൻ സംഗീതം ഉടലെടുത്തുവെങ്കിലും, 9, 10 നൂറ്റാണ്ടുകളിലാണ് അത് ശക്തി പ്രാപിച്ച് റോമൻ കത്തോലിക്കാസഭയുടെ ഔദ്യോഗിക സംഗീതമായി രൂപപ്പെട്ടത്.

ഭാരതത്തിലും ഓരോ മതത്തിനും അതിന്റേതായ ആരാധനാസംഗീതം ഉണ്ട്. ഭാരതീയ സംഗീതം എന്നറിയപ്പെടുന്ന കർണാട്ടിക് സംഗീതവും (ദക്ഷിണേന്ത്യൻ) ഹിന്ദുസ്ഥാനി സംഗീതവും (ഉത്തരേന്ത്യൻ) ഹിന്ദുമതവുമായും അതിന്റെ സംഗീതവുമായും ഏറെ ചേർന്ന് നില്ക്കുന്നു. ഇസ്ലാംമതം പൊതുവേ അറബി സംഗീതവും, സുറിയാനി ക്രൈസ്തവർ സുറിയാനി സംഗീതവും ഉപയോഗിക്കുന്നു.

## രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുക്കർമ്മഗീതങ്ങളെപ്പറ്റി

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷനായ Sacrosanctum conciliumന്റെ ഏഴ് അദ്ധ്യായങ്ങളിൽ, ആറാമത്തെ അദ്ധ്യായം മുഴുവൻ തിരുക്കർമ്മഗീതങ്ങളെപ്പറ്റിയുള്ള പ്രബോധനമാണ്. തിരുക്കർമ്മഗീതങ്ങളെക്കുറിച്ചുള്ള സഭാപാരമ്പര്യം ഒരമൂല്യ നിക്ഷേപമായിട്ടാണ് കൗൺസിൽ പഠിപ്പിക്കുന്നത്. ''മറ്റ് ഏത് കലയേക്കാളും കൂടുതൽ, സംഗീതം സഭയിൽ വിലമതിക്കപ്പെടുന്നു..... വി. ഗീതം ആഘോഷമായ തിരുക്കർമ്മത്തിന്റെ അഭേദ്യവും അപരിത്യാജ്യവുമായ ഘടകമായി തീരുന്നു..... അതുകൊണ്ട്, പ്രാർത്ഥന കൂടുതൽ ആസ്വാദ്യമാക്കിക്കൊണ്ടോ, ഹൃദയൈക്യം പോഷിപ്പിച്ചുകൊണ്ടോ, തിരുക്കർമ്മങ്ങൾ കൂടുതൽ സാഘോഷമാക്കിക്കൊണ്ടോ എത്ര ഗാഢമായി തിരുക്കർമ്മങ്ങളോട് വി. ഗീതം ബന്ധപ്പെടുത്തുന്നുവോ അത്ര കൂടുതലായി അത് പവിത്രമായി തീരുന്നു. തിരുക്കർമ്മ ഗീതങ്ങളുടെ ലക്ഷ്യം ''ദൈവമഹത്വവും വിശ്വാസികളുടെ വിശുദ്ധീകരണവും'' (no.112) ആണെന്ന് കൗൺസിൽ വ്യക്തമാക്കുന്നു. അതിനാൽ ആരാധനാസംഗീതത്തിന്റെ മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ വിശ്വാസികളെ കൗൺസിൽ ഓർമ്മപ്പെടുത്തുന്നു. ''തിരുക്കർമ്മഗീതങ്ങളെ അതീവ ജാഗ്രതയോടെ പരിരക്ഷിക്കുകയും വിശേഷിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. തിരുക്കർമ്മങ്ങൾ ഗാനാലാപത്തോടെ നടത്തുന്ന അവസരങ്ങളിൽ വിശ്വാസികളുടെ സമൂഹത്തിന് അതിന്റേതായ സജീവ ഭാഗഭാഗിത്വം വഹിക്കാൻ കഴിയത്തക്കവിധം ക്രമീകരിക്കേണ്ടതാണ്'' (no.114). തിരുക്കർമ്മ ഗീതങ്ങൾ മനസ്സുകളുടെ ഐക്യത്തെ പരിപോഷിപ്പിക്കുകയും തിരുക്കർമ്മങ്ങൾ നന്നായി പരികർമ്മം ചെയ്യുവാൻ ഇടയാക്കുകയും, ആരാധനയിൽ ഭക്തിപൂർവ്വം സംബന്ധിക്കുവാൻ

www.malankaralibrary.com

വിശ്വാസികളെ സഹായിക്കുകയും ചെയ്യേണ്ടതാണ്. തിരുക്കർമ്മവിധികളുടെ നിർദേശങ്ങൾക്കും നിബന്ധനകൾക്കും യോജിച്ചവിധം ഭക്തകൃത്യങ്ങളിലും ദിവ്യാനുഷ്ഠാനങ്ങളിലും വിശ്വാസികളുടെ ശബ്ദം മുഴങ്ങി കേൾക്കത്തക്കവിധം ഗാനങ്ങൾ ആലപിക്കുന്ന രീതി പരിപോഷിപ്പിക്കപ്പെടണമെന്നും കൗൺസിൽ ഓർമ്മിപ്പിക്കുന്നു (no. 118). അതിനാൽ ''ജനങ്ങളുടെ സജീവ ഭാഗഭാഗിത്വത്തോടും, ശുശ്രൂഷകരുടെ സഹകരണത്തോടുംകൂടി തിരുക്കർമ്മങ്ങൾ സംഗീതത്താൽ മോടി പിടിപ്പിക്കുമ്പോൾ ആരാധനാകർമ്മങ്ങൾക്ക് വളരെ വിശിഷ്ടമായ രൂപം കൈവരുന്നു''എന്ന് കൗൺസിൽ പഠിപ്പിക്കുന്നു (no. 113). അതിനാൽ സെമിനാരികൾ, സന്യാസിനിസന്യാസികളുടെ ഭവനങ്ങൾ, കത്തോലിക്കാസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവി ടങ്ങളിൽ സംഗീതപഠനത്തിനും പരിശീലനത്തിനും മുന്തിയ പ്രാധാന്യം നല്കേണ്ടതാണെന്ന് കൗൺസിൽ ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിനായി അദ്ധ്യാപകരെ നല്ലവണ്ണം പരിശീലിപ്പിക്കുകയും, അവരെ തിരുക്കർമ്മ ഗീതങ്ങൾ പഠിപ്പിക്കുവാൻ നിയോഗിക്കുകയും വേണം (no. 115). സഭയുടെ അമൂല്യനിധിയായ തിരുക്കർമ്മ സംഗീതം നന്നായി പരികർമ്മം ചെയ്യുന്നതിനും, പരിപോഷിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും കൗൺസിൽ നല്കുന്നു. തിരുക്കർമ്മഗീതങ്ങളിലൂടെ, പ്രാർത്ഥന കൂടുതൽ ആകർഷകവും, ഹൃദയൈക്യത്തിന്റെ പരിപോഷണവും സംഭവിക്കുന്നതുവഴി ഭൗമിക ആരാധന, സ്വർഗ്ഗീയ ആരാധനയെ പ്രതിധ്വനിപ്പിക്കുകയും ചെയ്യുന്നുവെന്ന് കൗൺസിൽ പഠിപ്പിക്കുന്നു.

**ആരാധനാസംഗീതം - ആരാധനയുടെ അവിഭാജ്യ ഘടകം**

കത്തോലിക്കാസഭ ആരാധനാസംഗീതത്തെപ്പറ്റി പഠിപ്പിക്കുമ്പോൾ, അത് വിശ്വാസിയുടെ ആത്മീയ പരിപോഷണത്തിനും, ഭക്തിയിൽ വളരുന്നതിനും ദൈവാനുഭവത്തിനുമായി നിർവഹിക്കപ്പെടണമെന്ന് ഓർമ്മിപ്പിക്കുന്നു. തിരുക്കർമ്മ ഗീതങ്ങളുടെ പ്രാധാന്യത്തെപ്പറ്റി പീയൂസ് പത്താമൻ മാർപാപ്പായുടെ Motu Proprio യിലൂടെയും (cf. Tra le Sollecitudini: Instruction on Sacred Music, 1903), രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിലെ ആറാം അദ്ധ്യായത്തിലൂടെയും, ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെയും, ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെയും പ്രബോധനങ്ങളിലൂടെയും (cf. J. Ratzinger, The Spirit of the Liturgy, p. 147), കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിലും (no. 1090) അത് വ്യക്തമായി പ്രതിപാദിക്കുന്നു. ആരാധനാസംഗീതം സഭയുടെ ഔദ്യോഗികമായ പരസ്യാരാധനയിൽ ഉപയോഗിക്കുന്ന സംഗീതമാകയാൽ ഗാനങ്ങളും കീർത്തനങ്ങളും ആരാധനയോട് ചേർത്തുവച്ചിരിക്കുന്ന ഒരു ആഭരണമോ, അലങ്കാരമോ അല്ല, മറിച്ച് വിശ്വാസസമൂഹത്തെ ദൈവികരഹസ്യങ്ങളിലേക്ക് ആഴപ്പെടുത്തുവാനും, അതിന്റെ ആന്തരികതയിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുവാനും ദൈവാനുഭവത്തിലും ഭക്തിയിലും ജീവിക്കുവാനും അത് സഹായിക്കുന്നു. ആരാധനയുടെ അവിഭാജ്യ ഘടകം എന്ന നിലയിൽ ആരാധനാസംഗീതത്തിന് ദൈവമഹത്വവും (glorification of God), വിശ്വാസികളുടെ വിശുദ്ധീകരണവും (sanctification of man) എന്ന ലക്ഷ്യത്തിലേക്ക് അടുപ്പിക്കുവാനുള്ള അതിസ്വാഭാവികമായ കഴിവുണ്ട് (cf. Pius X, Tra le sollecitudini, 1). വത്തിക്കാൻ കൗൺസിൽ സൂചിപ്പിക്കുന്നത്, സംഗീതം വിശുദ്ധമാണെന്നും, ദൈവികമാണെന്നും, അത് ആരാധനയുടെ അഭേദ്യമായ ഭാഗമാണെന്നുമാണ്. വിശ്വാസികളുടെ ഹൃദയത്തെ സ്പർശിക്കുവാൻ ആരാധനാസംഗീതത്തിന് കഴിയും. അതിലൂടെ ആരാധനാസമൂഹത്തിന് - ഒരു ഹൃദയം, ഒരു മനസ്സ്, ഒരു ശബ്ദം എന്ന രീതിയിൽ പരസ്പരം കൂട്ടായ്മയിൽ ആയിരിക്കുവാനും കഴിയും. ആത്മീയതയുടെ ആഴങ്ങളിലേക്കും (mysticism) സ്വർഗ്ഗീയാനുഭവത്തിലേക്കും (heavenly experience) ഒരു വ്യക്തിയെ നയിക്കുവാനും എത്തിക്കുവാനും ആരാധനാസംഗീതത്തിന് സാധിക്കും. പ്രാർത്ഥനയുടെ അന്തരാർത്ഥത്തിലേക്കും, ആഴത്തിലേക്കും, ഒരുവന്റെ മനസ്സിനെയും ബുദ്ധിയെയും പ്രവേശിപ്പിക്കുവാൻ സംഗീതത്തിന് കഴിയും. 'ഹൃദയങ്ങൾ ദൈവത്തിങ്കലേക്ക് ഉയർത്തപ്പെടുത്തുന്നതിൽ' സംഗീതത്തിന് വലിയ ശക്തിയുണ്ട് (cf. Pope Benedict XVI, A New Song for the Lord, p. 169). ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു, സംഗീതം ദൈവികമാകുന്നത്, അത് വിശ്വാസികളെ സൃഷ്ടാവുമായി കൂടുതൽ അടുപ്പിക്കുവാൻ ഇടയാകുമ്പോഴാണെന്നും, സംഗീതം പരികർമ്മം ചെയ്യുന്നവർ സഭയുടെ പ്രവാചക ദൗത്യത്തിൽ പങ്കുചേരുന്നുവെന്നും, തിരുക്കർമ്മ സംഗീതം ദൈവജനത്തിന്റെ ആത്മീയ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നുവെന്ന് (cf. John Paul II, Chirograph for the Centenary of Inter Sollicitudines, no. 15). 1955 ൽ പുറപ്പെടുവിച്ച പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പയുടെ ചാക്രിക ലേഖനമായ musicae sacrae യിൽ, തിരുക്കർമ്മഗീതങ്ങളുടെ ശരിയായ പരിശീലനത്തിന്റെയും, ഭംഗിയായ ആലാപനത്തിന്റെയും പ്രാധാന്യത്തെ പാപ്പാ എടുത്തുകാട്ടുന്നു. ആരാധനാസംഗീതം

www.malankaralibrary.com

വിശ്വാസിയുടെ ആത്മീയ സന്തോഷത്തെയും, ആത്മാവിന്റെ ആനന്ദത്തെയും ഉയർത്തുന്നുവെന്ന് പാപ്പാ പറയുന്നു. ഇത് ആരാധകന്റെ ഭക്തിയെയും, ആത്മീയ അനുഭവത്തെയും ഉണർത്തുന്നു. സംഗീതാലാപനത്തിലൂടെ വിശ്വാസിയുടെ വിശ്വാസം വർദ്ധിക്കുവാനും, വിശ്വാസത്തെ ശക്തിപ്പെടുവാനും ഇടയാക്കുന്നു. ബനഡിക്ട് പതിനാറാമൻ പാപ്പാ, തിരുക്കർമ്മ സംഗീതത്തെ തിരിച്ചറിയാനുള്ള മൂന്ന് പ്രധാന സവിശേഷതകൾ ചൂണ്ടിക്കാണിക്കുന്നു - അതിന്റെ വിശുദ്ധി, ശരിയായ കല, സാർവ്വത്രികത. മറ്റ് വാക്കിൽ പറഞ്ഞാൽ, എല്ലാ ജനത്തിനും, ഏത് സമൂഹത്തിനും, എവിടെയും ഉപയോഗിക്കുവാൻ കഴിയുന്നതാണ് യഥാർത്ഥ തിരുക്കർമ്മസംഗീതം. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ, ആരാധനാസംഗീതം ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട മൂന്ന് പ്രധാന മാനദണ്ഡങ്ങളെ സൂചിപ്പിക്കുന്നു - പ്രാർത്ഥനയുടെ മനോഹാരിത, വിശ്വാസികളുടെ കൂട്ടായ പങ്കുചേരൽ, തിരുക്കർമ്മങ്ങളുടെ ആഘോഷസ്വഭാവം (CCC 1158).

### മലങ്കര ആരാധനക്രമവും സുറിയാനി സംഗീതവും

സെമറ്റിക് കുടുംബത്തിൽപ്പെടുന്ന ഭാഷയായ സുറിയാനിയുടെ ഉത്ഭവവും വികാസവും രണ്ടാം നൂറ്റാണ്ടിനോട് ചേർന്ന് അറമായ ഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു കാലത്ത് സിറിയായിലും പരിസര പ്രദേശങ്ങളിലുമുള്ളവരുടെ മാതൃഭാഷയായിരുന്നു അത്. എന്നാൽ പില്ക്കാലത്ത്, ഈ ഭാഷ ആ പ്രദേശങ്ങളിലുള്ള പൗരസ്ത്യസഭകളുടെ ആരാധനക്രമത്തിന്റെ ഭാഗമായി മാറി. ഈ സഭകളുമായുള്ള സമ്പർക്കത്തിലൂടെ മലങ്കരസഭയും അതിന്റെ ആരാധനക്രമത്തിന്റെ ഭാഗമായി സുറിയാനിഭാഷ ഉപയോഗിച്ചുവന്നു. ഈ അർത്ഥത്തിൽ സുറിയാനിഭാഷ, ഉപയോഗിക്കുന്ന സഭകളെ വിളിക്കുന്നതുതന്നെ 'സുറിയാനി ക്രൈസ്തവർ' എന്നാണ്. സുറിയാനിസഭയുടെ രണ്ട് സുറിയാനി പാരമ്പര്യങ്ങളാണ് പാശ്ചാത്യ സുറിയാനിയും (West Syriac), പൗരസ്ത്യ സുറിയാനിയും (East Syriac). പൗരസ്ത്യ സുറിയാനിയിൽ എഴുതപ്പെട്ട ആദ്യത്തെ കീർത്തനങ്ങളാണ് രണ്ടാം നൂറ്റാണ്ടിൽ സങ്കീർത്തനങ്ങളുടെ രൂപത്തിൽ എഴുതപ്പെട്ട ശലോമോന്റെ ഗീതങ്ങൾ (Odes of Solomon) എന്നറിയപ്പെടുന്ന 42 ഗീതങ്ങൾ (cf. Fr. M.P. George, സുറിയാനി സംഗീതം, p.11). ആദ്യ നൂറ്റാണ്ടുകളിൽ ഇവിടെ പൊതുവായുണ്ടായിരുന്ന പൗരസ്ത്യ സുറിയാനി, പില്ക്കാലത്ത് മലങ്കരയിൽ പാശ്ചാത്യ സുറിയാനി ഉപയോഗിക്കുന്നതിലേക്ക് മാറ്റപ്പെടുവാൻ ഇടയായി. ഇന്ന് മലങ്കരസഭകളിൽ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലുള്ള സംഗീതമാണ് ഉപയോഗിക്കുക. സുറിയാനി സംഗീതത്തിന്റെ പാശ്ചാത്യ പാരമ്പര്യം നാലാം നൂറ്റാണ്ടോടുകൂടി വലിയ മാറ്റത്തിന് വിധേയമായി. മാർ അപ്രേം, സാറൂഗിലെ മാർ യാക്കോബ്, മാർ ബാലായി എന്നീ പ്രധാന സുറിയാനി സഭാപിതാക്കന്മാരുടെ സംഭാവനകൾ ആരാധനാപാരമ്പര്യത്തെ കൂടുതൽ ശക്തമായി വഴിതെളിച്ചു. സുറിയാനിസഭയുടെ ആരാധനാപാരമ്പര്യം മറ്റേതു സഭാപാരമ്പര്യത്തേക്കാളും ഉന്നതമായ നിലവാരം പുലർത്തുന്നു. പാശ്ചാത്യ സുറിയാനി സംഗീതത്തിന്റെ അടിസ്ഥാന തത്വങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് അഷ്ഠരാഗങ്ങളിലാണ് (Octo echoes), എട്ട് നിറങ്ങളിലാണ്. ആരാധനക്രമ കലണ്ടർ, തിരുന്നാളുകൾ എന്നിവയുമായി ബന്ധപ്പെട്ടാണ് ഈ വ്യത്യസ്ത രാഗങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. സുറിയാനി സംഗീതത്തിന്റെ മനോഹാരിതയും ഭംഗിയും എത്ര വലുതാണെന്നും, ഭക്തിനിർഭരമാണെന്നും വ്യത്യസ്ത രാഗങ്ങളിലൂടെ മനസ്സിലാക്കുവാൻ കഴിയും. സുറിയാനി സംഗീതം, വിശ്വാസികളെ ഭക്തിയിലേക്കും ദൈവാനുഭവത്തിലേക്കും ഉയർത്തുന്നു.

### പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിലെ പ്രാർത്ഥനകളും ഗീതങ്ങളും ചിട്ടപ്പെടുത്തിയ പ്രധാന സഭാപിതാക്കന്മാരും സുറിയാനി പണ്ഡിതരും

**1. മാർ അപ്രേം (306-373).** റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യയായ നിസിബിസിലാണ് മാർ അപ്രേം ജനിച്ചത്. ജീവിതകാലം മുഴുവൻ ഒരു ഡീക്കനായി ജീവിച്ചു. സുറിയാനി സഭാപിതാക്കന്മാരിൽ അഗ്രഗണ്യനായിരുന്ന അദ്ദേഹത്തിന്റെ ധാരാളം കവിതകളും പ്രാർത്ഥനകളും നാം ഇന്ന് ആരാധനക്രമത്തിൽ ഉപയോഗിക്കുന്നു. അദ്ദേഹത്തിന്റെ കീർത്തനങ്ങളിൽ ഭൂരിഭാഗവും അക്കാലത്ത് നിലനിന്നിരുന്ന വിവിധ പാഷണ്ഡതകളെയും, വേദവിപരീതങ്ങളെയും ഖണ്ഡിച്ച്, സത്യവിശ്വാസവും സഭയുടെ പ്രബോധനങ്ങളും കാത്തുസൂക്ഷിച്ച ഗീതങ്ങളാണ്. ആര്യനിസവും, മനിക്കയിസവും പോലെയുള്ള വേദവിപരീതങ്ങളും പാഷണ്ഡതകളും കീർത്തനങ്ങളിലൂടെ രചിക്കപ്പെട്ടിരുന്നതിനാൽ, അതിനെ നേരിടുവാൻ മാർ അപ്രേം ഉപയോഗിച്ചിരുന്ന മാർഗ്ഗവും കീർത്തനങ്ങളിൽതന്നെ എഴുതുക എന്നതായിരുന്നു. അത്തരത്തിലുള്ള കീർത്തനങ്ങളിൽ ദൈവശാസ്ത്രവും, സഭയുടെ ഔദ്യോഗിക പ്രബോധനവും, സത്യവിശ്വാസവും, വേദപുസ്തകപരവുമായ അടിസ്ഥാന തത്വങ്ങളും അദ്ദേഹം കൂട്ടിച്ചേർത്തു. ഗദ്യത്തിലും പദ്യത്തിലുമുള്ള അദ്ദേഹത്തിന്റെ രചനകൾ ഏറെ ലളിതവും ആസ്വാദ്യകരവും മനോഹരവുമാണ്.

2. **മാർ ബാലായി (5th C.)** ആലപ്പോയിലെ കോർ എപ്പിസ്ക്കോപ്പയായിരുന്ന അദ്ദേഹം മറ്റൊരു സുറിയാനി പണ്ഡിതനും കവിയുമാണ്. മാർ അപ്രേമിന്റെ ശിഷ്യൻകൂടിയായിരുന്ന അദ്ദേഹം ബോവൂസോ പോലെയുള്ള ധാരാളം ഗീതങ്ങൾ രചിച്ചിട്ടുണ്ട്. നമ്മുടെ ആരാധനക്രമത്തിൽ കൂടെ ക്കൂടെ നാം ഉപയോഗിക്കുന്ന ബാലായിയുടെ ബോവൂസാകൾ, അതിന്റെ ഘടനകൊണ്ടും ലളിതസ്വഭാവംകൊണ്ടും ഈണംകൊണ്ടും ഏറെ ശ്രദ്ധ അർഹിക്കുന്നു.

3. **സാറൂഗിലെ മാർ യാക്കോബ് (451–521)** യൂഫ്ര ട്ടീസിനോടടുത്തുള്ള സാറൂഗ് പട്ടണത്തിലെ കുർത്താൻ എന്ന സ്ഥലത്താണ് മാർ യാക്കോബ് ജനിച്ചത്. സമകാലീനർ അദ്ദേഹത്തെ 'വിശ്വാസ സഭയുടെ കിന്നരം' (harp of the believing church) എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹം 760–ളം പ്രസംഗങ്ങൾ (homilies) പദ്യരൂപത്തിൽ (poetic homilies) എഴുതിയിട്ടുണ്ട്. അവയിൽ വിശുദ്ധ മറി യത്തിന്റെ മാതൃത്വത്തെ സൂചിപ്പിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ മരിയൻ ശാസ്ത്രത്തിന് (Mariology) വലിയ മുതൽക്കൂട്ടാണ്. ആരാധന ക്രമത്തിൽ നാം ഉപയോഗിക്കുന്ന യാക്കോ ബിന്റെ ബോവൂസാകൾക്ക് പുറമേ, അനേകം മദ്രോശോ, സൂഗീസോ എന്നീ സുറിയാനി കീർത്തനങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. സുറിയാനി ആരാധനക്രമത്തിനും സംഗീത ത്തിനും വലിയ സംഭാവനകൾ നല്കിയ വ്യക്തി യാണ് അദ്ദേഹം.

4. **അന്ത്യോക്യായിലെ സേവേറിയോസ് (465–538).** മാർ സേവേറിയോസ് ഏറെ പ്രശസ്ത നായ മറ്റൊരു സുറിയാനി രചയിതാവാണ്. നിര വധി മാനീസാകൾ, കോലോകൾ, തക്ശപ്തോ, മദ്രോശോകൾ എന്നിവ അദ്ദേഹം രചിച്ചിട്ടുണ്ട്. സുറിയാനി ഗീതങ്ങൾ, ഓരോ ദിവസത്തിനും, തിരുനാളുകൾക്കും അനുയോജ്യമായ വിധ ത്തിൽ അഷ്ഠരാഗങ്ങളിൽ/നിറങ്ങളിൽ പാടാ മെന്ന് കണ്ടു പിടിച്ചത് അദ്ദേഹമാണെന്നാണ് പൊതുവിൽ വിശ്വസിക്കുന്നത്. സുറിയാനി സംഗീതം അത്തരത്തിൽ പാടുന്നതിനെ Ekkara (root), Okto echoes എന്നാണ് വിളിക്കുന്നത്. സുറി യാനി സംഗീതം ആ വിധത്തിൽ ശാസ്ത്രീയ മായും ക്രമീകൃതമായും പാടുന്നതിന് (Bethgazo - treasure house of music) വേണ്ട ക്രമീകരണങ്ങൾ (methodology) അദ്ദേഹം നടപ്പിലാക്കി.

5. **അന്ത്യോക്യായിലെ മാർ ഇസഹാക്ക് (5th C.).** സുറിയാനിഭാഷയുടെ ഉദയ നക്ഷത്രം (rising star) എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. അദ്ദേഹം 4–5 നൂറ്റാണ്ടുകളിലെ നെസ്തോറിയൻ, യൂറ്റിക്കൻ പാഷണ്ഡതകൾക്കെതിരെ ശക്ത മായി തന്റെ രചനകളിലൂടെ പോരാടി. സന്യാസി യായി ജീവിച്ച അദ്ദേഹം സന്യാസജീവിത ത്തിൽനിന്ന് ലഭിച്ച ശക്തിയാലത്രേ തന്റെ രചന കൾ നടത്തിയിരുന്നത്. മാർ അപ്രേമിന്റെ രീതി തന്നെയാണ് രചനകളിൽ സ്വീകരിച്ചത്.

6. **ശെമവൂൻ കൂക്കോയോ (simeon of Gesir - 6th C.).** സുറിയാനി ക്രൈസ്തവർക്ക് വളരെ സുപരി ചിതമായ പദമാണ് കൂക്കോയോ. കൂക്കോയോ എന്നു പറഞ്ഞാൽ പാത്രം നിർമിക്കുന്നവൻ, കുശവൻ എന്നർത്ഥം. സാറൂഗിലെ യാക്കോ ബിന്റെ സമകാലീനനായ ശെമവൂന്റെ ജോലി പാത്രം നിർമ്മിക്കലായിരുന്നു. പാത്രങ്ങൾ നിർമ്മിക്കുന്ന സമയത്ത്, യന്ത്രങ്ങൾ (machienes) പുറപ്പെടുവിക്കുന്ന പ്രത്യേക ശബ്ദത്തെ അദ്ദേഹം ദൈവിക സംഗീതം (divine music) ആയി രൂപാന്തരപ്പെടുത്തുകയും, പാത്രങ്ങൾ നിർമിക്കുന്ന സമയത്ത്, ഗാനങ്ങൾ രചിക്കു കയും, അവ ചുരുളുകളിൽ രേഖപ്പെടുത്തുകയും ചെയ്തു. ശെമവൂന്റെ ഇക്കാര്യത്തിലുള്ള വൈദഗ്ദ്യം കേട്ടറിഞ്ഞ് സാറൂഗിലെ യാക്കോബ്, ശെമവൂൻ രചിച്ച ഗാനങ്ങൾ പരിശോധിക്കു കയും, അവ ആരാധനയിൽ ഉപയോഗിക്കുവാൻ അനുവദിക്കുകയും, കൂടുതൽ എഴുതുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ശെമവൂന്റെ കീർത്തനങ്ങൾ ലളിതവും ഉന്നതവുമായ ചിന്ത കൾ ഉൾക്കൊള്ളുന്നവയാണ്. കൂക്കോയോ രാഗ ത്തിൽ എഴുതപ്പെട്ട ധാരാളം ഗീതങ്ങൾ നാം ആരാധനയിൽ ഉപയോഗിക്കുന്നുണ്ട്. വിശ്വാസി കളുടെ ഹൃദയങ്ങളെ സ്പർശിക്കുന്ന തരത്തിൽ അവയ്ക്ക് വലിയ ആകർഷക സ്വഭാവവും ഉണ്ട്. ഗീതങ്ങളെല്ലാം വേദപുസ്തകാധിഷ്ഠിതമാക യാൽ, ആത്മീയതയുടെ ഉന്നതമായ പടവുകളി ലേക്ക് (mysticism) വിശ്വാസികളെ നയിക്കുന്നതു മാണ്.

7. **എഡേസായിലെ യാക്കോബ് (7th & 8th C.).** എഡേസായിലെ യാക്കോബ് സുറിയാനിഭാഷ യുടെ സുവർണകാലഘട്ടത്തിലാണ് ജീവിച്ചതും എഴുതിയതും. അദ്ദേഹം വി. കുർബാനയുടെ 'യാക്കോബിന്റെ ക്രമം' പുനരുദ്ധരിച്ചു. സഭയുടെ വിവിധ തിരുന്നാളുകൾക്കുള്ള കലണ്ടറും, ഓരോ തിരുന്നാളിനുമനുസരിച്ചുള്ള മദ്രോശോയും തയ്യാറാക്കി. ഓരോ തിരുന്നാ ളിനും ആവശ്യമായ പ്രാർത്ഥനകളും, അനുഷ്ഠാ നക്രമവും, നിയമങ്ങളും തയ്യാറാക്കി. സുറി യാനിഭാഷയ്ക്ക് ഗ്രാമർ സംവിധാനം ക്രമീക രിച്ചു. നിരവധി കീർത്തനങ്ങൾക്ക് പുറമേ, വി.കുർബാനയിൽ ഉപയോഗിക്കുവാനുള്ള ഹൂത്തോമോകളും മാർ യാക്കോബ് രചിച്ചു.

മേല്പറഞ്ഞ സഭാപിതാക്കന്മാരും സുറി യാനി രചയിതാക്കളും കൂടാതെ അഫ്രാഹത്ത്, മാബൂഗിലെ പീലക്സിനോസ്, ഡയനീഷ്യസ് ബർ സ്ലീബി, മോശ ബർ കേഫാ, ബാർ

www.malankaralibrary.com

ഹെബ്രായ തുടങ്ങിയവരുടെയും സംഭാവനകൾ നമ്മുടെ ആരാധനാഗീതങ്ങൾക്കും പ്രാർത്ഥന കൾക്കും ലഭ്യമായിട്ടുണ്ട്.

**വിവിധ രൂപങ്ങളിലുള്ള സുറിയാനി കവിതകൾ**

പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിൽ സുറിയാനി സംഗീതത്തിനുള്ള പ്രാധാന്യം നാം കണ്ടു കഴിഞ്ഞു. സുറിയാനി കീർത്തനങ്ങൾ വിവിധ രൂപത്തിലും അളവിലുമാണ് ചിട്ടപ്പെടുത്തിയിരിക്കു ന്നത്. ചില ഗാനങ്ങളുടെ ഓരോ വരിയും ആരംഭി ക്കുന്നത് ഒരേ അക്ഷരം ഉപയോഗിച്ചാണ് – എല്ലാ വരിയുടെയും ആരംഭം ഒരേ അക്ഷരത്തിൽ ആരംഭി ക്കുന്നതിനെ acrostic style എന്നാണ് വിളിക്കുക. സുറിയാനി പിതാക്കന്മാർ പ്രധാനമായും നാല് മാത്ര കളിലാണ് (metere) ഗാനങ്ങൾ രചിച്ചിരിക്കുന്നത് (cf. Fr. M.P. George, സുറിയാനി സംഗീതം, p. 12-17). സുറി യാനി സംഗീതത്തിന്റെ പ്രധാന syllabic structure താഴെ പറയുന്നവയാണ്.

1. **Tetra syllable (line of verse of four syllables).** നാല് സിലബിളുകൾ (സ്വരാക്ഷരങ്ങൾ) വീതമുള്ള വരി കൾ. ഇത്തരത്തിലുള്ള ശൈലിയിൽ ആദ്യമായി എഴുതിയത് ഹാർമോണിയസ് (ബർദൈസാന്റെ പുത്രൻ) ആണ്.

2. **Penta syllable (five syllables).** ഒരു വരിയിൽ അഞ്ച് സ്വരാക്ഷരങ്ങൾ വരുന്ന രീതിയിൽ എഴുതുന്ന കീർത്തനം. ഈ ശൈലി ആദ്യം ഉപയോഗിച്ചത് എ.ഡി. 179 ൽ ക്രിസ്തുമതത്തിലേക്ക് ചേർന്ന ബർദൈ സാനാണെങ്കിലും, പാശ്ചാത്യ സുറിയാനി പാരമ്പര്യ ത്തിൽ ആദ്യമായി penta syllabic ൽ ഗാനങ്ങൾ ചിട്ട പ്പെടുത്തിയത് മാർ ബാലായി ആണ്. ബാലായി യുടെ penta syllabic ൽ ഉള്ള ബോവൂസാ നമുക്കെല്ലാ വർക്കും ഏറെ സുപരിചിതമാണ്. ഉദാ. കരുണ നിറ ഞ്ഞവനെ, പുനരുത്ഥാനത്തിൽ, നിന്നുടെ സൃഷ്ടിയെ നീ, പുതുതാക്കീടണമേ – ha/ des/ mle/ rah/me (five syllabiles) - bree/thok/bnoo/ho/mo (five syllables).

3. **Hepta syllable (seven syllabic).** – ഒരേ വരിയിൽ ഏഴ് സിലബിളുകൾ (ഏഴ് സ്വരാക്ഷരങ്ങൾ ചേർന്നു വരുന്ന രീതി). മാർ അപ്രേമിന്റെ കീർത്തനങ്ങൾ പ്രധാനമായും hepta syllabic ലാണ്. ഉദാ. കർത്താവേ കൃപ ചെയ്യണമേ – mo/ran/es/ra/ha/mme/layn (seven syllables) - mo/ran/ka/bel/thes/mes/than (seven syllabic).

4. **Dodecca syllable (twelve syllables).** – പന്ത്രണ്ട് സ്വരാക്ഷരങ്ങൾ ഒരു വരിയിൽ വരുന്ന രീതി. സാറൂ ഗിലെ യാക്കോബിന്റെ ബോവൂസാകളെല്ലാം dodecca syllable ലാണ്. ദീർഘമായ വരികളാണ് യാക്കോ ബിന്റെ ബോവൂസായിൽ നാം കാണുക. ഉദാ. ഉട യോൻ നാഥാ വിളിക്കുന്നടിയാർ തുണയ്ക്കായ് വന്നീ, യാചന കേട്ടീ ആത്മാക്കൾമേൽ കൃപ ചെയ്യ ണമേ – ko/re/nan/lok/ mori/yo/ mo/ ran/ thol/ud/ro/nan (twelve syllables) - sma/ bo/voo/ san/va/ bed/rah/me/ al/naf/so/san(twelve syllables).

മേല്പറഞ്ഞ നാല് ഗണത്തിലുള്ള അളവുകൾ നാം മലയാള പരിഭാഷയിലെ ഗാനങ്ങളിലല്ല കണ്ടെത്തുന്നത്, മറിച്ച് സുറി യാനിയിലുള്ള ഗീതങ്ങളിലാണ് കൃത്യമായി കണ്ടെത്തുന്നത് എന്നോർക്കുക.

**മലങ്കര ആരാധനക്രമത്തിൽ വിവിധ അളവുക ളിലും, രൂപത്തിലുമുള്ള പ്രധാന സുറിയാനി ഗീതങ്ങൾ:**

1. **എനിയോനോ** (പ്രത്യുത്തരം – പ്രതിവാ ക്യം (responsaria) പ്രാർത്ഥനയുടെ പ്രതി വാക്യംപോലെ ചൊല്ലുന്ന ഗീതം. സങ്കീർത്തന വചനങ്ങളും അപേക്ഷാ സ്വഭാ വവും ഉൾക്കൊള്ളുന്നതാണ് എനിയോനോ. ഉദാ. യൂഹാനോൻ ഞെട്ടി യോർദ്ദാൻ വിറ പൂണ്ടു (മാമോദീസാ), ആദിമ നീതിജ്ഞരെ വാഴ്ത്തിയ ദൈവം (വിവാഹം)

2. **കോലോ** (ശബ്ദം – sound). സുറിയാനി സംഗീതത്തിൽ കോലോ എന്നു പറഞ്ഞാൽ ഒരു ഈണം, ട്യൂൺ എന്നാണ്. പ്രത്യേക രീതിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന ഗീത മാണ് കോലോ. അതായത് ദീർഘമായ ഒരു ഗീതത്തിന്റെ വിവിധ പാദങ്ങൾ ഓരോന്നും, ഒരേ ഈണത്തിൽ ചിട്ടപ്പെടുത്തി ചേർത്തുവ ച്ചിരിക്കുന്നു. സുറിയാനി സംഗീതത്തിന്റെയും ആരാധനയുടെയും അവിഭാജ്യ ഘടകമാണ് കോലോ.

ഉദാ. കേൾപ്പിൻ ജാതികളെല്ലാമെ ഹാലേ ലുയ്യാ (മാമോദീസാ), പതിവ്രതയാം പരിപാ വനസഭയെ (വിവാഹം)

3. **മെമ്രാകൾ** (ആത്മീയ ഉപദേശങ്ങൾ, പ്രസംഗങ്ങൾ homilies) – ഗദ്യത്തിലും പദ്യ ത്തിലും രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഏഴ് സ്വരാ ക്ഷരങ്ങളിലുള്ള പദ്യരൂപത്തിലാണ് മെമ്രാ കൾ കൂടുതലും രചിക്കപ്പെട്ടിട്ടുള്ളത്. മെമ്രാക ളിൽ ദൈവശാസ്ത്രപരവും വേദശാസ്ത്രപര വുമായ ചിന്തകളാണ് പ്രധാനമായും ഉൾക്കൊണ്ടിരിക്കുന്നത്.

4. **മദ്രോശോ** (ഉപദേശം, നിർദ്ദേശം spiritual advice) – സന്യാസജീവിതവും വിശ്വാസജീവി തവും നയിക്കുന്നവരുടെ ആത്മീയ ഉന്നമന ത്തിനുവേണ്ടിയുള്ള പ്രത്യേക ഉപദേശങ്ങൾ. മാർ അപ്രേം ധാരാളം മദ്രോശോകൾ രചിച്ചി ട്ടുണ്ട്. ഉദാ. ന്യായാധിപ നാഥാ ഈശോയെ (പുരുഷന്മാരുടെ മൃതസംസ്കാരം), തലമുറ കൾതോറും ജനനപ്പെരുന്നാൾ (ജനനപ്പെരു ന്നാൾ)

5. **സൂഗീസോ** – മദ്രോശോ രൂപത്തിൽ എഴു തപ്പെട്ടിട്ടുള്ള സൂഗീസോകൾ മര്യീശേര ഹ്യേഹല ലാണ് (ഓരോ വരിയിലും ഒരേ അക്ഷരത്തിൽ ആരംഭിക്കുന്ന രീതി) കൂടു തലും എഴുതപ്പെട്ടിരിക്കുന്നത്. സൂഗീസോ,

കാര്യങ്ങളെ ഭാവനാത്മകമായും നാടകീയമായും (dramatic presentation) അവതരിപ്പിക്കുന്നു. ഉദാ. ദുഃഖവെള്ളിയാഴ്ചയിലെ രണ്ട് കള്ളന്മാരുടെ സംവാദം (തസ്കര സംവാദം). മനുഷ്യാവതാര ഗീതങ്ങൾ പോലെയുള്ള നിരവധി സൂഗീസോകൾ ജറുസലേമിലെ സപ്രോണിയാസ് എഴുതിയിട്ടുണ്ട്. ഉദാ. സഭയാം തിരുസഭയാമീ ഞാൻ (വിവാഹം), സോദരരേ കൂടിൻ എന്നെ ....(പുരുഷന്മാരുടെ മൃതസംസ്കാരം)

6. **മാവൂർബോ** (പുകഴ്ത്തൽ/സ്തുതിപ്പ് - praise/hymn of magnificat) ദൈവമാതാവിനെയും വിശുദ്ധരെയുമൊക്കെ മാവൂർബോകളിൽ സ്തുതിക്കുന്നു. അന്ത്യോക്യായിലെ സേവേറിയോസ് ധാരാളം മാവൂർബോകൾ രചിച്ചിട്ടുണ്ട്. ഉദാ. മറിയാം പറഞ്ഞതെന്തെന്നാൽ എന്റെ ദേഹി (ജനനപ്പെരുന്നാൾ), കൃപ നിറഞ്ഞവളും പ്രകാശത്തിന്റെ മണവാട്ടിയുമായ അനുഗ്രഹീത മാതാവേ (ദനഹാപ്പെരുന്നാൾ)

7. **സൂമോറോ** - ലേഖനം വായിക്കുന്നതിനുമുമ്പ് (പൗലോസ് ശ്ലീഹാ പാടാതെ) പാടുന്ന ചെറിയ ഗീതം. സങ്കീർത്തന വചനംകൊണ്ടാണ് സൂമോറോ തയ്യാറാക്കിയിരിക്കുന്നത്. ഉദാ. നീർത്തോടിനു മാനുഴലും പോലെ (മാമോദീസ), ആദാം നിജമക്കൾക്കേകിയ കാസാ ......(പുരുഷന്മാരുടെ മൃതസംസ്കാരം)

8. **ഹൂലോലോ** (ഹാലേലുയ്യാ ഗീതം) സുവിശേഷ വായനയ്ക്കുമുമ്പ് പാടുന്ന ഗീതം
ഉദാ. ഹാലേലുയ്യാ......സോപ്പായാൽ തളിക്കുക നിർമ്മലനാവാൻ (മാമോദീസ), ഹാലേലുയ്യാ..... നിൻ മുഖശോഭ ഇവനിലുദിപ്പിക്കേണം (പുരുഷന്മാരുടെ മൃതസംസ്കാരം)

9. **പെത്ഗോമോ** - ഓരോ കോലോ ഗീതവും ആരംഭിക്കുന്നതിന് തൊട്ടുമുമ്പ്, ആരംഭത്തിൽ ചേർത്തിരിക്കുന്ന ചെറിയ വചനം. പെത്ഗോമോ ബൈബിൾവാക്യം കൊണ്ടോ, സങ്കീർത്തന വചനംകൊണ്ടോ നിർമ്മിക്കപ്പെട്ടവയാണ്. ഉദാ. രാജകുമാരി മഹത്വത്തോടെ നിന്നു (മാമോദീസ) തുടർന്ന് കോലോ 'പാവനയാം സഭയേ ചിറകിൽ', കർത്താവിന്റെ ഭവനത്തിലേക്ക് ഞങ്ങൾ ......തുടർന്ന് കോലോ 'നാഥൻ വന്ന് മൃതരെ ഉയിർപ്പിക്കും' (പുരുഷന്മാരുടെ മൃതസംസ്കാരം)

10. **കുക്കിലിയോൻ** - ചക്രം (cycle) വൃത്തം, മദ്ധ്യത്തിൽ ഹാലേലുയ്യാ ചേർത്തു പാടുന്ന സങ്കീർത്തനം മദ്ധ്യസ്ഥ പ്രാർത്ഥനകളായ ഓരോ കുക്കിലിയോനിലും, നാല് തരത്തിലുള്ള സുറിയാനി ഗീതങ്ങൾ ഉണ്ട് - പെത്ഗോമോ, എക്ബോ, കോലോ, ബോവൂസോ. ഓരോ കുക്കിലിയോനും ഓരോ സങ്കീർത്തനവചനം കൊണ്ടാണ് ആരംഭിക്കുന്നത്: നിന്നാൾ സ്തുതിയൊടു (സങ്കീ. 45:9-11), നയവാൻ പനപോലെ (സങ്കീ. 92:12,14), ചാർത്തും നീതിയെ (സങ്കീ. 132:9-12), മക്കളിലപ്പൻ (സങ്കീ. 103:13,15), നിന്നാൽ വൈരിയെ (സങ്കീ. 44:5,7)

11. **തക്ശപ്തോ** - 11-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടവയെന്ന് കരുതുന്ന തക്ശപ്തോ മാനീസായുടെ രൂപത്തിൽ എഴുതപ്പെട്ട സ്തുതിപ്പിന്റെ ഗീതങ്ങളാണ്. ഉദാ. സ്ഥാനഭ്രംശത്താൽ സൃഷ്ടി അഖിലം ഭ്രമപൂർവ്വം (പുരുഷന്മാരുടെ മൃതസംസ്കാരം), ജീവദനെ മൃതിയാർന്നോരെ.... (പുരുഷന്മാരുടെ മൃതസംസ്കാരം)

12. **ബോവൂസോ** (അപേക്ഷ - യാചന - request) ആരാധനക്രമത്തിൽ അപ്രേമിന്റെയും ബാലായിയുടെയും യാക്കോബിന്റെയും നിരവധി ബോവൂസോകൾ നാം ഉപയോഗിക്കുന്നുണ്ട്. അവ വളരെ ആകർഷണീയവും ഹൃദ്യവുമാണ്. ഉദാ. വി. കുർബാനയ്ക്കിടയിൽ നാം പാടുന്ന 'അൻപുടയോനെ നിൻ വാതിൽ' എന്ന അപ്രേമിന്റെ ബോവൂസോ ആഴമേറിയ ആത്മീയതയുടെയും, ദൈവത്തോടുള്ള ഭക്തിയുടെയും തെളിവാണ്. ദൈവത്തിന്റെ കരുണയ്ക്കും, അനുഗ്രഹത്തിനുമായുള്ള വിശ്വാസിയുടെ അപേക്ഷയാണ് ബോവൂസോ. ഉദാ. നാഥാ നിന്നുടെ ആർദ്രതയേറും വാതിൽ.... (വിവാഹം - യാക്കോബിന്റെ ബോവൂസ)

കരുണ നിറഞ്ഞവനെ ...... (ബാലായിയുടെ ബോവൂസ)

കർത്താവേ കൃപ ചെയ്യണമെ (അപ്രേമിന്റെ ബോവൂസ)

13. **മാനീസാ** (മറുപടി പ്രാർത്ഥന - സ്തുതിപ്പിന്റെ പ്രാർത്ഥന - hymn of praise) മദ്രോശോയുടെ രൂപത്തിൽതന്നെ എഴുതപ്പെട്ട മാനീസ, സങ്കീർത്തന വചനങ്ങൾകൊണ്ട് രചിക്കപ്പെട്ടവയാണ്. അന്ത്യോക്യായിലെ മാർ സേവേറിയോസ് നിരവധി മാനീസകൾ രചിച്ചിട്ടുണ്ട്. ഉദാ. സ്വഭാവപ്രകാരം മരണമില്ലാത്തവനും......(വി. കുർബാന) കർത്താവേ നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ....(സന്ധ്യാ പ്രാർത്ഥന)

പാടേയെൻ തിന്മകളെ കഴുകുക നാഥാ.......... (മാമോദീസ), ഞാൻ യൂദപുരേ ബേത്ലേമിൽ ചെന്നപ്പോൾ (ജനനപ്പെരുന്നാൾ)

14. **എക്ബോ** (ചരണം, പാദം - feet) ഓരോ കോലോയ്ക്കും മുമ്പിൽ, ഒരു എക്ബോ ഉണ്ടാകും. എക്ബോ, തുടർന്നുവരുന്ന കോലോയുടെ സംഗ്രഹവും, അതാത് ദിവസത്തിന്റെയും വിശേഷ ദിവസത്തിന്റെയും സന്ദേശവും ഉൾക്കൊള്ളുന്നതാണ്. ഉദാ. ഉപമകളാൽ ശ്ലേമോൻ ചൊന്നാനേവം (വിവാഹം), ഉത്തമനേ കരുണാപൂർണാ (മൃതസംസ്കാരം)

15. **ഹൂത്തോമോ** (സമാപന പ്രാർത്ഥന, സമാപന ഗീതം conclusion) - ഓരോ തിരുക്കർമ്മവും അവസാനിപ്പിക്കുന്നതിന് മുമ്പുള്ള പ്രാർത്ഥനയോ

www.malankaralibrary.com

ഗീതമോ. ഉദാ. ദൈവം അംഗീകരിച്ച ഈ കർമ്മത്തിന് ......(വിവാഹം), വാഴ്ത്തുക ഞങ്ങളെ സർവ്വേശാ .....(വി. കുർബാന)

**മലങ്കര തിരുക്കർമ്മ സംഗീതം - വിശ്വാസത്തിന്റെ വെളിപ്പെടുത്തലും വ്യാഖ്യാനവും**

അന്ത്യോക്യൻ/മലങ്കര ആരാധനക്രമത്തിന്റെ അനേക സവിശേഷതകളിലൊന്നാണ് ആരാധനക്രമത്തിന്റെ സംഗീതാത്മകത. ആരാധനാഗീതങ്ങൾ, സഭയുടെ വിശ്വാസത്തിന്റെ പ്രഖ്യാപനവും വെളിപ്പെടുത്തലും വ്യാഖ്യാനവുമാണ്. സഭയുടെ ആധികാരികമായ വിശ്വാസം ആരാധനയിലെ ഗീതങ്ങളിലും പ്രാർത്ഥനയിലും മനോഹരമായി വ്യക്തമാക്കുന്നു. അന്ത്യോക്യൻ ആരാധനയുടെ ഉത്ഭവം, സന്യാസജീവിതവുമായി ബന്ധപ്പെട്ട് സന്യാസാശ്രമങ്ങളിൽ രൂപം കൊണ്ടതിനാൽ, സന്യാസബന്ധിതമായ രൂപവും ഭാവവും ആധ്യാത്മികതയും അതിൽ ഉൾച്ചേർന്നിരിക്കുന്നു. പ്രാർത്ഥനകളും ഗീതങ്ങളുമെല്ലാം സുറിയാനി ഭാഷയിൽനിന്ന് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ, സുറിയാനി സഭാപിതാക്കന്മാരുടെ ദർശനവും, ദൈവശാസ്ത്രവും, ആത്മീയ അനുഭവവും, സന്യാസാധിഷ്ഠിതമായ ആധ്യാത്മികതയും ആരാധനയോട് ചേർന്ന് നില്ക്കുന്നു. അതിനാൽ ആരാധനയിലെ പ്രാർത്ഥനകൾ പ്രബോധനത്തിനും വിശ്വാസപരിശീലനത്തിനും സത്യോപദേശത്തിനും ഉപയുക്തമാണ്.

**ദൈവാലയ ഗായകസംഘത്തോട് ഫ്രാൻസിസ് പാപ്പാ പറയുന്ന ഏഴ് കാര്യങ്ങൾ:**

1. ആരാധനയിൽ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുവാൻ നേതൃത്വം നല്കുന്ന സമൂഹമാണ് ഗായകസംഘം.
2. ദൈവജനത്തിന്റെ സജീവ പങ്കാളിത്തമാണ് ഗായകസംഘം ലക്ഷ്യം വയ്ക്കേണ്ടത്.
3. ആയതിനാൽ ദൈവജനത്തിനുകൂടി പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ ഗാനങ്ങൾ ആലപിക്കണം.
4. തങ്ങളുടെ മികവു തെളിയിക്കാനുള്ള വേദിയായി ദൈവാലയത്തിലെ ഗാനാലാപനത്തെ കാണരുത്.
5. അതാത് കർമ്മങ്ങൾ അവസാനിച്ചാലും ഗാനങ്ങൾ തീരാൻവേണ്ടി പുരോഹിതൻ കാത്തുനില്ക്കുന്ന രീതി ഒഴിവാക്കണം.
6. ഗാനങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകളും, വരികളും ദൈവവചനാനുസൃതമായിരിക്കണം.
7. കാതടപ്പിച്ചുള്ള ശബ്ദസംവിധാനവും, സംഗീതോപകരണങ്ങളുടെ പ്രകടനവും ഒഴിവാക്കണം.

**ദൈവാലയ ഗായകസംഘത്തോട് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പറയുന്ന ഏഴ് കാര്യങ്ങൾ: (തൂക്കാസാ, പേജ് 26, 27)**

1. വി. കൂദാശകളിലെയും ശുശ്രൂഷകളിലെയും പ്രാർത്ഥനകൾ (ഗദ്യവും പദ്യവും) ഭക്തിയായും ചിട്ടയായും അനുഭവവേദ്യമായും നിർവ്വഹിക്കുന്നതിന്, പരിശീലനവും ദൈവഭക്തിയുമുള്ള ഗായകസംഘത്തിന്റെ സാന്നിധ്യം സഹായകരമാണ്. ആരാധനാ സംഗീതാലാപനം പ്രാർത്ഥനതന്നെയാണ് എന്ന് ഗായകസംഘാംഗങ്ങൾ ഓർത്തിരിക്കണം. ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളെ മുഴുവൻ സജീവമായി പ്രാർത്ഥിക്കുന്നതിന് സഹായകരമായി വേണം ഗായകസംഘം പ്രവർത്തിക്കുവാൻ.
2. സംഗീതത്തിൽ വിദഗ്ധരാണെങ്കിലും അല്ലെങ്കിലും പ്രാർത്ഥന (ഗദ്യവും പദ്യവും) ആരംഭിക്കുന്നത് കാർമ്മികനാണ്. ഗായകസംഘനേതാവ് പ്രാർത്ഥന ആരംഭിക്കുന്നതിന് അനുവാദമില്ല.
3. സംഗീതോപകരണങ്ങളുടെ ശബ്ദം പ്രാർത്ഥനയുടെ ശബ്ദത്തിനു മുകളിൽ പോകുവാൻ പാടില്ല.
4. ഗദ്യരൂപത്തിൽ കാർമ്മികൻ പ്രാർത്ഥന നടത്തുമ്പോൾ keyboard വായിക്കുവാൻ പാടില്ല.
5. സംഗീതോപകരണങ്ങൾ വായിക്കുന്നവർ, വി. കുർബാനയുടെയും കൂദാശകളുടെയും പ്രധാന ഭാഗങ്ങളിൽ എഴുന്നേറ്റ് നിന്ന് സംബന്ധിക്കേണ്ടതാണ്. വി. കുർബാനയുടെ സമയത്ത് മദ്ബഹായെ നോക്കിയും, ശുശ്രൂഷകളുടെ സമയത്ത് അതിനഭിമുഖമായും നിന്നുകൊണ്ടുവേണം ഗായകസംഘാംഗങ്ങൾ സംബന്ധിക്കേണ്ടത്.
6. stanza കൾ തമ്മിലുള്ള gap ലും, ഗീതങ്ങൾ ആരംഭിക്കുന്നതിനുമുമ്പും ഹ്രസ്വമായ music മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.
7. സഭയുടെ പരമ്പരാഗത രീതിയനുസരിച്ച് ഓരോ stanza യും, പുരുഷന്മാരും സ്ത്രീകളും മാറിമാറി ചൊല്ലുന്ന പതിവാണുള്ളത്. അതിന് വിരുദ്ധമായ ക്രമീകരണങ്ങൾ പാടുള്ളതല്ല.

**ഉപസംഹാരം**

ആരാധനാസംഗീതം (തിരുക്കർമ്മ സംഗീതം) ആരാധനയുടെ അവിഭാജ്യഘടകവും, ആരാധനാസമൂഹത്തിന്റെ പ്രാർത്ഥനയുടെ ഭാഗവുമാണ്. ആരാധനയുടെ മർമ്മത്തിലേക്ക് വിശ്വാസികളെ സംഗീതം കേന്ദ്രീകരിക്കുന്നുവെന്നതിനാൽ, വിശ്വാസികൾക്ക് പൂർണമായും, ബോധപൂർവ്വമായും, സജീവമായും ആരാധനയിൽ പങ്കുചേരുവാൻ സാധിക്കുന്നു. ദൈവാനുഭവത്തിലേക്ക് വിശ്വാസികളെ നയിക്കുന്നതോടൊപ്പം, വിശ്വാസത്തെ ഉറപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും സംഗീതം ഇടയാക്കുന്നു. അങ്ങനെ തിരുക്കർമ്മസംഗീതം വിശ്വാസസമൂഹത്തിന്റെ ഹൃദയത്തെയും മനസ്സിനെയും ആത്മാവിനെയും ദൈവാഭിമുഖ്യത്തിലേക്കും, ദൈവാനുഭവത്തിലേക്കും കൂട്ടിച്ചേർക്കുന്നു.

# എന്റെ സഭ, എന്റെ അഭിമാനം



**ഫാ. സ്റ്റീഫൻ തടത്തിൽ**
(പത്തനംതിട്ട ഭദ്രാസനം)

“ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്” (1 കോറി. 15:10). വി. പൗലോസ്ശ്ലീഹാ തന്റെ ദൈവാശ്രയത്വബോധം കുറിച്ചിട്ടിരിക്കുന്ന ഏറ്റം ലാവണ്യമുള്ള വചനങ്ങളിലൊന്നാണിത്. “സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല. ഞങ്ങളുടെ യോഗ്യത ദൈവത്തിൽനിന്നാണ്” (2 കോറി. 3:5). ആത്മാർത്ഥമായി ബോധ്യമുള്ള ഏതൊരു വിശ്വാസിക്കും ഹൃദയഭിത്തിയിൽ നാരായംകൊണ്ട് കോറിയിടാവുന്ന വചനമാണിത്. പൂർവ്വകാലങ്ങളിൽ പിതാക്കന്മാരിലൂടെ സംവദിച്ച ദൈവം, പുതിയനിയമത്തിൽ വചനമായി. ഇന്ന് തന്റെ ആത്മാവിലൂടെ ലോകത്ത് ഇടപെടുന്നു. ദൈവാത്മാവിനാൽ ദൈവകൃപ ലോകത്തിലേക്ക് ചൊരിയുന്നതിനായി ദൈവത്താൽ സ്ഥാപിതമായ ഒരേയൊരു സംവിധാനം സഭയാണ്. അങ്ങനെയെങ്കിൽ ദൈവത്തിന്റെ പുരോഹിതനെന്ന നിലയിൽ പൗലോസ് ശ്ലീഹായോടൊപ്പം അഭിമാനത്തോടെ എനിക്കും പറയാൻ കഴിയും, “ഞാൻ എന്തായിരിക്കുന്നുവോ അത് എന്റെ സഭയിലൂടെയാണ്, ദൈവത്താലാണ്”.

ഓരങ്ങളിൽ ശ്രദ്ധിക്കപ്പെടാതെ അവഗണിക്കപ്പെടുന്ന ഓരോ കൽക്കഷണത്തിലും ഓരോ മാലാഖയുണ്ടെന്ന് തിരിച്ചറിയുന്നത് ക്ഷമയും ഭാവനയുമുള്ള ഒരു ശില്പിയാണെന്നത് വിസ്മരിക്കാനാവില്ല. ശിൽപിയുടെ കരങ്ങളിലെത്തുന്നതുവരെ അത് വിലകെട്ട പാറക്കഷണമാണെങ്കിലും മിനുക്കപ്പെടാൻ വിട്ടുകൊടുക്കുന്നതോടുകൂടി ഒരു മാലാഖയിലേക്ക് രൂപാന്തരം പ്രാപിക്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഒരു വൈദികനെന്ന നിലയിൽ തികഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് ഞാൻ ഈ വരികൾ കുറിക്കുന്നത്. ഒരു പുരോഹിതനിലേക്ക് രൂപപ്പെടാൻ ദൈവം ആഗ്രഹിച്ച ഒരുവൻ എന്നിലുണ്ടെന്ന് കണ്ടെത്തിയത്, പരിപോഷിപ്പിച്ചത് എന്റെ സഭയും ഇടവകയും മാതാപിതാക്കളും അദ്ധ്യാപകരുമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങളും സത്യസഭയിലേക്കുള്ള തിരിച്ചുവരവും പ്രതിസന്ധികൾക്കു മീതെ ദൈവം കരം പിടിച്ചു നടത്തിയ അനുഭവങ്ങളുമെല്ലാം ഈ സഭയുടെ ഗർഭപാത്രത്തിൽ രൂപംകൊണ്ട ഒരു മകനെന്ന നിലയിൽ ഏറെ അഭിമാനത്തോടെയാണ് കേട്ടുവളർന്നത്. ഒരു സഭാകൂട്ടായ്മയുടെ വളർച്ചയുടെ നാൾവഴികൾ സഭാമക്കളെ സംബന്ധിച്ച് അവരുടെ വിശ്വാസവഴികളുടെ ചരിത്രം കൂടിയാണ്. അതിനാൽതന്നെ ഇടവകയിലെ വിശ്വാസപരിശീലന ക്ലാസ്സുകളിലും, തുടർന്ന് സെമിനാരിയിലെ നീണ്ട പരിശീലനത്തിലും, തിരിച്ചറിഞ്ഞതും ഉൾക്കൊണ്ടതും ഈ സഭയുടെ തനതായ ആദ്ധ്യാത്മിക ശൈലികളാണ്. അതിമനോഹരമായ ആരാധനാരീതികളും, പരമ്പരാഗതമായ വിശ്വാസ പൈതൃകവും, സമർപ്പണബോധമുള്ള ഇടയശ്രേഷ്ഠരും വൈദികരും സന്യസ്തരും അല്മായരും ചേർന്ന ഈ സഭാതരുവിന്റെ ചില്ലകളിൽ അതിയായ ആമോദത്തോടെയാണ് ഓരോ നിമിഷവും ആയിരിക്കുന്നത്. കേവലം 5 പേരിൽനിന്ന്, തലയുയർത്തി നിൽക്കുന്ന ഒരു സഭാസംവിധാനമായി മലങ്കര സുറിയാനി കത്തോലിക്കാസഭ വളർന്നുവെങ്കിൽ അതിന് ദൈവകൃപയെന്നല്ലാതെ മറ്റൊരു വിശേഷണം അനുയോജ്യമല്ല. ആത്മവിശ്വാസത്തോടെയും അഭിമാനത്തോടെയും ഈ സഭയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്യുമ്പോൾ, മനസ്സ് ആവർത്തിച്ച് ഓർമ്മപ്പെടുത്താറുണ്ട്, സൂര്യശോഭയുള്ള പൂർവ്വികർ ആഴമാർന്ന ദൈവാനുഭവത്തിന്മേൽ തീർത്ത അടിത്തറമേലാണ് ഓരോ മലങ്കരക്കാരനും വിശ്വാസമുറപ്പിച്ചിരിക്കുന്നതെന്ന്.

91-ാം പുനരൈക്യവാർഷികം ആഘോഷിക്കുമ്പോൾ, ഈ ചുരുങ്ങിയ കാലംകൊണ്ട് ഈ കൊച്ചുസഭയെ എത്ര വിശാലമായാണ് ദൈവം അണിയിച്ചൊരുക്കിയിരിക്കുന്നതെന്ന് നന്ദിയോടെ ഓർക്കാം. 1932 ലെ ഹയരാർക്കി സ്ഥാപനം മുതൽ, രൂപതകളായും അതിരൂപതകളായും വളർച്ച പ്രാപിച്ച്, മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി സ്വീകരിച്ച്, സഭാതലവൻ സഭയുടെ രാജകുമാരനായി ഉയർത്തപ്പെട്ട്, അഖിലഭാരത സുവിശേഷ പ്രഘോഷണാവകാശം (All India Jurisdiction) സ്വന്തമാക്കി പ്രവർത്തിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാസഭക്ക് സാധിക്കുന്നുവെങ്കിൽ ഈ സഭ ദൈവത്താൽ നയിക്കപ്പെടുന്നുവെന്നതിൽ നമുക്ക് സംശയമില്ല. ആദ്ധ്യാത്മിക-വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക മേഖലകളിൽ സമഗ്ര വളർച്ച കൈവരിക്കുന്ന നമ്മുടെ സഭയുടെ ശുശ്രൂഷകൾ വിശ്വാസികളെ കൂടുതൽ ശക്തരാക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും ഇടയാകട്ടെ. സീനായ്മലയിൽനിന്ന് യാത്ര പുറപ്പെടുന്ന ഇസ്രായേൽജനത്തിനായ് മോശ പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം. “അങ്ങു ഞങ്ങളോടൊത്ത് യാത്ര ചെയ്യുമെങ്കിൽ, ഞാനും അങ്ങയുടെ ജനവും ഭൂമുഖത്തുള്ള എല്ലാ ജനതകളിൽനിന്ന് വ്യത്യസ്തരായിരിക്കും” (പുറ. 33:16).

# എന്റെ സഭ, എന്റെ അഭിമാനം



**സി. ക്ലെയർ എസ്.ഐ.സി.**
തിരുമൂലപുരം

വലിയ ആനന്ദത്തോടും ആഹ്ലാദത്തോടും കൂടെയാണ് ഓരോ പുനരൈക്യദിനവും ആഘോഷിക്കുന്നത്. അറിഞ്ഞോ, അറിയാതെയോ വളരെ ചെറുപ്പം മുതൽ, മലങ്കരസഭയുടെ പുനരൈക്യവാർഷികവും സംഗമങ്ങളുമെല്ലാം എന്നിൽ വലിയൊരു അഭിമാനബോധം ഉളവാക്കിയിരുന്നു. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ'' എന്ന യേശുവിന്റെ ആഹ്വാനം സ്വീകരിച്ച് മാർതോമാശ്ലീഹാ ഭാരതത്തിലെത്തി കർത്താവിന്റെ സുവിശേഷം അറിയിച്ചതിലൂടെ ഒന്നായിരുന്ന മാർതോമാ ക്രിസ്ത്യാനികളിലെ ഒരു വിഭാഗം പല കാരണങ്ങളാൽ ഭിന്നതകളിലേക്കു കടന്നുപോയെങ്കിലും, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതനിയോഗമായ പുനരൈക്യത്തിലൂടെ കത്തോലിക്കാ കൂട്ടായ്മയുടെ ഐക്യത്തിലേക്ക് ചേർക്കപ്പെട്ടു. ചരിത്രത്തിലെവിടെയോ നടന്ന ഒരു സംഭവം മാത്രമായി അതിനെ വിലയിരുത്തിയാൽ, അതിന്റെ വലിയ ദൈവനിയോഗം വിസ്മരിക്കപ്പെടാൻ കാരണമാവും. ഒരു കാര്യം സുനിശ്ചിതമാണ്, ഈ നിമിത്തങ്ങളിലൂടെയാണ് ഞാൻ ഇന്ന്, ക്രിസ്തു സ്ഥാപിച്ച സഭയുടെ, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗമായിരിക്കുന്നത്. ഈ സഭയിൽ അംഗമായതു മൂലമാണ് കൂദാശകളിലൂടെ അനുദിനം വിശുദ്ധീകരിക്കപ്പെടാൻ എനിക്കു കഴിയുന്നതും, യേശുവിന്റെ തിരുശരീരരക്തങ്ങളുടെ ഭാഗമാവാൻ കഴിയുന്നതും, വി. കുമ്പസാരത്തിലൂടെ പാപമോചനം ഏറ്റുവാങ്ങാനാവുന്നതും. കത്തോലിക്കാസഭയിലൂടെ വിശുദ്ധരുടെ കൂട്ടായ്മയും അവരുടെ മദ്ധ്യസ്ഥം ലഭിക്കുന്നതും, അന്ത്യോക്യൻ ആരാധനക്രമത്തിന്റെ ശ്രേഷ്ഠതയും ആഴവും അനുഭവവേദ്യമാകുന്നതും, മാർ ഈവാനിയോസ് എന്ന മഹാരഥനിലൂടെ ദൈവം നിവർത്തിച്ച പുനരൈക്യമെന്ന വലിയ നിയോഗത്തിന്റെ ഫലമാണ്.

നാൾവഴികളിലെല്ലാം സഭാമാതാവിന്റെ മടിത്തട്ടിൽ സുരക്ഷിതയായിരുന്ന് ആ കൃപകളെല്ലാം ആവോളം ആസ്വദിക്കുവാൻ കഴിഞ്ഞത് വലിയ ഭാഗ്യംതന്നെ. വിശ്വാസപരിശീലനത്തിലൂടെ വിശ്വാസത്തെ ഉറപ്പിക്കാനും, എം.സി.സി.എൽ., എം.സി.വൈ.എം. കൂട്ടായ്മകളിലൂടെ അവയെ പരിപോഷിപ്പിക്കുവാനും സഭ ഒരുക്കിത്തന്ന അവസരങ്ങൾ വിസ്മരിക്കാൻ സാധിക്കില്ല. കഴിവുകളെ കണ്ടെത്തി വളർത്താനും അവയെ ദൈവമഹത്വത്തിനുവേണ്ടി വിനിയോഗിക്കാനും, ബഹു. വൈദികരും സന്യസ്തരും നല്കിയ പ്രചോദനവും വ്യക്തിജീവിതത്തിലെ വിലയേറിയ നിക്ഷേപങ്ങളാണ്.

ഇന്ന് മിശിഹാനുകരണ സന്യാസിനി സമൂഹത്തിലെ അംഗമായി, മലങ്കരസഭയുടെ ഭാഗമായിരിക്കുമ്പോൾ, മാർ ഈവാനിയോസ് പിതാവിന്റെ പാദമുദ്രകൾ പതിഞ്ഞ മണ്ണിൽ പരിശീലനകാലം പൂർത്തിയാക്കുവാനും വ്രതവാഗ്ദാനം നടത്താനും കഴിഞ്ഞത് ദൈവപിതാവിന്റെ വലിയ പദ്ധതിയത്രേ. പറുദീസായ്ക്കു സദൃശ്യമായ, ജീവൗഷധിയെ ഭാഗം ചെയ്തു തരുന്ന പുരോഹിതന്മാരും, സഹദേന്മാരുടെ അസ്ഥികളും, പൂജാപീഠവും മാമോദീസായുമുള്ള മിശിഹായുടെ മണവാട്ടിയായ ഈ സഭയിൽ ജനിക്കുവാനും ജീവിക്കുവാനും ഭാഗ്യമുണ്ടായതിൽ ഞാൻ അഭിമാനിക്കുന്നു. നല്ല ദൈവമേ അങ്ങേയ്ക്കു സ്തുതി.


## അഭിനന്ദനങ്ങൾ



മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നും എം.എ. ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ ഒന്നാം റാങ്ക് നേടിയ **നിത്യ എബ്രഹാം.** മുക്കൂർ മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്.



പ്ലസ് ടു പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ മുഴുവൻ മാർക്കും (1200/1200) നേടിയ **വർഷ മറിയം റെജി** (സെന്റ് തെരേസാസ് ബഥനി കോൺവെന്റ് ഹയർ സെക്കൻഡറി സ്കൂൾ, ചെങ്ങരൂർ). വാലാങ്കര മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്.



# എന്റെ സഭ, എന്റെ അഭിമാനം

**അന്ന സി. ബിജു ചക്രശ്ശേരിൽ**
(അതിഭദ്രാസന സെക്രട്ടറി, എം.സി.സി.എൽ.)

ഞാനൊരു ക്രിസ്ത്യാനിയാണ് എന്ന് പറയുമ്പോൾ തീർച്ചയായും പിന്നാലെ വരുന്ന ചോദ്യം ''ഏതാ സഭ'' എന്നതായിരിക്കും. ക്രിസ്ത്യാനി എന്ന് പറയുന്ന അതേ അഭിമാനത്തിലും പ്രൗഢിയിലുംതന്നെ ഞാൻ പറയും; ഒരു മലങ്കര കത്തോലിക്ക സഭാംഗം ആണെന്ന്. നമ്മുടെ പിതാവ് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണല്ലോ.''പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി അനുഗ്രഹിക്കണമേ'' എന്ന പ്രാർത്ഥന നമ്മൾ ചൊല്ലാറുണ്ട്. യഥാർത്ഥത്തിൽ ആ പ്രാർത്ഥന ചൊല്ലുമ്പോൾ എപ്പോഴും എന്റെ മനസ്സിലേക്ക് വരാറുള്ള ഒരു ചിന്ത – ദൈവത്തിന്റെ പദ്ധതി എത്ര മനോഹരമാണ് എന്നതാണ്. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിൽ ദൈവം നേരിട്ട് ഇടപെട്ട്, പ്രത്യേകമായി ഏൽപിച്ച നിയോഗം, നമ്മളെല്ലാവരേയും മലങ്കര കത്തോലിക്കാസഭ എന്ന സ്നേഹ കൂട്ടായ്മയിൽ ഉൾപ്പെടുത്തുക എന്നതായിരുന്നല്ലോ. സഭയെക്കുറിച്ച് പറയുമ്പോൾ ഉള്ളിന്റെയുള്ളിൽനിന്ന് അഭിമാനവും സന്തോഷവും ഉണ്ടാകാറുണ്ട്. അത് തീർച്ചയായും സണ്ടേസ്കൂളും, എം.സി.സി.എൽ. സംഘടനയും നൽകിയ ആത്മധൈര്യം തന്നെയാണ്. വിദ്യാലയങ്ങളിൽനിന്നും നമ്മൾ ഏറെ പഠിക്കുന്നുണ്ട്, അത് ശരിയാണ്. എന്നാൽ എന്റെ സ്വന്ത അനുഭവത്തിൽനിന്ന് പറയാൻ കഴിയും, സ്കൂളിൽ ആയിരം പേരുള്ള സദസ്സിൽനിന്നും സംസാരിച്ച് കിട്ടുന്ന അനുഭവത്തേക്കാൾ ശക്തമാണ്, എന്റെ പള്ളിയിൽ, എന്റെ സഭയിൽനിന്നും ലഭിക്കുന്ന അനുഭവങ്ങൾ.

മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗും, സണ്ടേസ്കൂളും, എം.ബി.ഒ.സി.യും ഒക്കെത്തന്നെയാണ് നമ്മെ അനുദിനം വളർത്തുന്നത്. വി. കുർബാനയാണ് നമുക്ക് പ്രചോദനം നൽകുന്നത്. അൾത്താരയാണ് നമുക്ക് ആശ്വാസം നൽകുന്നത്. എന്റെ ഊർജ്ജ സ്രോതസ്സ് എന്റെ സഭയാണ്. പള്ളിയോടും സഭയോടും ചേർന്ന് നിന്നുകൊണ്ട് നമ്മൾ ചെയ്യുന്ന ഏതു കാര്യവും ''വേറെ ലെവൽ'' ആകുമെന്ന് എനിക്ക് നിസ്സംശയം പറയുവാൻ കഴിയും. സ്കൂളിൽ ഏത് പരീക്ഷ നടന്നാലും, ഞായറാഴ്ച പള്ളിയിൽ പോയി, സണ്ടേസ്കൂൾ ക്ലാസിലും പങ്കെടുത്ത്, എം.സി.സി.എൽ. മീറ്റിംഗും കൂടി വന്നതിന് ശേഷം പഠനമാരംഭിച്ചാലും, അതൊരു മികച്ച പരീക്ഷ തന്നെയായിരിക്കും. ഇത്ര മനോഹരമായ നമ്മുടെ വിശുദ്ധ കുർബാന മാത്രം മതിയല്ലോ നമ്മുടെ സഭയെ ഓർത്ത് സന്തോഷിക്കാൻ, ദൈവത്തിന് നന്ദി പറയാൻ. ഇന്ന് എം.സി.സി.എൽ. അംഗമായതിനാലും, അതിഭദ്രാസനത്തിന്റെ ഒരു ഭാരവാഹിയായതിനാലുമാണ് ഈ ലേഖനം എഴുതുവാൻപോലും എനിക്ക് സാധിക്കുന്നത്. എന്നും എപ്പോഴും മലങ്കര കത്തോലിക്കാസഭാംഗമായതിൽ ഞാൻ അഭിമാനിക്കുന്നു. സഭയുടെ ചരിത്രവും, ആരാധനക്രമവുമെല്ലാം നമുക്ക് സ്വന്തമായത് ഈ സഭാംഗമായതിനാലാണ്. ദൈവത്തിന്റെ പ്രത്യേക കരുണയിൽ ആരംഭിച്ച ഈ സഭാകൂട്ടായ്മയിൽ എന്നെയും അംഗമാക്കിയതിന് യേശുവിന് നന്ദി പറയുന്നു. യേശുവിന്റെ ഫേവറിറ്റ് ലിസ്റ്റിൽ എന്നും നമ്മുടെ പേരുണ്ടാവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

**MATRIMONIAL (M - 316)**

മത്തായി മാത്തൻ, വയസ് 31 (Christian Malankara Catholic), അമേരിക്കയിൽ മിഷിഗണിൽ US Postal service ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ക്രിസ്ത്യൻ വിവാഹാലോചനകൾ ക്ഷണിക്കുന്നു (B.Sc നഴ്സിംഗ് മുൻഗണന). **Contact Details: Mathen Edicheria, 001-2484031268 (whatsapp), +919188629229 (Whatsapp only)**

**MATRIMONIAL (M - 317)**

തിരുവല്ല അതിഭദ്രാസനത്തിലെ മലങ്കര കത്തോലിക്കാ യുവാവ്, 29 വയസ്സ്, 170 c.m. നീളം, ഇരുനിറം, B.Com Computer, U.A.E. ൽ L.C.C. കമ്പനിയിൽ ജോലി ചെയ്യുന്നു. ഡിഗ്രിയോ ജോലിയോ ഉള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. വധുവിനെ വിദേശത്തേക്കു കൊണ്ടുപോകും. **Contact : 8943995424, 9847105424**

www.malankaralibrary.com



# എന്റെ സഭ, എന്റെ അഭിമാനം

**ജിനു തോമ്പുംകുഴി**
(എം.സി.എ അതിഭദ്രാസന പ്രസിഡന്റ്)

മലങ്കര കത്തോലിക്കാസഭയിലെ ഒരു അംഗം ആയതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്റെ ചെറുപ്പകാലത്ത് സൺഡേസ്കൂൾ പഠനം, ജീസസ്സ് ക്യാമ്പ് എന്നിവ വഴി എന്റെ സഭയെക്കുറിച്ച് പഠിക്കുവാൻ എനിക്ക് സാധിച്ചു. അത് എന്റെ വ്യക്തിത്വ രൂപീകരണത്തിന് ഇടയാക്കി തീർത്തു. എന്റെ ചെറുപ്പകാലഘട്ടത്തിൽ സഭയോട് ചേർന്നുനിന്ന് പ്രവർത്തിച്ചതുകൊണ്ട് സഭയുടെ വിശ്വാസ സത്യങ്ങൾക്കും പാരമ്പര്യങ്ങൾക്കുംവേണ്ടി നിലകൊള്ളുവാനും സഭാകാര്യങ്ങളിൽ തീഷ്ണമായി പങ്കുചേരുവാനും എനിക്ക് സാധിച്ചു. മതബോധന ക്ലാസ്സിലൂടെയും, ബാലവേദി (എം.സി.സി.എൽ), എം.സി.വൈ.എം. എന്നീ സംഘടനയിൽ പ്രവർത്തിച്ച് അതിന്റെ ഭാരവാഹിത്വത്തിലേക്ക് വരുവാനും എനിക്ക് സാധിച്ചു. ഈ കാലഘട്ടത്തിൽ ജീസസ്സ് ക്യാമ്പിന്റെ നേതൃത്വ നിരയിലേക്ക് എന്റെ സഭ എന്നെ അടുപ്പിച്ച് നിർത്തിയതിന്റെ ഫലമായി സഭയെക്കുറിച്ച് ആഴമായി പഠിക്കുവാനും തലമുറകൾക്ക് പങ്കുവയ്ക്കുവാനും സാധിച്ചതിൽ സന്തോഷിക്കുന്നു. ദൈവത്തിന്റെ സ്നേഹവും കരുണയും ശക്തമായി അനുഭവിക്കുന്ന സഭയാണ് മലങ്കര കത്തോലിക്കാസഭ. അന്ത്യോക്യൻ പാരമ്പര്യം മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അമൂല്യ സമ്പത്താണ്.'ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ പ്രശ്നങ്ങൾ നേരിടുമ്പോൾ ജനങ്ങളെ കരുതുന്നതാണ്, മറ്റുള്ള സഭയിൽനിന്ന് നമ്മുടെ സഭയെ വേറിട്ടതാക്കുന്നത്.

മുണ്ടൻമലയിൽ തിരി കൊളുത്തിയ മാർ ഈവാനിയോസ് പിതാവിന്റെ തീഷ്ണമായ വിശ്വാസ ചൈതന്യവും, പിൻഗാമികളായ പിതാക്കൻമാർ നമുക്ക് കാണിച്ചുതന്നിട്ടുള്ള വലിയ ദർശനങ്ങളും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ശക്തമായ പ്രേക്ഷിത പ്രവർത്തനത്തിന് ആക്കം കൂട്ടി. മഹാരഥൻമാരായ അനവധി പിതാക്കൻമാരുടെ പൈതൃകത്തിന്റെ ഭാഗമായി ഈ സഭ മുൻപോട്ടു പോകുമ്പോൾ അതിന്റെ ശ്രേണിയുടെ ഭാഗമായി ഒരു മലങ്കര സുറിയാനി കത്തോലിക്കൻ എന്ന നിലയിൽ ഞാനും നിലകൊള്ളുന്നു എന്നതിൽ അതീവ സംതൃപ്തനാണ്. മനോഹരവും മഹത്തരവുമായ ഈ സഭ, മലയിൽ കൊളുത്തിയ കെടാവിളക്കാണ്. ആ വിളക്ക് കെടാതെ സൂക്ഷിക്കുന്ന സഭാപിതാക്കന്മാരും, വൈദികരും, സന്യസ്തരും, അനേകം അൽമായ സഹോദരങ്ങളും നമുക്ക് ഉണ്ട്. അതിന്റെ പിൻതലമുറക്കാരൻ ആയതിൽ ഞാനും കൃതാർത്ഥനാണ്. ഇത് എന്റെ ഹൃദയമാണ്, ഇത് എന്റെ രക്തമാണ്, ഇത് എന്റെ വികാരമാണ്, അതിലുപരി ഇത് എന്റെ ജീവനാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ അതിവേഗം വളരുന്ന സഭാസമൂഹമായി മലങ്കര കത്തോലിക്കാസഭയെ വിശേഷിപ്പിച്ചു. എന്റെ ജീവിതം പരിശോധിക്കുമ്പോൾ ഞാൻ എത്തി നിൽക്കുന്ന പൊതുപ്രവർത്തനരംഗം വരെ എന്നെ നയിച്ചത് സഭയുടെ വലിയ പൈതൃകം ആണ്. മലങ്കര കത്തോലിക്കാ സഭാമക്കളെ പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളെ സഭാപാരമ്പര്യത്തിലും ചൈതന്യത്തിലും വളർത്തിയെടുക്കാൻ സഭ പ്രത്യേകം ശ്രദ്ധിക്കുന്നു. അതിനാൽ ഇന്നത്തെ തലമുറ വഴിതെറ്റി പോകാതെ സഭയോട് ചേർന്ന് നിൽക്കുന്ന യുവജനസമൂഹമായി മാറണം.

ഹൈരാർക്കി സ്ഥാപനത്തിന്റെ നവതി ആഘോഷിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് കൈവന്നിരിക്കുന്ന നന്മകൾ പാരമ്പര്യമായി കാത്തുസൂക്ഷിക്കുകയും, അത് പിൻതലമുറക്കാരിലൂടെ ലോകമെമ്പാടുമുള്ള കത്തോലിക്കാ വിശ്വാസികളിലേക്ക് കൈമാറുവാനും സാധിക്കണം. എന്റെ ജീവനായ സഭ,എന്നും ഒരു സ്വകാര്യ അഹങ്കാരമായി എന്റെ ഉള്ളിൽ നിറഞ്ഞ് നിൽക്കും.

## വീണ്ടും റാങ്കുകളുടെ തിളക്കത്തിൽ മാക്ഫാസ്റ്റ്







എം.ജി. സർവകലാശാല എം.സി.എ. പരീക്ഷയിൽ മാക്ഫാസ്റ്റ് കോളേജിലെ വിദ്യാർത്ഥികളായ **രഞ്ജിത പി.ആർ., അബി എ. സ്വാതി സജീവ്** എന്നിവർ ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ കരസ്ഥമാക്കി.



# എന്റെ സഭ, എന്റെ അഭിമാനം

**മറിയം റ്റി. തോമസ്**
(എം.സി.വൈ.എം. സെക്രട്ടറി, റാന്നി മേഖല/
അയിരൂർ ഗ്രാമപഞ്ചായത്ത് 5-ാം വാർഡ് മെമ്പർ)

ദീർഘദർശിയും വഴികാട്ടിയുമായിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ തീക്ഷ്ണമായ പരിശ്രമഫലമായി 1930 സെപ്റ്റംബർ 20 ന് ആഗോള കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ പ്രവേശിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭ ഇന്ന് നവതിയുടെ നിറവിലാണ്. ആരംഭത്തിൽ രണ്ടു രൂപതകൾ മാത്രമായിരുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ ഇന്ന് 12 രൂപതകളിൽ 1196 ഇടവകകളും/മിഷൻ കേന്ദ്രങ്ങളും/4,65,759 വിശ്വാസികളും ഉള്ള കൂട്ടായ്മയായി വളർന്നു. വിദ്യാഭ്യാസ, ആതുര സേവന ശുശ്രൂഷാമേഖലയിൽ ഇക്കാലയളവിൽ സഭ കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾ എണ്ണമറ്റവയാണ്. കരുണയുടെ മുഖമുള്ള നമ്മുടെ സഭ രോഗികൾക്കും അശരണരായവർക്കും എന്നുമൊരു കൈത്താങ്ങായി നിലകൊണ്ടിട്ടുണ്ട്. പുനരൈക്യപ്രസ്ഥാനത്തിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആദ്ധ്യാത്മികതയിലും പാരമ്പര്യത്തിലും ഞാനേറെ അഭിമാനം കൊള്ളുന്നു.

ഏതൊരു വ്യക്തിയുടെ ജീവിതത്തിലും ആത്മീകവും ഭൗതികവുമായ വളർച്ച ആവശ്യമാണ്. ക്രൈസ്തവ ജീവിതത്തിൽ ഭൗതിക വളർച്ചയേക്കാൾ ആത്മീയ വളർച്ചയാണ് അത്യാവശ്യം. എന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് സഭ നിസ്തുലമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ഭൗതിക വളർച്ചയ്ക്ക് ആവശ്യമായ സ്കൂൾ വിദ്യാഭ്യാസത്തേക്കാളും, ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന സണ്ടേസ്കൂൾ പഠനത്തിനാണ് കൂടുതൽ പ്രാധാന്യം നാം നൽകേണ്ടത്.

എന്റെ ജീവിതത്തിൽ ഇന്നുവരെ ലഭിച്ചിട്ടുള്ള നേട്ടങ്ങൾക്ക് മാതാപിതാക്കൾക്കൊപ്പം ആത്മീയമായി എന്നെ വളർത്തിയ ബഹുമാനപ്പെട്ട വൈദികർക്കും സന്യാസിനികൾക്കും സണ്ടേസ്കൂൾ അദ്ധ്യാപകർക്കുമുള്ള പങ്ക് വളരെ വലുതാണ്. പൊതുപ്രവർത്തന മേഖലയിലേക്ക് കടന്നു വന്നപ്പോൾ ഏറ്റവും കൂടുതൽ പ്രചോദനമായത് എന്റെ സഭയും ഇടവക ദൈവാലയവുമാണ്. സഭയുടെ ഭക്തസംഘടനകളായ എം,സി.സി.എൽ., എം.സി.വൈ.എം. എന്നിവയിൽ പ്രവർത്തിച്ചിട്ടുള്ള അനുഭവസമ്പത്ത് ഒരു ജനപ്രതിനിധി എന്ന നിലയിൽ വളരെ അനുഗ്രഹമായി മാറിയിട്ടുണ്ട്. വിവിധ മതസ്ഥരുടെ ഇടയിൽ പ്രവർത്തിക്കേണ്ടി വരുമ്പോൾ സഭയുടെ വക്താവായി മാറുവാൻ ഞാൻ ശ്രമിക്കാറുണ്ട്. എന്റെ എളിയ പ്രവർത്തനങ്ങളിലൂടെ (പൊതുപ്രവർത്തനം/സംഘടനാപ്രവർത്തനം) സഭയെ വളർത്തുവാൻ ഞാൻ പരിശ്രമിക്കാറുണ്ട്. അത് ആത്മാഭിമാനവും ഒത്തിരിയേറെ സന്തോഷവും നൽകുന്നതുമാണ്.

സഭയുടെ മുഖമായി മാറേണ്ടത് ഈ കാലഘട്ടത്തിന് അനിവാര്യമാണ്. നാം ഓരോരുത്തരും അതിനായി പരിശ്രമിക്കേണ്ടതുമുണ്ട്. ''അതിവേഗം വളരുന്ന സഭ'' എന്ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ച നാമോരോരുത്തരിലുംകൂടെ ആയിരിക്കണം. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ പ്രതിസന്ധികളിലും വെല്ലുവിളികളിലും തളരാതെ അവയെ അതിജീവിച്ച് സഭയോട് ചേർന്ന് നിൽക്കാം. സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം എല്ലാവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## അഭിനന്ദനങ്ങൾ



എൻ.സി.സി. കോട്ടയം ഗ്രൂപ്പിലെ മികച്ച അസോസിയേറ്റ് എൻ.സി.സി. ഓഫീസറായി തിരഞ്ഞെടുക്കപ്പെട്ട **മെൻസി വർഗീസ്.** തിരുമൂലപുരം സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയും താനുവേലിൽ സജി ഏബ്രഹാമിന്റെ ഭാര്യയും തിരുമൂലപുരം ഇടവകാംഗവുമാണ്.

**20-ാം ചരമവാർഷികം**



**P.M. മാത്യു പുനക്കുളത്ത്**
**പായിപ്പാട്**
**09.09.2021**

www.malankaralibrary.com



# മദർ തെരേസ ദൈവസ്നേഹത്തിന്റെ സന്ദേശവാഹക

**സിസ്റ്റർ മരിയ ഫ്രീഡ**
(Discalced Carmelites St. Joseph's Convent (മിണ്ടാമഠം), Thiruvalla)

ദൈവം സ്നേഹമാകുന്നു, ആകയാൽ സ്നേഹം ദൈവം തന്നെയാണ്. ദൈവസ്നേഹം ഒരു സന്ദേശമായി, ജീവിത യാഥാർത്ഥ്യമായി സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലെത്തിച്ച നലംതികഞ്ഞ സന്ദേശ വാഹകനായിരുന്നു ക്രിസ്തു. ക്രിസ്തുവിന്റെ സന്ദേശം മാംസരൂപമണിഞ്ഞു – ക്രിസ്തു തന്നെയായിരുന്നു ആ സന്ദേശം; ക്രിസ്തു തന്നെയായിരുന്നു സ്നേഹം. ആ മാതൃക ഉൾക്കൊണ്ടുകൊണ്ട് സന്ദേശത്തെ ജീവിതമാക്കി പകർത്തിയവരാണ് വിശുദ്ധർ. വാക്കും ചിന്തയും പ്രവർത്തിയും ജീവിതവും സമഞ്ജസമായി സമ്മേളിച്ചിരുന്ന ഒരു സന്ദേശ വാഹകയായിരുന്നു കൽക്കത്തയിലെ പാവങ്ങളുടെ അമ്മ. മദർ തെരേസയ്ക്ക് ഇതിനപ്പുറമൊരു വിശേഷണത്തിന്റെ ആവശ്യമില്ല. രോഗികളുടെയും ദരിദ്രരുടെയും കണ്ണീരൊപ്പാൻ ജീവിതം ഉഴിഞ്ഞുവച്ച മഹതി. ഇന്നത്തെ മാസിഡോണിയയുടെ തലസ്ഥാനമായ സ്കോപ്ജെയിനിൽ 1910 ഓഗസ്റ്റ് 26-ാം തീയതി നിക്കോളാസ്-ധ്രാണ ദമ്പതികളുടെ മൂന്നു മക്കളിൽ ഇളയവളായി തെരേസ ജനിച്ചു. ആഗ്നസ് എന്നായിരുന്നു തെരേസയുടെ യഥാർത്ഥ നാമം. ക്രിസ്തീയ വിശ്വാസങ്ങൾക്കനുസരിച്ച് വളർത്തപ്പെട്ട ആഗ്നസ്, നന്നേ ചെറുപ്രായത്തിൽതന്നെ ഈശോയുമായുള്ള സ്നേഹസല്ലാപത്തിന് ധാരാളം സമയം ചിലവഴിക്കുമായിരുന്നു. സഹായമഭ്യർത്ഥിച്ചു വരുന്ന ആരെയും വെറുംകൈയ്യോടെ തിരിച്ചയയ്ക്കാൻ ആഗ്നസിന് കഴിയില്ലായിരുന്നു.



ബാല്യകാലത്ത് മിഷനറിമാരുടെയും മറ്റും സേവനങ്ങളെക്കുറിച്ചുള്ള കഥകൾ കേൾക്കാൻ ആഗ്നസിന് അതീവ താൽപര്യമുണ്ടായിരുന്നു. 1925 ൽ ഇന്ത്യയിലെ ദാരിദ്ര്യവും ജാതി വ്യവസ്ഥയുമൊക്കെ കേട്ടറിഞ്ഞ ആഗ്നസിന് ഇന്ത്യയിൽ മിഷനറി പ്രവർത്തനങ്ങൾ നടത്തണമെന്നും മിഷനറിയായി ജീവിക്കണമെന്നുമുള്ള വലിയ ആഗ്രഹം ആ കുഞ്ഞു മനസ്സിൽ മുളപൊട്ടി. അങ്ങനെ തന്റെ 18-ാം വയസ്സിൽ ആഗ്നസ് സിസ്റ്റേഴ്സ് ഓഫ് ലൊറേറ്റൊ എന്ന സന്യാസ സഭയിൽ ചേർന്നു. ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾക്കിടയിൽ അവർക്കുവേണ്ടി പ്രവർത്തിക്കാനുള്ള ആഗ്രഹം ആഗ്നസ് മനസ്സിൽനിന്നും ഉപേക്ഷിച്ചിരുന്നില്ല. അഗ്നസിന്റെ സ്വപ്നമായിരുന്നു ഇന്ത്യയിലേക്ക് പോകുകയെന്നത്. 1929 ൽ ആഗ്നസ് ഇന്ത്യയിലെത്തി. ജന്മംകൊണ്ട് അൽബേനിയനും, പൗരത്വംകൊണ്ട് ഇന്ത്യക്കാരിയും, ജീവിതംകൊണ്ട് കത്തോലിക്ക സന്യാസിനിയുമാണ് താനെന്ന് ആഗ്നസ് എപ്പോഴും പറയുമായിരുന്നു. 1931 മെയ് 24 ന് ആഗ്നസ് സഭാവസ്ത്രം സ്വീകരിച്ചു. മിഷനറിമാരുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ നാമമാണ് ആഗ്നസ് സന്യാസിനി നാമമായി സ്വീകരിച്ചത്. അധികം താമസിയാതെ കൽക്കത്തയിലെ സെന്റ് മേരീസ് കോൺവെന്റിലെ സ്കൂളിൽ അദ്ധ്യാപികയായി തെരേസ ചുമതലയേറ്റു. തെരുവിലെ പാവപ്പെട്ട കുഞ്ഞുങ്ങളിലാണ് തെരേസയുടെ ശ്രദ്ധ ആദ്യം ചെന്നു പതിഞ്ഞത്. അവരെ സാക്ഷരരും സ്വാശ്രയരും ആക്കിതീർക്കാൻ തെരേസ അതിയായി യത്നിച്ചു. അങ്ങനെ 1946 സെപ്റ്റംബർ 10 ന് ദരിദ്രരിൽ ദരിദ്രരെ സേവിക്കാനുള്ള വിളി അവൾക്ക് ലഭിച്ചു. ഇതിനെ മദർ തെരേസ വിളിക്കുന്നത് 'call within the call'' (വിളിയിലെ ഉൾവിളി) എന്നാണ്. അതിന്റെ ഭാഗമായി 1948 ൽ ലൊറേറ്റൊസഭ വിട്ട് പാവങ്ങളെ സേവിക്കാനുള്ള അനുമതി തേടി. അങ്ങനെ 1948 ൽ

www.malankaralibrary.com

കൽക്കത്തയിൽ പ്രഥമ ചേരി സ്കൂൾ സ്ഥാപിച്ചു. ദുരിതമനുഭവിക്കുന്ന മനുഷ്യർക്കുവേണ്ടി മറ്റു പല സ്ഥാപനങ്ങളും ആ മഹതിയുടെ നേതൃത്വത്തിൽ തുടങ്ങി. ഭവനരഹിതരെയും കുട്ടികളെയും കുറ്റവാളികളെയും പരിരക്ഷിക്കുന്ന അനേകം സ്ഥാപനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവസ്നേഹത്തിന്റെ ഈ സന്ദേശവാഹക സ്ഥാപിച്ചു. താൻ സംരക്ഷിക്കുന്നവർക്ക് ഭക്ഷണം നൽകാൻ മറ്റുള്ളവർക്കു മുമ്പിൽ യാചിക്കാൻപോലും മദർ തെരേസ മടിച്ചിരുന്നില്ല. 1959 ൽ മിഷനറി ഓഫ് ചാരിറ്റിയുടെ പ്രവർത്തനങ്ങൾ കൽക്കത്തയ്ക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചു. ഇപ്പോൾ 133 രാജ്യങ്ങളിലായി ഏതാണ്ട് 4500 ഓളം സന്യാസിനിമാർ ഉണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് മദറിന് ഒരുപാട് അംഗീകാരങ്ങൾ തേടി വന്നു. 1979 ൽ നോബൽ സമ്മാനം ലഭിച്ചു. ലോകത്തിന് സമാധാന ഭീഷണിയാകുന്ന ദാരിദ്ര്യവും കഷ്ടപ്പാടും തുടച്ചു നീക്കാനുള്ള ശ്രമങ്ങളിൽ മദർ തെരേസ വഹിച്ച പങ്കിനെ മുൻനിർത്തിയാണ് ഈ നോബൽ സമ്മാനമെന്ന് അധികൃതർ പറഞ്ഞു. ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ധാരാളം ബഹുമതികൾക്ക് മദർ അർഹയായിട്ടുണ്ട്. 1997 സെപ്റ്റംബർ 5 ന് തന്റെ 87 -ാമത്തെ വയസ്സിൽ കൽക്കത്തയിൽവച്ച് മദർ മരണമടഞ്ഞു. 2003 ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ കൽക്കത്തയിലെ വാഴ്ത്തപ്പെട്ട തെരേസ എന്ന് പ്രഖ്യാപിച്ചു. തുടർന്ന് 2016 സെപ്റ്റംബർ 4 ന് ഫ്രാൻസിസ് മാർപാപ്പ, മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

''നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ'' (ലൂക്ക 6:36). കർത്താവ് നമ്മോടു പറഞ്ഞ ഈ വചനം നമ്മുടെ ജീവിതത്തിൽ എത്രമാത്രം നമുക്ക് പാലിക്കാൻ സാധിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ വലുപ്പം നാം മനസ്സിലാക്കുമ്പോഴാണ് രക്ഷ നമുക്കു സ്വന്തമാകുന്നത്. വിശുദ്ധരെല്ലാം അവരുടെ ജീവിതംവഴി അനേകരെ ദൈവത്തിലേക്ക് നയിച്ചു. ഇന്നും നയിച്ചുക്കൊണ്ടിരിക്കുന്നു. സ്വന്തം സുഖങ്ങളെല്ലാം ത്യജിച്ച് കൽക്കത്തയിൽ വന്ന് ദാരിദ്ര്യത്തിൽ ജീവിച്ച് അനേകർക്ക് ക്രിസ്തുവിനെ പകർന്നുകൊടുത്ത വി. മദർ തെരേസ മുകളിൽ പറഞ്ഞ തിരുവചനം ജീവിതത്തിൽ അനുവർത്തിച്ചു. ഈ വിശുദ്ധയോട് നമുക്കും മദ്ധ്യസ്ഥ്യം യാചിക്കാം. ഈശോയുടേതുപോലെ അനുകമ്പയുള്ള ഹൃദയം നമുക്കും ലഭിക്കട്ടെ.

ആധുനിക സമൂഹത്തിൽ ആത്മീയമായി വളർച്ച പ്രാപിച്ച വളരെയധികം ആളുകൾ വേദനിക്കുന്നവർക്കുവേണ്ടി ജീവിതം മാറ്റിവച്ചിരിക്കുന്നത് നാം കാണുന്നുണ്ട്. അവരെയൊക്കെ നാം സഹായിക്കുമ്പോൾ കർത്താവിനെയാണ് നാം ശുശ്രൂഷിക്കുന്നത്. ''ഈ ചെറിയവരിൽ ഒരുവന് നീ ഇത് ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്'' (മത്തായി. 25:40) എന്ന തിരുവചനം അപ്പോൾ നമ്മിൽ നിറവേറും. കർത്താവിന്റെ കൽപനകൾ പാലിക്കുന്നതിൽ നമുക്ക് തീക്ഷ്ണതയുള്ളവരാകാം. അവിടുത്തെ പുത്രനായ യേശുവിന്റെ നാമത്തിൽ നാം വിശ്വസിക്കുകയും അവൻ നമ്മോടു കൽപിച്ചതുപോലെ നാം പരസ്പരം സ്നേഹിക്കുകയും ചെയ്യണം (1 യോഹ. 3:23). പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുണ്ടാകരുത്. എന്തെന്നാൽ അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചു കഴിഞ്ഞു (റോമ 12:8). തന്റെ പരസ്യജീവിതകാലത്ത് രോഗികളെയും പാപികളെയും ഈശോ കാണുമ്പോൾ ഈശോയുടെ കണ്ണിൽനിന്ന് കരുണയും സ്നേഹവും ഒഴുകുന്നത് നാം കാണുന്നുണ്ട്. ആയതിനാൽ ഈശോ നോക്കിയതുപോലെ നോക്കുവാനും, ഈശോ കേട്ടതുപോലെ കേൾക്കുവാനും, ഈശോ പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കാനുമുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. നിങ്ങൾ എന്റെ നാമത്തിൽ ഒരു പാത്രം വെള്ളം കൊടുത്താൽ പ്രതിഫലം വാഗ്ദാനം ചെയ്ത ഈശോ, നമ്മെയും നമ്മുടെ സമൂഹത്തെയും കുടുംബത്തെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കരുണയും സ്നേഹവും എന്നും നമ്മെ പൊതിയട്ടെ.



ചട്ടമ്പിസ്വാമിയുടെ 168-ാമത് ജയന്തിയോടനുബന്ധിച്ച് ചട്ടമ്പിസ്വാമി സാംസ്കാരിക സമിതി നൽകുന്ന പുരസ്കാരം **മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ**യ്ക്ക് ലഭിച്ചു. അഭിനന്ദനങ്ങൾ.

www.malankaralibrary.com

# അതിഭദ്രാസന നവതിസ്മാരക ഭവനങ്ങളുടെ കൂദാശയും താക്കോൽദാനവും







തിരുവല്ല അതിഭദ്രാസന സ്ഥാപനത്തിന്റെ നവതിയോടനുബന്ധിച്ച് നിർമ്മിച്ച 10 ഭവനങ്ങളുടെ കൂദാശ ഓഗസ്റ്റ് 20-ാം തീയതി അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ഇതോടനുബന്ധിച്ച് 5 വീടുകളുടെ ശിലാസ്ഥാപനവും നടത്തി. അഡ്വ. മാത്യു ടി. തോമസ് ഉദ്ഘാടനവും, ഡോ. തെയഡോഷ്യസ് മാർത്തോമാ മെത്രാപ്പോലിത്ത താക്കോൽദാനവും നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സൗമ്യ ജോബി, മേഖലാവികാരി ഫാ. അലക്സ് കണ്ണമല, നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ഫാ. സന്തോഷ് അഴകത്ത്, കെ.കെ. നാരായണൻ, സജി മാത്യു, ഹണി വരിക്കപ്ലാമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. അതിഭദ്രാസനത്തിന്റെ 'ഭവനരഹിതർക്ക് ഭവനം' എന്ന പദ്ധതിയുടെ ഭാഗമായാണ് പുതിയ ഭവനങ്ങൾ നിർമ്മിച്ചത്. അതിനാവശ്യമായ 108 സെന്റ് സ്ഥലം, പുറമറ്റം കുന്തറയിൽ ഗീവർഗീസ്-സാറാമ്മ ദമ്പതികളുടെ സ്മരണാർത്ഥം അവരുടെ മക്കൾ സൗജന്യമായി നല്കി.



തിരുവല്ല അതിഭദ്രാസനത്തിന്റെ നവതിയുടെ ഭാഗമായി, അതിഭദ്രാസന സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 'നവതി സായൂജ്യം' ആദരവിന്റെ അതിഭദ്രാസനതല ഉദ്ഘാടനം ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ മാരാമൺ ലിറ്റിൽ ഫ്ളവർ ഇടവകയിലെ ശ്രീമതി തങ്കമ്മ അപ്രേം റാഹൂർ-ന് മംഗളാശംസാപത്രം നൽകി നിർവ്വഹിക്കുന്നു.

www.malankaralibrary.com

# *In Ever-living Memory of our Beloved Ammamma*

*"Mary has chosen the better part,
which will not be taken away from her" (Luke 10:42).*



# Ms. Mariamma Karimpil

## Karimpil House, Ranny

## Birth Centenary : 17th September 2021

- *A faithful servant of the Lord...*
- *A true devotee of the Blessed Virgin Mary...*
- *A passionate Malankara Catholic...*
- *An eminently wise teacher...*
- *A grace-filled and holy person...*
- *A loving mother to many...*
- *Our source of inspiration...*

*We pay homage to you on your Birth Centenary...*

**Inserted by:**
**Mr. K.M. Philip (brother), Karimpil House, Angadi P.O., Ranny**

www.malankaralibrary.com

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

Date of Publication : 01.08.2021
Price : ₹10/-

R.N.I. 35982/80
September-October 2021




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala
and Printed at Mangalam Web Media, Kottayam, Kerala, Chief Editor : Rev. Dr. Isaac Parappallil